MALAYALANADU WEEKLY, QUILON, JULY 29, 1973
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

അങ്ങിനെ വസന്തവും വന്നുചേർന്നു (രാമിയുടെ കാളങ്ങളിൽ) —ജി 28
ഉള്ളി
—പാലയിൽ ഗോപാലപിള്ള 68
കവിത
തടാകം —കെ. വി. ഉഷ 17
ദുഃഖം എന്ന തോഴി
—പൂവച്ചൽ ഖാദർ 63
കഥ
ഗായത്രി മഹിഷോത്രയുടെ ദിവസം
—നന്ദിനി 20
അന്യർ —എ. ഡി. രാജൻ 24
രൌദ്രപ്രേമം —റസീന 36
കഷായം —സുകുമാർ 48
നോവൽ
അടിയറവ് —കാക്കനാടൻ 14
പ്രിയേ, മാപ്പുതരൂ
—സാറാതോമസ് 33
കയറ് —തകഴി 38
പംക്തികൾ
വായനക്കാരുടെ കണ്ണുകൾ 8
സാഹിത്യവാരഫലം
—എം കൃഷ്ണൻനായർ 18
ഐതിഹ്യലോകം —മാലി 42
ഗ്രന്ഥനിരൂപണം
—എം. ഷണ്മുഖദാസ് 52
സിനിമ —മംഗലശ്ശേരി 64
തലയില്ലാത്ത മനുഷ്യൻ
—സോമനാഥൻ 72
മുഖചിത്രം: ഫോട്ടോ:
—ആർ. രാജൻ

താളുകൾ മറിക്കുമ്പോൾ

ലേഖനം
സായിബാബ ഒരു തട്ടിപ്പുകാരൻ
—പ്രൊ: എ. ടി. കോവൂർ 4
സാഹിത്യനിരൂപണം എങ്ങിനെ?
—കെ. ചുനാരായണൻ 10
കാൻസറിന്റെ മുന്നോടി
—ഡോ: കെ.
ചന്ദ്രശേഖരൻനായർ B. D. S. 22

വായനക്കാരുടെ കത്തുകൾ

ഇളയതിനോടൊന്നു ചോദിക്കട്ടെ

ഇതു ശാസ്ത്രയുഗമാണ്, അജ്ഞതയ്ക്കും, അന്ധകാരത്തിനുമെതിരെ ശാസ്ത്രജ്ഞന്മാർ പടവെട്ടുന്ന പുതുയുഗം. ഇവിടെ ചാസ്സിയും, ഭംഗിയും ആത്മനിവൃതി തേടി ഹിമാലയസാനുക്കളിൽ അലഞ്ഞുതിരിയുന്ന കാഷായകപടവേഷധാരികൾക്ക് സ്ഥാനമില്ല. അവർ ഇന്നല്ലെങ്കിൽ നാളെ തങ്ങളുടെ പൊയ്മുഖങ്ങൾ അഴിച്ചു മാറേണ്ടവരും. അല്ലെങ്കിൽ ശാസ്ത്രം അവർക്ക് തിരിച്ചടിനല്കും." മൗതികശക്തിയെ നിഷേധിക്കുന്നതു ശരിയാണോ "എന്നുചോദിക്കുന്ന ശ്രീ. കെ. കെ. വാസുദേവൻ ഇളയതിനോടൊന്നു മറുചോദ്യം:-വിശപ്പടക്കുവാനായി കവലകൾ തോറും അത്ഭുതപ്പെടുത്തുന്ന മാജിക് അഭ്യാസങ്ങൾ നടത്തുന്ന "മജീഷ്യ"ന്മാരും തുല്യനായ ഒരു സിദ്ധക്കളോഹയാതിക്കുവേണ്ടി യുക്തിവാദത്തേയും, അതിന്റെ ആചാര്യനായി കാലം അംഗീകരിച്ചുപോരുന്ന ശ്രീലങ്കയിൽ കഴിയുന്ന നിരപരാധിയായ ഡോ: കോവൂരിനേയും വെടിവിഴ്ത്താനായുള്ള നിങ്ങളുടെ ശ്രമം വലിയൊരു തെററല്ലേ?

—കോതേത്തു രവി

കാണിക്കപ്പാത്രത്തിനു വേണ്ടി

ശ്രീ. ടി. കെ. സുഗതന്റെ ലേഖനം വായിച്ചപ്പോൾ ചിരിക്കാൻതോന്നി. ബാബയുടെ സിദ്ധികളെ ബലപ്പെടുത്താൻ വേണ്ടി അദ്ദേഹം കാട്ടിയ നുണകൾക്കു പിന്നിൽ ഒരുദ്ദേശമുണ്ട്. ബോംബെ [illegible] ബാബ കിണ്ടത്തു് ഒരു "പട്ടർ" ഇ[illegible] [illegible] സ്വ[illegible] [illegible] ബാബയുടെ സ്വപ്നങ്ങളുടെ [illegible] [illegible]ലും നിന്നു. സുഗതന്റെ വീട്ടിൽ ബാബ പല്ലിയുടെ രൂപത്തിൽവന്നു് ത്രീമധുരം തിന്നുന്നതു കണ്ടാൻ ജനങ്ങളും. സുഗതൻ ഒരു വലിയ "കാണിക്കപ്പാത്രം" സംഘടിപ്പിച്ചുകാണും എന്നതിൽ സംശയമില്ല.

—സോമൻ, ആലപ്പുഴ.

നിത്യസത്യമാകണ'മെങ്കിൽ

ഡോ: കെ. രാസ്സുനേനായരെന്ന ശാസ്ത്രസാഹിത്യകാരൻപോലും സത്യസായി ബാബയുടെ അത്ഭുതകൃത്യങ്ങൾ കണ്ടമ്പരന്നു കണ്ണുമിഴിച്ചു നിന്നുപോയിട്ടുണ്ട്. എന്നാൽ, അത്ഭുതമെന്നു പറയട്ടെ, യുക്തിവാദികളിൽ പ്രമുഖനായ പ്രൊഫസർ, എ. ടി. കോവൂരിന്റെ മുമ്പിൽ സത്യസായിബാബ കാട്ടുന്നതെന്നു പറയപ്പെടുന്ന അത്ഭുതകൃത്യങ്ങൾ കേവലം "കണ്ടകെട്ടുക"ളായിത്തന്നെ ഇന്നും അവശേഷിക്കുന്നു. ഇങ്ങനെ കരുതപ്പെടാൽ വാഴ്ത്തപ്പെടും, ഇതരന്മാരാൽ അധിക്ഷിപ്തനായും വർത്തിക്കുന്ന ശ്രീ സത്യസായിബാബ ഈ ആധുനികയുഗത്തിലെ മതഭ്രാന്തപ്രതിഭാസമാണെന്നതിനു പക്ഷാന്തരമില്ല.

ഇവിടെ അങ്ങനെ സംഭവിച്ചിരിക്കുന്നു്. മനുഷ്യന്റെ മൗതികാതീതസിദ്ധികളെ സ്വായത്തമാക്കാനുള്ള അപാരമായ കഴിവുകളെ വകവച്ചുകൊടുത്തതെന്നു, എന്തുകൊണ്ടു ചോദിക്കാനുണ്ട്. "സായിബാബ" ഈശ്വരാവതാരമാണെന്നു് അദ്ദേഹംതന്നെ ഉറച്ചുവിശ്വസിക്കുന്നുണ്ടെങ്കിൽ, അല്ല് എല്ലാ ജനങ്ങൾക്കും ബോദ്ധ്യം വരത്തക്കവിധത്തിൽ, എന്തുകൊണ്ടദ്ദേഹത്തിന്നു് യുക്തിവാദികളുടെ മുമ്പിൽ, തന്റെ അത്ഭുതസിദ്ധികൾ സത്യം തന്നെ എന്നു് തെളിയിച്ചുകൊടുത്തു്, അവരെക്കൂടി, തന്റെ വിശ്വാസവലയത്തിൽ, ശിഷ്യപരമ്പരയിൽ കൊണ്ടുവന്നുകൂടാ? അതു സംഭവിക്കാത്തിടത്തോളം "സത്യസായിബാബ" "വെറും തട്ടിപ്പാണെ"ന്നു മാത്രമെ എന്നെപ്പോലുള്ളവർ എന്നും വിശ്വസിക്കുകയുള്ളൂ.

—തോന്നയ്ക്കൽ രാജീവ്, [illegible]

[illegible]

[illegible]

(ശേഷം 70-ാം പേജിൽ)

മലയാളനാട്

വാർഷികവിശേഷാൽപ്രതി

1973

സമകാലീനമലയാളസാഹിത്യത്തെ
വിലയിരുത്തുന്ന
ലേഖനങ്ങൾ, കഥകൾ, കവിതകൾ!

ഉള്ളടക്കം അടുത്തലക്കം മുതൽ
പ്രസിദ്ധീകരിച്ചുതുടങ്ങുന്നു!

പേജ് 300 വില 5 ക.

മുന്നു്

സായിബാബായുടെ അദ്ഭുതസിദ്ധികളിൽ വിശ്വസിക്കുന്ന ഒരു മാന്യൻ എനിക്കു് എഴുതിഅയച്ചിരുന്ന ചില ചോദ്യങ്ങൾക്കുകൂടി മറുപടി എഴുതാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണു്.

ചോദ്യം: ശാസ്ത്രജ്ഞന്മാരെ അദ്ഭുതപ്പെടുത്തുന്ന ദിവ്യാദ്ഭുതങ്ങൾ പ്രാചീനതം അർവ്വാചീനങ്ങളായ യോഗികൾ ചെയ്തിട്ടുണ്ടു്. അസാധാരണമായ ആ മാനസികപ്രതിഭാസങ്ങളെ വിശദീകരിക്കാൻ ശാസ്ത്രജ്ഞന്മാർക്കു കഴിയാതെ വരുന്നതുകൊണ്ടു് അത്തരം ദിവ്യസിദ്ധികളുള്ളവരെ അവഗണിക്കാമോ? അവരുടെ ദിവ്യശക്തികൾ അർത്ഥശൂന്യമെന്നു പറയാമോ?

മഴ, ഇടി, മിന്നൽ തുടങ്ങിയവ ഉണ്ടാകുന്നതെങ്ങനെയെന്നു പ്രാകൃതമനുഷ്യർക്കു് അറിവുണ്ടായിരുന്നില്ല. മഴ പെയ്യിക്കുന്നതു് വരുണദേവനാണെന്നു് ഇൻഡ്യാക്കാരും തോർദേവനാണെന്നു പാശ്ചാത്യരും വിശ്വസിച്ചു പ്രകൃതിയിൽ നടക്കുന്നതെല്ലാം പ്രകൃതിനിശ്ചയമനുസരിച്ചുണ്ടാകുന്നു കരുതാനുള്ള അറിവു് അവർക്കുണ്ടായിരുന്നില്ല.

ചോദ്യം: ഒരു യുക്തിവാദിയുടെ വെല്ലുവിളി സ്വീകരിക്കാൻ മടിക്കുന്ന യോഗി, ഡോക്ടറന്മാർ, ജഡ്ജിമാർ, നിയമവിദഗ്ദ്ധന്മാർ (ഇവരൊന്നും പെരുന്നു കസബളിപ്പിക്കപ്പെടാൻ പററിയവരല്ലല്ലോ) തുടങ്ങിയവരുടെ മുമ്പിൽവെച്ചു് അദ്ഭുതങ്ങൾ ചെയ്യുകയും ശാസ്ത്രവിജ്ഞാനത്തെ മറികടക്കുന്നവയാണു് ആ അദ്ഭുതങ്ങൾ എന്നു് അവർ സമ്മതിക്കുകയും ചെയ്താൽ അതു് അംഗീകരിക്കുവാൻ യുക്തിവാദി തയ്യാറാകേണ്ടതല്ലേ?

ഉത്തരം: യോഗിയോ ദിവ്യനോ സാധാരണക്കാരനോ ആരുമാകട്ടെ, ഒരു മനുഷ്യൻ ചെയ്യുന്നതിൽ ഒന്നും അദ്ഭുതപ്പെടേണ്ട കാര്യമില്ല. ഇതുവരെ ശാസ്ത്രത്തിനു വിശകലനം ചെയ്യാൻ കഴിയാത്ത എന്തെങ്കിലും അയാൾ ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ അർത്ഥം, ഇനിയും അതിനു വിശദീകരണം കണ്ടെത്തേണ്ടിയിരിക്കുന്ന എന്നു മാത്രമാണു്. ഇന്നലെ അദ്ഭുതകരമായി തോന്നിയിരുന്ന പലതിനും ശാസ്ത്രജ്ഞന്മാർ ഇന്നു വിശദീകരണം നൽകുന്നുണ്ടു്. ഇന്നത്തെ ഏതെങ്കിലും സംഭവങ്ങൾക്കു് വിശദീകരണം ലഭിക്കുന്നില്ലെങ്കിൽ അതിനു നാളെ ഉത്തരം കണ്ടെത്താൻ കഴിയും. മനസ്സിലാക്കാൻ കഴിയാത്തതിനൊക്കെ ദിവ്യത്വം നൽകുന്നതു മറയത്തരമാണു്.

ഉത്തരം: ആത്മീയശക്തി എന്ന വാക്കുകൊണ്ടു് നിങ്ങൾ ഉദ്ദേശിക്കുന്നതു മാനസികശക്തിയല്ലാതെ മറെറന്തെങ്കിലുമാണെങ്കിൽ അത്തരം അന്ധമായ സങ്കല്പങ്ങളിൽ ഞാൻ വിശ്വസിക്കുന്നില്ല. മനുഷ്യനോ മറെറന്തെങ്കിലും ജീവിക്കോ "ആത്മീയം" എന്നു വ്യവഹരിക്കുന്ന ശരീരാതീതമായ യാതൊരു ശക്തിയുമില്ല. മനുഷ്യന്റെ മാനസികശക്തിയെ ചിലർ ആത്മീയശക്തിയായി തെററിദ്ധരിക്കാറുണ്ടു്. ഒരു യോഗി, തനിക്കു് ദിവ്യശക്തിയുണ്ടെന്നു് അവകാശപ്പെടുകയും അതു പരിശോധിച്ചു യാഥാർത്ഥ്യം അറിയുവാൻ വിസമ്മതിക്കുകയും ചെയ്താൽ അയാൾ തട്ടിപ്പുകാരനാണെന്നു കരുതേണ്ടിയിരിക്കുന്നു. അസാധാരണമായ എന്തെങ്കിലും

സംഭവിച്ചാൽ നിരീക്ഷണപരീക്ഷണങ്ങൾ വഴി അതിന്റെ കാരണമെന്താണെന്നു മനസ്സിലാക്കുന്നതുള്ള ചുമതല എല്ലാ മനുഷ്യർക്കുമുണ്ടു്. ഡോക്ടറോ ശാസ്ത്രജ്ഞനോ ജഡ്ജിയോ മററാരെങ്കിലുമോ ആകട്ടെ—പരിശോധിക്കാതെ അതു് അംഗീകരിക്കുന്നതിൽ അക്കാര്യത്തിൽ അയാൾ അന്ധവിശ്വാസിയാണെന്നു വ്യക്തം. നിയമകാര്യങ്ങളിൽ പണ്ഡിതനായ ഒരാൾ ചിലപ്പോൾ മനഃശാസ്ത്രത്തിൽ തികച്ചും അജ്ഞനായിരിക്കും. ഉൗർജ്ജതന്ത്രത്തിൽ പാണ്ഡിത്യം നേടിയതുകൊണ്ടു് ജീവശാസ്ത്രത്തിൽ ആ മനുഷ്യൻ ജ്ഞാനിയാകണമെന്നില്ല. നിരീക്ഷണപരീക്ഷണങ്ങൾ നടത്താതെ ഒരാൾ എന്തെങ്കിലും വിശ്വസിക്കാൻ തയ്യാറാകുമ്പോൾ അയാൾ എത്ര പഠിപ്പുള്ളവനായാലും അന്ധവിശ്വാസി തന്നെ.

ചോദ്യം: രാജയോഗികൾക്കു് ദിവ്യജ്ഞാനം, ദിവ്യദർശനം, ദിവ്യശക്തി തുടങ്ങിയ സിദ്ധികൾ ലഭിക്കുമെന്നു പറയുന്നതു ശരിയാണോ? അതോ, താങ്കൾ മദ്രാസിലും കൊളംബോയിലും മററും, വെച്ചുനടത്തിയതു പോലുള്ള സ്റേറജ്ജടിക്കുകൾ മാത്രമാണോ അതു്?

ഉത്തരം: ദിവ്യജ്ഞാനം, ദിവ്യദർശനം, ദിവ്യശക്തി, കഴിഞ്ഞു്, കരിനാക്കു് തുടങ്ങി ഇന്ദ്രിയാതീതങ്ങളായ പല "സിദ്ധി"കളേയും അവവഴി നടന്ന ചില സംഭവങ്ങളേയും പററി പല പുസ്തകങ്ങളിലും കഥകളിലും വിവരിച്ചിട്ടുണ്ടു്. പക്ഷേ, അവയൊന്നും ഇതുവരെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടാണു് അത്തരം ഏതെങ്കിലും ഒരു പ്രതിഭാസം ഉണ്ടെന്നു തെളിയിക്കുന്നവർക്കു് ഒരുലക്ഷം രൂപ കൊടുക്കാമെന്നു് ഞാൻ പ്രഖ്യാപിച്ചതു്. ഏതാണ്ടു പ്രസ്തുതവാഗ്ദാനം പുറത്തുവന്നിട്ടു് വർഷങ്ങൾ പലതായി. ഇതുവരെ ആ വെല്ലുവിളി സ്വീകരിക്കാൻ ഒരുത്തരും മുന്നോട്ടു് വന്നിട്ടില്ല. അതുകൊണ്ടു് അവ കള്ളമാണെന്നു ഞാൻ കരുതുന്നു. ഏതെങ്കിലും രാജയോഗിയോ, ബാബായോ എന്റെ പരിശോധനയ്ക്കുശേഷം ഒരു അദ്ഭുതം കാണിക്കട്ടെ. അതല്ല് അവർക്കു കഴിയുന്നില്ലെങ്കിൽ അവർ വെറും സൂത്രക്കാരാണു്.

ഉല്ലായ്യയിൽനിന്നു്

ചോദ്യം: ഒരു യോഗി ശൂന്യതയിൽനിന്നു് എന്തെങ്കിലും സൃഷ്ടിച്ചു എന്നു പറഞ്ഞാൽ, കാണാൻ പാടില്ലാത്ത സാധനങ്ങൾ ശൂന്യതയിൽ ഉണ്ടായിക്കൂടുന്നു എന്നു മനസ്സിലാക്കിക്കൂടേ?

ഉത്തരം: കണ്ടെത്തുന്നതോ കാണാൻ പാടില്ലാത്തതോ ആയ യാതൊന്നും ഇല്ലാത്ത സ്ഥലമാണു ശൂന്യത. ഉല്ലായ്യയിൽ നിന്നു് ആർക്കും ഒന്നും സൃഷ്ടിക്കുവാൻ സാധ്യമല്ല. അങ്ങനെ ആർക്കെങ്കിലും കഴിഞ്ഞാൽ പദാർത്ഥത്തേയും ഊർജ്ജത്തേയും സംബന്ധിച്ചുള്ള എല്ലാ നിയമങ്ങളും അർത്ഥശൂന്യമാകും.

ചോദ്യം: ഒരു യോഗി വിരിയോ ശവലിംഗമോ വായുവിൽനിന്നു് എടുത്തു എന്നു പറഞ്ഞാൽ അവയെക്കൊണ്ടു അദ്ദേഹം വസ്ത്രങ്ങൾക്കിടയിൽ ഒളിച്ചുവെച്ചതു

പ്രൊ: എ. ടി കോവൂർ

ന്ന ഏതാണോ താങ്കൾ ധരിക്കുന്നത്?

ഉത്തരം: വസ്തുക്കൾക്കിടയിലോ മൂലകങ്ങളിലോ മറ്റൊന്നിലെങ്കിലോ ഒളിച്ചുവെയ്ക്കാത്ത യാതൊന്നും സായിബാബയ്ക്കോ മറ്റാരെങ്കിലും യോഗിക്കോ എടുക്കാൻ സാധ്യമല്ല.

ചോദ്യം: മനുഷ്യശരീരം ഹിമക്കട്ട നമുക്ക് എടുപ്പത്തിൽ വെള്ളമാക്കി മാറ്റാം. അതു പിന്നെ ഹൈഡ്രജനും ഓക്സിജനുമാക്കി പിളർപ്പിക്കാം. അതെയ പിന്നീട് എനർജിയാക്കി മാറ്റാം. അപ്പോൾ വെള്ളം അവിടെ സൂക്ഷ്മത്തിൽ സ്ഥിതി ചെയ്യുന്നില്ലേ? യോഗിക്കിന്റെ അത്ഭുതശക്തികൊണ്ട്, എന്നെജിയാകുന്ന ജലത്തിന്റെ സൂക്ഷ്മാവസ്ഥയിൽനിന്നു സ്ഥൂലാവസ്ഥയിലുള്ള ജലത്തെ നിർമ്മിച്ചു എന്നു കരുതിക്കൂടേ? അങ്ങനെ ചെയ്താലും അതു "ദൈവ" മാണെന്നു താങ്കൾ പറയുമോ?

ഉത്തരം: ഹൈഡ്രജൻ ആറ്റവും ഓക്സിജൻആറ്റവും ജലത്തിന്റെ സൂക്ഷ്മാവസ്ഥയാണെന്നു പറയുന്നതുശരിയല്ല. സായിബാബയുടെ ശരീരത്തിൽ ഹൈഡ്രജൻആറ്റമുള്ളതുകൊണ്ട് ഹൈഡ്രജൻആറ്റത്തിൽ സായിബാബ സൂക്ഷ്മരൂപത്തിൽ സ്ഥിതിചെയ്യുന്നു എന്നു പറയുന്നതു ബാലശാസ്ത്രമല്ലേ? പറയിപ്പെടുന്നതുപോലെ വേശ്യയിലും ഹൈഡ്രജൻആറ്റമുണ്ട്. അപ്പോൾ സായിബാബ ആ വേശ്യയിൽ സൂക്ഷ്മാവസ്ഥയിൽ സ്ഥിതിചെയ്യുന്നു എന്നു താങ്കൾ പറയുമോ? ഇതൊന്നും ശാസ്ത്രീയമായ കാഴ്ചപ്പാടല്ല. ചില സർറിയലിസ്റ്റുകൾക്കു സങ്കല്പസിദ്ധാന്തങ്ങൾ ചേർന്ന ഭാവനയാണിതൊക്കെ. യോഗികൾക്കു ദിവ്യശക്തികൊണ്ട് ആറ്റത്തെ എനർജിയാക്കാനും എനർജിയെ പദാർത്ഥമാക്കി മാറ്റാനും കഴിയുമെന്നിരിക്കെ ഇന്ത്യ, മറ്റൊരു ദേശത്തെ ദേശീയ രാഷ്ട്രത്തെയുംകാൾ സാമ്പത്തികമായി നേടുമായിരുന്നു പണച്ചെലവുകൂടാതെ ആറ്റമിക് എനർജിയുണ്ടാക്കാനു സായിബാബയ്ക്കു കഴിയുമെങ്കിൽ അദ്ദേഹത്തെ അണുശക്തിക്കമ്മീഷൻ ചെയർമാനായി നിയമിക്കേണ്ടതാണ്. കോടിക്കണക്കിനു രൂപ മുടക്കി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റുകൾ നിർമ്മിക്കുന്നതിനു പകരം സായിബാബയെപ്പോലുള്ള കരാറുകൾ യോഗികളെ കൂടെ പവർസ്റ്റേഷനിലും നിയമിച്ചാൽ പോരേ?

ചോദ്യം: സത്യസായിബാബ ഒരു കക്ഷണം മണലെടുത്തിട്ട് അതിനെ ഒരു ഗീതാഗ്രന്ഥമാക്കി മാറ്റി, ഇന്ത്യാഗവൺമെന്റ് ഒരു പ്രതിനിധിസംഘത്തിന്റെ ഉപദേഷ്ടാവായ ഡോക്ടർ ഭഗവന്തത്തിനു കൊടുത്തു. ഉടുപ്പിനുള്ളിൽ ഒളിച്ചുവച്ചിരുന്ന ഗീതാഗ്രന്ഥം എടുത്തുകൊടുക്കുന്നതു കണ്ടാൽ ഡോക്ടർ ഭഗവന്തത്തിനു കഴിവില്ലായ്മയുണ്ടെന്നു എന്താണോ താങ്കൾ പറയുന്നത്?

ഉത്തരം: സായിബാബയ്ക്കു മണൽ അതേ ഗീതാഗ്രന്ഥമാക്കിമാറ്റാൻ കഴിയുകയില്ലെന്നുള്ളതു തീർച്ചയാണ്. ഡോക്ടർ ഭഗവന്തം അതു വിശ്വസിക്കുന്നുണ്ടെങ്കിൽ അതു തെളിയിച്ചുകൊണ്ട് അദ്ദേഹം ഒരു പ്രബന്ധം എഴുതട്ടെ. ശാസ്ത്രം ഗവേഷണം പ്രവർത്തിക്കുന്ന ഞങ്ങൾക്കു അതു പരീക്ഷിച്ചുനോക്കാമല്ലോ. യാതൊരു തെളിവും ഹാജരാക്കാനില്ലാതെ ഡോക്ടർ ഭഗവന്തം ഇതു പറഞ്ഞാൽ അദ്ദേഹം ശാസ്ത്രജ്ഞൻ എന്ന പേരിന് അർഹനല്ലാതായിത്തീരും. ഇന്ത്യയുടെ പ്രതിനിധിസംഘത്തിൽ ഇത്തരം ഒരു അന്ധവിശ്വാസിയെ കൂടെക്കൂട്ടിയിരിക്കുന്നു എന്നു കേൾക്കുന്നതു് അപമാനമാണ്. ഡോക്ടർ ഭഗവന്തത്തിനു ഗുരുവായ സായിബാബയെ കൊണ്ട്, കഴിഞ്ഞ യുദ്ധകാലത്തു പാകിസ്ഥാൻ പട്ടാളക്കാരുടെ വെടിയുണ്ടകളെ ഗീതാഗ്രന്ഥങ്ങളോ പുഷ്പങ്ങളോ ഗോതമ്പോ ആക്കി മാറ്റിച്ചുകൂടായിരുന്നോ? ഇന്ത്യൻ പട്ടാളത്തെ മുഴുവൻ പിരിച്ചുവിട്ടിട്ട് ഇന്ത്യയുടെ പ്രതിരോധച്ചുമതല സായിബാബയെ ഏല്പിക്കാൻ എന്തുകൊണ്ടാണു ഡോക്ടർ ഭഗവന്തം ഉപദേശിക്കാത്തതു്? സായിബാബ ദിവ്യശക്തികൊണ്ടു ചൈനീസ് പട്ടാളത്തേയും പാക്പട്ടാളത്തേയും പിൻതിരിപ്പിച്ചിരുന്നെങ്കിൽ അനേകകോടി രൂപയും ലക്ഷക്കണക്കിനു വിലപ്പെട്ട ജീവനും നഷ്ടപ്പെടാതെ കഴിക്കാമായിരുന്നു.

ചോദ്യം: ഡോക്ടർ ഭഗവന്തത്തിന്റെ കുട്ടിക്കു രോഗം വന്നപ്പോൾ ശാസ്ത്രീയമല്ലാത്ത സാധനങ്ങൾ വായുവിൽനിന്നെടുത്തുകൊടുക്കുന്നതു് ഡോക്ടർ ഭഗവന്തം നേരിട്ടു കണ്ടതല്ലേ. ഭഗവന്തത്തി

സത്യസായിബാബ സത്യമോ മിഥ്യയോ?

ചർച്ച തുടരുന്നു.

അടുത്തലക്കത്തിൽ

വി. ബി. സി. നായർ എഴുതുന്നു:

'അഹം ബ്രഹ്മാസ്മി:'

സത്യസായിബാബ സത്യമോ മിഥ്യയോ ആവട്ടെ. വിവേകികൾ അന്ധമായി വിശ്വസിക്കുകയോ അന്ധമായി അവിശ്വസിക്കുകയോ ചെയ്യുകയില്ല. സത്യസായിബാബയെ നാളിതുവരെ നേരിൽ കണ്ടു സംസാരിക്കാൻ ശ്രമിക്കാതെ സ്വന്തം ചിത്രകൂടത്തിലിരുന്നു വെല്ലുവിളികൾമാത്രം നടത്തുന്ന ശ്രീ. ഏ. ടി. കോവൂർ നമ്മുടെ കാലഘട്ടത്തിലെ വിദഗ്ദ്ധനായ ഒരു തട്ടിപ്പുകാരനാണ്.

തുടർന്നുള്ള ലക്കങ്ങളിൽ വയലാർ എഴുതുന്നു.

'സത്യത്തിന്റെ മുഖപടങ്ങൾ'

ഈ ശതകത്തിലെ ഏററവുംവലിയ സത്യത്തിന്റെ മുഖം മഹേന്ദ്രജാലപ്പിലികൾകൊണ്ട് നിരന്തരമായി മറയ്ക്കപ്പെടാൻ തുടങ്ങിയാലോ?

*

പി. കേശവദേവ്, ജസ്റ്റിസ് ഏറാടി, കാക്കനാടൻ, ഡോ: കെ. ഭാസ്കരൻനായർ, ഇടമറുക് തുടങ്ങി നമ്മുടെ സാമൂഹ്യ - ശാസ്ത്രീയ - സാഹിത്യ-ദാർശനിക രംഗങ്ങളിലെ അഗ്രേസരന്മാർ പങ്കെടുക്കുന്നു.

ന്റെ കട്ടിക്ക രോഗമുണ്ടായിരുന്നില്ലെന്നും രോഗവും ഓപ്പറേഷനുമെല്ലാം ആ കട്ടിയുടെ മായാകൃത്യം മാത്രമായിരുന്നുവെന്നും താങ്കൾ കരുതുന്നുണ്ടോ?

ഉത്തരം: ഇത്തരം യക്ഷിക്കഥകൾ ഒന്നും ഞാൻ വിശ്വസിക്കുന്നില്ല. ഒരു സംശയം മാത്രം അവശേഷിക്കുന്നു. ഭസ്മംകൊണ്ടു രോഗം ഭേദമാക്കാൻ കഴിവുള്ള ബാബാ എന്തിനു ശസ്ത്രക്രിയോപകരണങ്ങൾ തേടി? ഓപ്പറേഷൻ ചെയ്തതു ബാബയാണോ അതോ ഡോക്ടറോ? വായുവിൽനിന്നു നിർമ്മിച്ച ഉപകരണങ്ങൾ സ്റ്റെറിലൈസ്, ചെയ്യാനോ ഉപയോഗിച്ചു? ഭഗവത്തത്വത്തിന്റെ കട്ടിക്ക് എന്താണിത്ര രോഗമെന്നും എന്തു ഓപ്പറേഷനാണു നടത്തിയതെന്നും ചോദ്യകർത്താവു പറയുന്നില്ല. വെറും നീരു കിറുന്നതും ശ്വാസത്തിന്റെ വാർവു മാറുന്നതും ഒരു ഓപ്പറേഷനാണോ. ഏതായാലും ഒരുകാര്യം തീർച്ചയാണ് പുട്ടപ്പർത്തിയിൽ സ്വന്തമായി ഒരു ആശുപത്രി നടത്തുന്ന ശ്രീ ബാബായ്ക്കു ശസ്ത്രക്രിയോപകരണങ്ങൾ വായുവിൽനിന്ന് എടുക്കാതെയോ എളുപ്പത്തിൽ ലഭിക്കും.

ചോദ്യം: ഒരു യോഗിശ്രേഷ്ഠൻ ഉപയോഗിച്ചു ജനങ്ങളെ പറ്റിക്കുന്നു എന്നു ബോധ്യപ്പെട്ടാൽ അതു തെററാണെന്നു തെളിയിക്കുക യുക്തിവാദിയുടെ ചുമതലയല്ലേ? യോഗി, യുക്തിവാദിയുടെ വെല്ലുവിളി സ്വീകരിക്കുവാൻ വിസമ്മതിക്കുന്ന പക്ഷം യുക്തിവാദിക്കു യോഗിയുടെ അടുത്തുചെന്ന് ആ അദ്ഭുതങ്ങളെപ്പററി പഠിച്ചുകൂടേ?

ഉത്തരം: ഇൻഡ്യയിൽ നൂറുകണക്കിന് ഇത്തരം തട്ടിപ്പുകൾക്കുണ്ട്. അവയുടെ ഓരോരുത്തരുടെയും അടുത്തുപോയി പഠിക്കാൻ തുടങ്ങിയാൽ യുക്തിവാദികൾക്ക് അതിനു മാത്രമേ സമയം കാണുകയുള്ളൂ. ഒരു ജനാധിപത്യരാഷ്ട്രം ഇത്തരം തട്ടിപ്പുകളെ ജയിലിൽ അടയ്ക്കേണ്ടതാണ്. ഇന്ദ്രജാലിതമായ ശക്തികൊണ്ട് അവർ പുറത്തുവന്നാൽ നമുക്ക് അവരെ അഗീകരിക്കാം.

ചോദ്യം: സായിബാബയുമായോ, അദ്ദേഹത്തിന്റെ ശിഷ്യന്മാരായ ഡോ: ഭഗവാൻ, ഡോ: വി. കെ. ഗോകക (ബംഗ്ളൂർ യൂണിവേഴ്സിറിയുടെ വൈസ് ചാൻസലർ,) ചാറസ്പെൻ (വേസ് എയ്ഞ്ചൽസ്,) ക്യാപ്റ്റൻ ടി. ബാലകൃഷ്ണൻ, ഡോ: മോഡി, ഡോ: കെ ഭാസ്കരൻനായർ, മേജർ വി. എസ്. മേനോൻ, വി. കെ. സനാഥ് (മഹാരാഷ്ട്ര മന്ത്രി) ഡോ: എം. എസ് ബാലകൃഷ്ണറാവു, ജസ്റ്റിസ് വി. ബാലകൃഷ്ണ കുറാടി തുടങ്ങിയ സാമിശിഷ്യന്മാരുമായോ താങ്കൾ സംസാരിച്ചിട്ടുണ്ടോ?

ഉത്തരം: താങ്കളുടെ ലിസ്റ്ററിൽ കാണുന്ന പ്രമുഖന്മാരിൽ ആരെങ്കിലുമോ സായിബാബ തന്നെയോ എന്നോ പരിശോധനയ്ക്കു വിധേയനാകാൻ തയ്യാറുണ്ടെങ്കിൽ അവരെ ആരെയും ഞാൻ സന്ദർശിക്കാം. കഴിഞ്ഞ അഞ്ചോ ആറു വർഷമായി ഇന്ദ്രിയാതീതശക്തിയെയും മനുഷ്യമനസ്സിനെയും പററി ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന എനിക്ക് ഇത്തരം നിരവധി പഠിച്ച മനുഷ്യരേയും തട്ടിപ്പുകാരെയും മനോരോഗികളേയും കാണാൻ കഴിഞ്ഞിട്ടുണ്ട്. സന്യാസിമാർ, ഹഠയോഗികൾ, പുണ്യപുരുഷന്മാർ, ഭൂതോഹിതന്മാർ, മന്ത്രവാദികൾ തുടങ്ങി അനേകം പേരെ ഞാൻ കണ്ടു. ഇതുവരെ അത്ഭുതശക്തികളുള്ള ഓരാററ മനുഷ്യനേയും കാണാൻ എനിക്കു കഴിഞ്ഞിട്ടില്ല. ദിവ്യശക്തിയുള്ള ഒരു വസ്തുവോ സ്ഥലമോ ഉള്ളതായും എനിക്ക് അനുഭവപ്പെട്ടിട്ടില്ല.

ചോദ്യം: 1969 നവംബർ 23-ാം തീയതി അമേരിക്കക്കാരിയായ മിസ്സിസ് ആൻഡഴ്സനെ ഒരു വീൽചെയറിൽ സായിബാബയുടെ അടുത്തുകൊണ്ടുവന്നു. എഴുന്നേററുനടക്കാൻ ബാബ കല്പിച്ചപ്പോൾ അവർ എഴുന്നേററു നടന്നു, തലച്ചോറിൽ രക്തം കട്ടകെട്ടുന്ന മാരകമായ രോഗം ബാധിച്ച മരുമകളായിരുന്ന ഡോക്ടർ ഭാസ്കരറാവു. ബാബയുണ്ടാക്കിയ വിഭൂതികൊണ്ട് അതു ഭേദമായി. സെക്കന്ദരാബാദിലെ ഒരു മിഷ്ടറി ഓഫീസറായ ശ്രീ സുബ്രഹ്മണ്യത്തിന്റെ പുത്രൻ ശിവകുമാർ അന്ധനും ഭാഷകൾ കാത്തവനും തളർവാതപിടിച്ചവനും ആയിരുന്നു. ഇല്ലസ്ട്രേറേറഡ്‌വീക്കലിയിൽ വന്ന സായിബാബയുടെ പടം കാണിച്ചുകൊടുത്തതേയുള്ളൂ അവനു സുഖമാകാൻ. മററാരു അത്ഭുതസംഭവം 1965 ജൂലൈ 27-നു നടന്നു. കൊപ്പറാവു ഗോപാലകൃഷ്ണനും മകനുംകൂടി ബാബയെ സന്ദർശിച്ചു. ബാബാ ആ പയ്യനെ വിളിച്ചു പറഞ്ഞു, അവന്റെ അമ്മയുടെ മൂത്രാശയത്തിൽ മൂന്നു കല്ലുകൾ ഉണ്ടെന്ന്. അതു മാററാൻ ഓപ്പറേഷൻ വേണ്ടിവന്നില്ല. ബാബാ നൽകിയ വിഭൂതി കഴിച്ചപ്പോൾ ആ രോഗം ഭേദമായി. കുറേ കഴിഞ്ഞപ്പോൾ ഗോപാലകൃഷ്ണനുതന്നെ പ്രമേഹക്കുരുക്കൾ ഉണ്ടായി. അപ്പോൾ ബാബ അത്ഭുതകരമായി അദ്ദേഹത്തിന്റെ കിടക്കയ്ക്കരികിൽ പ്രത്യക്ഷപ്പെടുകയും രോഗം ഭേദപ്പെടുത്തുകയും ചെയ്തു. ഉറക്കമെണീററപ്പോൾ പ്രമേഹക്കുരുക്കളുടെ പാടുപോലും ദേഹത്തുണ്ടായിരുന്നില്ല. കൽക്കട്ടായിലെ സോദരത്തന്മാരുടെ അനുഭവവും അത്ഭുതകരമാണ്, അദ്ദേഹത്തിന്റെ ഭാര്യയ്ക്കു പിടിപെട്ടിരുന്ന തീരാരോഗത്തിൽനിന്നു രക്ഷകിട്ടുവാനുവേണ്ടിയാണ് ആ ദമ്പതികൾ ബാബായെ സമീപിച്ചതു്. അവർ ഏതനും പഴങ്ങൾ ബാബായ്ക്കു കാഴ്ചവച്ചു. ബാബാ അതിൽ തൊട്ടപ്പോൾ അതു മുഴുവൻ "പ്രസാദ"മായി മാറി. ആ പ്രസാദം കഴിച്ചപ്പോൾ ആ സ്ത്രീ രോഗവിമുക്തയായി. ബാബാ ഒരേ സമയത്തു നിരവധി സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുകയും പല രോഗികളെയും ഭേദപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ അത്ഭുതങ്ങളെപ്പററി യുക്തിവാദികൾക്ക് എന്തു പറയാനുണ്ട്?

ഉത്തരം: കൃത്യമായ വിലാസമോ തററു വിവരങ്ങളോ ഇല്ലാതെ കൽക്കത്തക്കാരൻ, സെക്കന്ദരാബാദുകാരൻ എന്നൊക്കെപ്പറഞ്ഞു് കഥ തുടങ്ങുന്നതുതന്നെ ഇതൊക്കെ കള്ളമാണെന്നു തെളിയിക്കുന്നു. ഇവിടെ ഏതെങ്കിലും ഒരാളുടെ രോഗം ഭേദമാക്കിയ കഥ വ്യക്തമായി ബാബാഭക്തന്മാർക്കു തെളിയിക്കാമോ? ഇല്ലസ്ട്രേറേഡ്‌വീക്കലിയിൽ വന്ന ബാബാവുടെ പടം കണ്ടു് കാഴ്ചകിട്ടി എന്നു പറഞ്ഞിട്ടുണ്ടല്ലോ. അന്ധൻ എങ്ങനെ വീക്കലിയിൽവന്ന പടം കണ്ടു എന്നു മനസ്സിലാകുന്നില്ല. കാഴ്ച തിരിച്ചുകിട്ടിയതിനുശേഷം പടം കണ്ടോ? അതോ പടം കണ്ടതനുശേഷം കാഴ്ചകിട്ടിയോ? പൂർവ്വാപരവിരുദ്ധമായ ഈ കഥ തന്നെ, മററുള്ളവയും കള്ളമാണെന്നു തെളിയിക്കുന്നു. ഒരു എന്തുകാലത്തെ ഞാൻ കൊണ്ടുവരാം, ബാബായുടെ ദിവ്യശക്തി ഉപയോഗിച്ചു് അതൊന്നു മാററിത്തരാമോ? ദിവ്യശക്തി കൊണ്ടു് ഒരേ സമയത്തു് പല സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടാൻ കഴിവുള്ള ബാബായെ ഞാൻ ഒരു മുറിയിൽ അഴിച്ചാൽ കതകുതുറക്കാതെ ദിവ്യശക്തികൊണ്ടു പുറത്തുവരാമോ?

(അവസാനിച്ചു.)

വിവർത്തകൻ—ഇടമറുക്

—0—

മനുഷ്യനോ യന്ത്രമോ?

ശാസ്ത്രസാങ്കേതികപുരോഗതികൾ വർദ്ധമാനമായ മാത്രയിൽ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ആകുലതയും ഇണങ്ങലും, യന്ത്രങ്ങൾ അനുനിമിഷം പെരുകിക്കൊണ്ടിരിക്കുമ്പോൾ പലർക്കും ഒരു സംശയം ഉണ്ടായിരിക്കാൻ ഇടയുണ്ട്— യന്ത്രം മനുഷ്യനെ കീഴ്പ്പെടുത്തുമോ?

ഇല്ല എന്നതാണ് വ്യക്തമായി പറയാവുന്ന ഉത്തരം. ഉൽപാദനം വർദ്ധിപ്പിക്കുവാൻ യന്ത്രങ്ങൾ കൂടിയേ തീരൂ. അങ്ങിനെ യന്ത്രങ്ങൾ എല്ലാ കാര്യവും കൈകാര്യംചെയ്യുന്നതു സ്ഥിതിവിശേഷത്തിൽ എത്തിയാൽ മനുഷ്യൻ ആവശ്യമുണ്ടോ എന്നും ചില ചോദ്യങ്ങൾ ഉന്നയിക്കപ്പെടാറുണ്ട്. ഉദാഹരണത്തിന് ആയിരം പേർ ജോലിചെയ്യുന്ന ഒരു വമ്പിച്ച കമ്പനി ദിവസം 10 ഗാമുകൾ ഉണ്ടാക്കുന്നു എന്നു കരുതുക. കാര്യക്ഷമമായ യന്ത്രങ്ങൾ പ്രവർത്തിച്ചുതുടങ്ങുമ്പോൾ ഇതേ 1000 പേരും തന്നെ പ്രതിദിനം ഗുതൽ ആവശ്യമുള്ളവരാകില്ല. ഈ ചോദ്യത്തിനുള്ള മറുപടി ഉത്തരം യന്ത്രങ്ങൾ അധികപ്പറ്റാകുന്നതല്ല. പ്രവർത്തിപ്പിക്കുന്നതും മനുഷ്യൻ തന്നെയാണെന്ന മാത്രമാണ്.

യന്ത്രവൽക്കരണം

മനുഷ്യന്റെയും സാങ്കേതികവിദ്യയുടെയും ഐക്യംകൊണ്ടു മാത്രമേ അധ്വാനം സാദ്ധ്യമാകുകയുള്ളു. മനുഷ്യപ്രവർത്തിയെ സുഗമമാക്കുകയും ഫലപ്രദമാക്കുകയും ചെയ്യുകയെന്നതാണ് സാങ്കേതികവിദ്യയുടെ സാമൂഹ്യമായ ചുമതല. ശരീരികാദ്ധ്വാനം സാങ്കേതികവിദ്യയിലേക്കു മാറുമ്പോൾ യന്ത്രവൽക്കരണം (മെക്കാനൈസേഷൻ) ഉടലെടുക്കുന്നു. സാങ്കേതികവിദ്യാപരമായ പ്രക്രിയയിലെ മാനസികചുമതലകൾ യന്ത്രങ്ങളായി രൂപംകൊള്ളുമ്പോൾ, യന്ത്രങ്ങളുടെ സ്വപ്രവർത്തനസ്വഭാവമായ കാര്യമേഷൻ ആരംഭിക്കുന്നു. യന്ത്രവും മനുഷ്യനും തമ്മിൽ അടുത്ത ബന്ധമുണ്ട്. മനുഷ്യർ അമൂർത്തമായ സത്തയല്ല അവർ ഒരു സാമൂഹ്യാവസ്ഥപന്നമാണ്. കെട്ടുപിണഞ്ഞുകിടക്കുന്ന സാമൂഹ്യബന്ധങ്ങളായി ഇഴുകിച്ചേർന്നു കിടക്കുന്നവനാണു മനുഷ്യൻ.

മുതലാളിത്തം ചെയ്യുന്ന വിന

യന്ത്രവും മനുഷ്യനും ആയുള്ള ബന്ധത്തിൽ മനുഷ്യൻ യന്ത്രത്തിന്റെ അടിമയായിപോകുമോ എന്ന ഭയം മനുഷ്യനെ സ്സിൽ കുത്തിവെച്ചതു മുതലാളിത്തവ്യവസ്ഥയാണ്, എന്നാൽ മുതലാളിത്തവ്യവസ്ഥിതിയിലും സോഷ്യലിസ്റ്റുവ്യവസ്ഥിതിയിലും യന്ത്രങ്ങൾക്കു തമ്മിൽ യാതൊരു മാറ്റവും ഇല്ല രണ്ടിടത്തിലും അതു്. അതിനുപുറം കാൻ ആണ്ടുന്ന സമൂഹത്തിന്റെ മുതലാണു യന്ത്രമെന്ന് അതിൽ പണിയെടുക്കുന്ന തൊഴിലാളികളോടാണു്. ഇവിടെ മനുഷ്യനും യന്ത്രവും ഉള്ള പങ്കാളിത്തത്തിൽ മുൻതൂക്കം മനുഷ്യനാണ്. യന്ത്രത്തിന്റെ അതിക്രമണവും പരിഷ്കാരത്തിലും ശ്രദ്ധചെലുത്തുമ്പോൾ അതുവഴി മനുഷ്യന്റെ കായികവും മാനസികവുമായ പണി സുഖകരമാക്കുവാൻ അവർ ശ്രമിക്കുന്നു. മനുഷ്യന്റെ കായികശേഷി പരിമിതമാണ്. വലിയ ഒരു കല്ല് ഉരുട്ടുവാൻ 50 പേർ ആവശ്യമുള്ളപ്പോൾ മൂന്നോ നാലോ ബലമുള്ള ഭണ്ഡുകൾ ഉണ്ടെങ്കിൽ കാര്യപ്പെട്ട് അനായാസമായി ആ കല്ല് ഉരുട്ടിക്കൊണ്ടുപോകാം. അങ്ങിനെ മനുഷ്യന്റെ ഉൽപ്പാദനശേഷിയുടെ പരിമിതയ്ക്കു യന്ത്രത്തിനു പങ്കുകൊടുക്കാം. അതുവഴി മനുഷ്യന് യന്ത്രത്തെ നിയന്ത്രിക്കാനുള്ള സാമൂഹ്യധർമ്മത്തിൽ ഇടപെടാം. മനുഷ്യന്റെ ഭൗതികയർത്തങ്ങൾക്കു പകരം സാമൂഹ്യധർമ്മങ്ങൾ ഉപയോഗിക്കുവാൻ പരിപ്പുമയുള്ള മാർഗ്ഗമേഷണത്തിലേക്കു നീയാണ്. ഇതിൽനിന്ന് ഉൽപാദനപ്രക്രിയയിൽനിന്ന് മനുഷ്യൻ തികച്ചും സ്വതന്ത്രനായി എന്നു കരുതുന്നതു തെറ്റാണ്. സർവ്വതന്ത്രസ്വതന്ത്രനാവുകയല്ല, പ്രത്യുത മാറിച്ചുകായ കർത്തവ്യാനന്തരത്തിൽനിന്ന് യന്ത്രം മനുഷ്യനു മുക്തികൊടുക്കുകയാണ് ഇവിടെ സംഭവിക്കുന്നതു്. മാർഗ്ഗമേഷണം വളർച്ചവഴി, അതുധികം കൂടുതൽ ഉൽപാദനവ്യൂഹങ്ങളിലെ ഒരു കണ്ണിയായിത്തീരുന്ന മനുഷ്യൻ.

അനുകരണം മാത്രം

ഇന്നോളം മനുഷ്യൻ ചെയ്തിരുന്ന കാര്യങ്ങൾ മാത്രമേ യന്ത്രങ്ങൾ ഏറ്റെടുക്കുന്നു. അങ്ങിനെ ഉൽപാദനത്തിൽ മനുഷ്യന്റെ നേർക്കുള്ള പങ്കാളിത്തം നിറുത്തലാക്കുന്നു, ഓട്ടോമേഷൻ കമ്പ്യൂട്ടറിന്റെയും മാർഗ്ഗമേഷണത്തിന്റെയും പുരോഗതി നിമിത്തം മനുഷ്യന്റെ കായികധ്വാനത്തിനു, മാത്രമല്ല ബുദ്ധിപരമായ ജോലികൾ ഇളവുകിട്ടി. യന്ത്രങ്ങളുടെ മെക്കാനിസത്തെപ്പററിയുള്ള ശാസ്ത്രമാണ് ഓട്ടോമേഷൻ മററിക്സ്. എത്ര വലിയ സംഖ്യകൾ കൊണ്ടുള്ള കണക്കുകൂട്ടലുകളും തൊടിയിൽ ചെയ്യുതീർക്കുന്ന കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നിങ്ങളുടെ താവിവധുവിനെ (വരനെ) കണ്ടുപിടിക്കുവാനും, ചെസ്സ് കളിക്കുവാനും, കവിത എഴുതിക്കുവാനും തർജ്ജമ നടത്തുവാനും സാധിക്കുമെന്നായി. ഓട്ടോമേഷൻ മററിക്സിന്റെ വളർച്ചയിൽ മനുഷ്യന്റെ ബുദ്ധിശക്തിയെ കൂടി നടണിപ്പിക്കുന്ന കഴിവുകളുള്ള യന്ത്രീകമനുഷ്യനെ സൃഷ്ടിക്കുവാൻ കഴിയുമെന്നും അന്നേരം മനുഷ്യന്റെ ആവശ്യം തന്നെ ഇല്ലാതാകുമെന്നും വിശ്വസിക്കുന്നവർ ഉണ്ട്. പക്ഷേ, ഇതു സംഭവിക്കുവാൻ പോകുന്നില്ല യന്ത്രങ്ങൾക്കു ചിന്തിക്കുവാൻ കഴിയുകയില്ല. അവ അനുകരിക്കുകമാത്രമെ ചെയ്യുകയുള്ളു. ഇതിനൊരുദാഹരണം നോക്കാം. ഒരു വ്യവസായശാലയിലെ എല്ലാ ജോലികളും ചെയ്തുതീർക്കുന്ന കമ്പ്യൂട്ടറിന് അർദ്ധരാത്രിക്ക് ഒരു തകരാറുണ്ടായി ഉടൻ കമ്പ്യൂട്ടർ ഫോ

കൊച്ചുനാരായണൻ

ണടുത്ത് എഞ്ചിനീയറെ വിളിച്ചു. എന്നാൽ "തെററായ നമ്പർ, ക്ഷമിക്കണം" എന്ന് മറുപടി കിട്ടി. കമ്പ്യൂട്ടറിന് ഈ മറുപടി മനസ്സിലായില്ല. കാരണം അതിന്റെ നിഘണ്ടുവിൽ ഈ വാക്കുകളില്ല. അതിനാൽ കമ്പ്യൂട്ടർ മൂന്നുനാലു മണിക്കൂർ ഇടവിട്ടുകൊണ്ടേയിരുന്നു. എഞ്ചിനീയറെ ഫോണിലേക്കു ഇടുന്നു. എഞ്ചിനീയർ ഡ്യൂട്ടിയിൽ വന്നപ്പോൾ കമ്പ്യൂട്ടറിന്റെ അമ്പരപ്പു മനസ്സിലായി. എഞ്ചിനീയറുടെ പുതിയ ഫോൺനമ്പർ കമ്പ്യൂട്ടറെ അറിയിച്ചിരുന്നില്ല. ഇതോടെ കമ്പ്യൂട്ടർ വിളിക്കുന്ന എഞ്ചിനീയറുടെ പഴയ ഫോൺനമ്പർ മററാരുടെ കമ്പ്യൂട്ടറിന്റെ ഫോൺനമ്പറും ആകിയതാണ്. രണ്ടു കമ്പ്യൂട്ടറുകൾക്കു പരസ്പരം അവ പറയുന്നതു് മനസ്സിലായില്ല ഇപ്പോൾ ഓട്ടോമേഷനിൽ മനുഷ്യന്റെ പ്രാധാന്യം വ്യക്തമായി മനസ്സിലാകുമല്ലോ.

യന്ത്രങ്ങൾക്കു സഹായമില്ലാതെ തന്നെ മനുഷ്യൻ ചിന്തിക്കുന്നു. എന്നാൽ മനുഷ്യസഹായമില്ലാതെ കേവലം യ

ന്ത്രികമായ്ങ്ങൾ കൂടി യന്ത്രങ്ങൾക്കു ചെയ്യുവാൻ സാധിക്കുന്നില്ല. മനുഷ്യൻ കാലേകൂട്ടി നൽകിയ കാര്യപരിപാടിക്കനുസരിച്ചാണ് യന്ത്രം "ചിന്തിക്കുന്നതു്." സ്വയം തെറ്റുതിരുത്തുവാൻ കഴിവുള്ള യന്ത്രങ്ങളുടെ കാര്യവും ഇങ്ങനെതന്നെയാണ്. മനുഷ്യന് അവന്റെ ആഗ്രഹമനുസരിച്ച് തുള്ളിച്ചാടാം. സ്നേഹിക്കാം, വെറുക്കാം, കരയാം. യന്ത്രങ്ങൾക്ക് നിഷിദ്ധങ്ങളാണ് ഇവയെല്ലാം.

കരിൽ സഞ്ചരിക്കുമ്പോൾ യന്ത്രത്തിന്റെ സഹായത്താൽ മനുഷ്യന് കായിക അധ്വാനവും സമയവും ലഘിക്കാം. അതുപോലെ "ചിന്തിക്കുന്ന" യന്ത്രങ്ങൾകൊണ്ട് ബുദ്ധിപരമായ അധ്വാനവും അവന് കുറയ്ക്കാമെന്നുമാത്രം, അല്ലാതെ മനുഷ്യന്റെ തലച്ചോറിന്നു പകരം ഒരു യന്ത്രവും മതിയാകയില്ല.

യാന്ത്രികമനുഷ്യൻ

യന്ത്രങ്ങൾ മനുഷ്യരാശിക്ക് ഒരിക്കലും ഒരു ഭീഷണി ആകയില്ല. അതുപോലെ തന്നെ മനുഷ്യന്റെ സ്ഥാനം ഒരു യന്ത്രത്തിനും പിടിച്ചെടുക്കുവാനും സാധിക്കയില്ല. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ മനുഷ്യന്റെ ഉററ സ്വഭാവത്തുകളാണ് യന്ത്രങ്ങൾ. കായികവും ബുദ്ധിപരവും ആയ പ്രവൃത്തികൾ ലഘൂകരിക്കുവഴി മനുഷ്യന് മററു മണ്ഡലങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ സമയം കിട്ടുന്നു.

മനുഷ്യന്റെ ഏക്കലവും അനുസരണയുള്ളതെന്നായിക്കഴിഞ്ഞോ സാങ്കേതിക ശാസ്ത്രം എന്നു് സംശയിക്കുന്നവരുണ്ട്. ഇതുകൊണ്ടു യാന്ത്രികമനുഷ്യന്റെ (റോബോട്ട്) കരളിരംഗമായി മാറുമോ.

ബുദ്ധിപരമായ സഹായം

ഒരുകാലത്തെ ആയുധങ്ങൾ മുതൽ അത്യാധുനികയന്ത്രങ്ങൾ വരെയുള്ള മനുഷ്യനിർമ്മിതമായ ആയുധങ്ങൾ പ്രകൃതിയുമായി മനുഷ്യർ നടത്തുന്ന സമരത്തിൽ നമ്മുടെ പോരായ്മകളും ദൗർബല്യങ്ങളും പരിഹരിക്കുവാൻവേണ്ടി ഉണ്ടാക്കിയവയാണ്. ഉൽപാദനം ഉയർത്തുന്നതിനു വേണ്ടിയുണ്ടാകുന്ന യന്ത്രങ്ങൾ അരിക്കല്ലനുചെയ്യുന്നു്. മനുഷ്യനു ചെയ്യുകഴിക്കുവാൻ അസാധ്യമായവ ചെയ്യുവാനാണ് യന്ത്രങ്ങൾ ഉണ്ടാക്കിയതു്. മനുഷ്യകായികശക്തിയുടെ പരിമിതി അങ്ങനെ നികത്തി. എന്നാൽ ഇന്നത്തെ യന്ത്രങ്ങൾ മനുഷ്യമസ്തിഷ്കത്തെ അൽപമായി സഹായിക്കുവാൻ പര്യാപ്തമായവയാണ്. ഒരു പ്രത്യേകതരം യന്ത്രത്തിന്നു് ഒരു ജോലി മനുഷ്യൻ ചെയ്യുന്നതിനേക്കാൾ കൃത്യമായും വേഗത്തിലും ചെയ്യുതിക്കുവാൻ കഴിയും. അതേസമയം മനുഷ്യന് ഒരേ സമയത്തു തന്നെ അവന്റെ ബുദ്ധിപരവും, കായികപരവും, വികാരപരവും ആയ കഴിവുകളെ പ്രവർത്തനത്തിൽ കൊണ്ടുവരുവാൻ കഴിയുന്നു. സൈബർനെറററിക്സ് കൊണ്ടുദ്ദേശിക്കുന്നതു് മനുഷ്യന്റെ കഴിവുകളെ ആവുന്നത്ര നന്നാക്കുക എന്നതാണ്.

തൊഴിലില്ലായ്മ

ഓട്ടമേഷൻ തൊഴിലില്ലായ്മ പ്രശ്നത്തെ രൂക്ഷമാക്കുന്നു എന്നൊരു വാദഗതി ഉണ്ട്. സമ്പന്നരാജ്യങ്ങൾ പ്രത്യേകിച്ചു അമേരിക്കയിൽ ഇതു് വളരെ വ്യക്തമായി ദർശിക്കാം. യു. എസ്—ൽ ഇലക്ട്രോണിക് യന്ത്രങ്ങൾ സ്ഥാപിച്ചതുവഴി ഇരുപത്തഞ്ചു ശതമാനം ഗുമസ്തർ ജോലി ഇല്ലാത്തവരായി (1950). ബ്രട്ടനിലെ ഒരു കണക്കനുസരിച്ച് 1987 ആകുമ്പോഴേക്കും ഓട്ടമേഷൻ വഴി മുതലാളിത്തരാജ്യത്തിലെ അറുപതു ശതമാനം ജോലിക്കാർ അലഞ്ഞുതിരിഞ്ഞു നടക്കേണ്ടിവരും...75 മില്യൻ ജോലിക്കാർ അടിയന്തിരമായി നമുക്കിന്ന് ആവശ്യമുണ്ട്. എന്ന് 1964 ജനുവരി 20-ന പ്രസിഡണ്ട് ജോൺസൺ പ്രസ്താവിച്ചു. മുതലാളിത്ത വ്യവസ്ഥിതിയിൽ ഓട്ടമേഷൻ വലിയ ഒരു പ്രശ്നമായി മാറിയിരിക്കുന്നു,

ഓട്ടമേഷൻ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന തൊഴിലില്ലായ്മ പരിഹരിക്കുവാൻ സാധിക്കുമോ? താത്വികമായി അതു സാധിക്കുകതന്നെ ചെയ്യും. കായികശക്തി ആവശ്യമുള്ള മണ്ഡലങ്ങളിൽനിന്ന് തൊഴിലാളികളെയും മുഷിപ്പൻ ജോലിയിൽ നിന്ന് ഗുമസ്തന്മാരെയും മന്ദമോ ഓട്ടമേഷൻ മോചിപ്പിക്കുന്നു. പുരോഗതിയു

(ശേഷം 71-ൽ)

മലയാളനാട് അത്ഭുതലോകം

സത്യസായിബാബ സത്യമോ മിഥ്യയോ ആവട്ടെ. വിവേകികൾ അന്ധരായി വിശ്വസിക്കുകയോ അന്ധന്മാരായി അവിശ്വസിക്കുകയോ ചെയ്യുകയില്ല. സത്യസായിബാബയെ നാളിതുവരെ നേരിൽ കണ്ടുസംസാരിക്കാൻശ്രമിക്കാതെ സ്വന്തം ചിത്രകൂടത്തിലിരുന്നു കവല്ലുവിളികൾമാത്രം നടത്തുന്ന പ്രൊ. എ. ടി. കോവൂർ നമ്മുടെ കാലഘട്ടത്തിലെ വിദഗ്ദ്ധനായ ഒരു തട്ടിപ്പുകാരനാണ്.

വി. ബി. സി. നായർ എഴുതുന്ന

അഹം ബ്രഹ്മാസ്മി

ആധുനികലോകത്തു താടിമീശയുള്ള സ്ഥാനം വിവരിക്കുന്ന

ലക്ഷ്മിക്കുട്ടി, എഴുതുന്ന

'താടിമീശയിൽ'

ഒരു വനീസ് ഭാഷയിലെ അതിബൃഹത്തായ ഒരു ആത്മകഥാനോവലിനെക്കുറിച്ച്

എം. ഷൺമുഖദാസ് എഴുതുന്ന

'ചുവന്നകിടപ്പറയുടെ കിനാവ്'

കഥ

ആത്മാവിഷ്കാരം ആത്മഹത്യയാകുന്നു. നാളെ ഞാൻ പിടിക്കപ്പെട്ടു എന്നു കേട്ടാൽ നീയിനി സങ്കടപ്പെട്ടുകയില്ലല്ലോ.

ഭൂവാനു ഞാൻ ഇക്കാറനുമാണു ഞാൻ. സ്വന്തം ശിസ്സുറുത്തു കൈയ്യിൽ വച്ചുകൊണ്ടു നൃത്തമാടുന്ന ശക്തിയാണ് ഞാൻ. എന്റെ രക്തം നിന്റെ സ്വപ്നങ്ങളെ ചുവപ്പുനിറമാക്കും.

പെരുമ്പടവം ശ്രീധരന്റെ

അതീവശ്രദ്ധേയമായ കഥ

'അച്ചുമയം'

കെ. എൻ. ശ്രീകൃഷ്ണദാസിന്റെ

'തിരുമേനി പറഞ്ഞ കഥ'

എ. ഡി. രാജശേഖരൻ അന്യർ ഉടന്നു

എന്റെ ആദ്യത്തെ കഥാപരമ്പരയിൽ ജി. എസ്. രാധയുടെ

'പ്രവാഹം'

കവിത

ജോൺസ് ടി. എൽ.

നീലമ്പേത്തൂർ

നോവലുകൾ

തകഴി, കാക്കനാടൻ

സാറാതോമസ്

പംക്തികൾ

ജി.യുടെ മാമ്പഴത്തിലെ ഓളങ്ങളിൽ

എം. കൃഷ്ണൻനായർ

സാഹിത്യവാരഫലം

കഷായം —സുകുമാർ

ബാലലോകത്തിൽ

മഴമാന്ത്രികൻ

—ഗംഗാനരേന്ദ്രനാഥ്

സനൽ മംഗലശ്ശേരി

ഗ്രന്ഥനിരൂപണം

ശാസ്ത്രപംക്തി, ചിത്രകഥ,

വയനക്കാരുടെ കത്തുകൾ.

ഇരുപത്തിനാലു്

വണ്ടിയിറങ്ങി, ടൈ്സിയിൽ കയറുമ്പോൾ, ഗ്രേ്സിയിൽ കയറുമ്പോൾ, ഗ്രേ്സിയിലേക്കു നീങ്ങവേ. നാടോടുക മാറിയിരിക്കുന്നുവെന്ന മഹേന്ദ്രനു തോന്നി. വളരെ വിദൂരമായ ബാല്യസ്മൃതിയുടെ ധൂമവൃതമേഖലകളിലെവിടെയോ നിന്നു് നാടിന്റെ അവ്യക്തചിത്രങ്ങൾ അവന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടപ്പോൾ. കാറിന്നുള്ളിലേക്കു ചീറിയടിക്കുന്ന കാററിനപ്പുറത്തു്, തന്റെ പായുന്ന കണ്ണുകൾ കാണുന്ന ചിത്രങ്ങൾ ആ പുരാതനരൂപങ്ങളിൽനിന്നു് എത്രയോ വ്യത്യസ്തമാണു് എന്നവൻ ഓർത്തു.

പിന്നീടു് അവൻ കരുതി! എന്തെ സംബന്ധിച്ചേടത്തോളം ഇത്തരം വ്യത്യാസങ്ങൾക്കൊന്നിനും ഒരർത്ഥവുമില്ല. ഇവിടെ എത്ര മാററം വന്നാലും എനിക്കെന്തു്? എന്റെ ലോകം കുറവല്ല. ഗ്രേ്സിംഗിലുടെയും സന്ധ്യാരോയിയിലുടെയും കാതറിനിലുടെയും മാലിനിയിലുടെയും ലാക്ഷ്മാനയിലുടെയും ഞാൻ എനിക്കുവേണ്ടി പണിഞ്ഞെടുത്ത എന്റെ സ്വകാര്യലോകം മാത്രമേ എനിക്കുള്ളു. ഇവിടെ ഞാൻ ഒരു ദേശാടിയാണു്, ഒരു സന്ദർശകനാണു്, സന്ദർശനസ്ഥലത്തിനു കാലം വരുത്തിവച്ച മാററങ്ങൾ ഒരു സന്ദർശകനെ സംബന്ധിച്ചേടത്തോളം കൗതുകകരമാണെങ്കിൽക്കൂടി ആ കൗതുകം പ്രധാനമല്ല.

കാതറിന്റെ നൈസ്റ്റററ്ൾജിയയെക്കുറിച്ചോർത്തപ്പോൾ മഹേന്ദ്രനു ചിരി പൊട്ടി. ഏതെല്ലാം ലഹരികളിലുടെ കടന്നിട്ടിട്ടുണ്ടു്, ഏതെല്ലാം അനുഭൂതിസൈക്കഡെലിക് അനുഭവങ്ങളിലുടെ കടന്നുപോയിട്ടുണ്ടു്, എല്ലാ ലഹരികളും ഒടുങ്ങിയപ്പോൾ, എല്ലാ അനുഭവങ്ങളും കഴിഞ്ഞപ്പോൾ, കടുവിൽ, അനിവാര്യമായ ഒരു നെടുവീർപ്പോടെ അവൾ പറഞ്ഞു: "എനിക്കു് ഞാൻ ഏതൊരു നാട്ടുകാരിയാണു്. എന്റെ വയലുകൾ. എന്റെ കാടുകൾ. എന്റെ ആകാശം. എന്റെ സൂര്യൻ. എന്റെ വെളിച്ചം. എന്റെ വെയിൽ."

"നിന്റെ തല." മഹേന്ദ്രൻ ആവേശപൂർവ്വം മേശമേൽ ഇടിച്ചു.

സന്ധ്യയും ഗ്രേ്സിയും മാറു് കൂട്ടുകാരെക്കൊണ്ടു പൊട്ടിച്ചിരിച്ചു.

എന്നിട്ടും കാതറിൻ പറഞ്ഞു! "എന്റെ സൂര്യൻ!"

"നിന്റെ സൂര്യനെ ഞാൻ കാണിച്ചുതരാം, ഓമനേ. കരയാതെ. പരിഭവിക്കാതെ." ഗ്രേ്സിയു് പറഞ്ഞു. "അതിന്നുവേണ്ടി നീ എങ്ങും പോകണ്ട."

അവന്റെ സംസാരത്തിലെ കളിയമ്പറിഞ്ഞു് കൂടിയിരുന്നവരൊക്കെ ചിരിച്ചു.

കാതറിൻ ചീറ്റിക്കൊണ്ടു! "നിങ്ങൾ എന്നെ കളിയാക്കുകയാണു്." അവളുടെ കറുത്ത ആഫ്രിക്കൻ മുഖം കൂടുതൽ കറുത്തു.

ആരൊക്കെ കളിയാക്കിയാലും എന്റെ നാടു് എന്റേതാണു്, എന്റെ വേരുകൾ എന്റേതാണു്."

എല്ലാവരും അപഹസിച്ചിട്ടും ആ അപഹാസങ്ങൾകൊണ്ടു് അവളെ മാററിയെടുക്കണമെന്നു് അവരൊക്കെ പന്തയംവച്ചിട്ടും ഒടുവിൽ പോവാറായപ്പോൾ അവളിൽ

നിറയെ ആ "നൈസ്റ്റററ്ൾജിയ" തന്നെ ആയിരുന്നുവെന്നോർത്തപ്പോൾ മഹേന്ദ്രൻ അത്ഭുതപ്പെട്ടു! എനിക്കെന്തേ അതുണ്ടാവുന്നില്ല?

മണ്ണിനോടുള്ള ബന്ധം അത്രവലുതാണോ? പുറത്തു് മണ്ണിൽ പണിയെടുക്കുന്നവരെ അവൻ കണ്ടു. മണ്ണു്. പിറന്ന മണ്ണു്, അമ്മയാണത്രേ. പ്ലാസെന്റമുലം അമ്മയുമായുണ്ടായ്വന്ന ശരീരശാസ്ത്രപരമായ ബന്ധംതന്നെ പിറന്ന മണ്ണുമായി ഉണ്ടത്രേ. എന്തോ, മനസ്സിലാവുന്നില്ല എന്നിട്ടും അവൻ മണ്ണിൽ പണിയെടുക്കുന്ന മനുഷ്യരെയും മുഖച്ഛായ മാറിയ നാടിനെയും ഇരിച്ചുനോക്കിയിരുന്നു.

ഒരുവേള എനിക്കും അത്തരം ബന്ധം ഉണ്ടായിവരുമോ? അവൻ സംശയിച്ചു. ഡില്ലിയിലെ ലഹരിചിരിച്ച സന്ധ്യകൾ അകന്നകന്നു് ഒരു ചുഴിമ്പു സ്മൃതിയായി മാറുമ്പോൾ, ഗ്രേ്സിയുടെയും സന്ധ്യയുടെയും മാലിനിയുടെയും ചിത്രങ്ങൾ മനസ്സിന്റെ ആഴത്തിൽ പൊടിപിടിച്ച പഴയപ്പുരകളിൽ ഒളിക്കുമ്പോൾ വീണ്ടും നാടും വീടും തന്റെ ഉള്ളിൽ വേരുറപ്പിച്ചുവന്നു വരുമോ? അങ്ങനെ വരാനിടയില്ലെന്നു് അടുത്തനിമിഷത്തിൽ മഹേന്ദ്രൻ വിചാരിച്ചു. പ്ലാസെന്റയുടെ ബന്ധംപോലും പ്രസവം എന്ന ചടങ്ങോടെ, അമ്മതറുവിഴുന്നതോടെ, അവസാനിക്കുന്നതാണെന്നു വിശ്വസിക്കുന്ന തന്നിൽ അത്തരം ഒരു ആശയ ഉണ്ടാവേണ്ട കാര്യംതന്നെയില്ലെന്നോർത്തപ്പോൾ മഹേന്ദ്രനു വീണ്ടും ചിരിപൊട്ടി. അത്തരം വൈകാരികബന്ധങ്ങൾ എന്തെങ്കിലും ഉണ്ടായിപ്പോയാൽ പിന്നെ ഞാനെങ്ങനെ എന്റെ സ്വകാര്യലോകത്തിലെ സ്വകാര്യസംഹൃദ്ദുക്കളുടെ മുഖത്തുനോക്കും?

ഒരിക്കലും സാദ്ധ്യമല്ല. അവരുടെ മുഖത്തു നോക്കാനുള്ള ചങ്കൂററം തനിക്കുണ്ടാവില്ല. വേറെങ്ങും പോവാനില്ലാത്തതു കൊണ്ടു് നാട്ടിലേക്കു പോവുന്നു എന്നാണു സന്ധ്യപറഞ്ഞതു്. ഗ്രേ്സിയുവിനെ പിരിഞ്ഞ നാളും വീടും ഒന്നുമില്ല. ഇല്ലാഞ്ഞിട്ടല്ല. അവൻ അതൊക്കെ എന്നേ തീരുമാനിച്ചിരിക്കുന്നു. അവൻ പറഞ്ഞു! "നിങ്ങളിൽ ആരു്, എപ്പോൾ അന്വേഷിച്ചാലും എന്റെ സ്ഥിതം മേൽവിലാസം കുട്രാനിൽതന്നെയായിരിക്കും. ഇയോ്ക് ചിലയാത്രകൾ വേണ്ടിവരുമെന്നേയുള്ളു. കുട്രാനിലിനോടുള്ള ബന്ധ കൊണ്ടല്ല. ചില പ്രായോഗികസൗകര്യങ്ങൾ കാരണം."

"ഞാൻ നിന്നെക്കാൾ ഒരു പടി കൂടി മെച്ചമാണു്," മഹേന്ദ്രൻ പറഞ്ഞു. "എനിക്കു കുട്രാനിൽപോവുമില്ല. മനമില്ല. ഒരിടവുമില്ല. ഞാൻ രാജകുമാരനാണു്. ഈ ലോകത്തെ രാജകുമാരൻ."

"ഈ പ്രപഞ്ചത്തിലെ രാജകുമാരൻ! പ്രപഞ്ചത്തിന്റെ രാജകുമാരൻ." സന്ധ്യ തിരുത്തി.

"അതെ, ഈ പ്രപഞ്ചത്തിന്റെയൊക്കെ എന്റെ വകയാണു്. ഞാനൊരു പറവയാണു്, എനിക്കു് ഇഷ്ടമുള്ള ആകാശങ്ങളിൽ ഞാനു പറക്കുന്നു. എനിക്കിഷ്ടമുള്ള മരക്കൊമ്പത്തുചെന്നിരിക്കുന്നു."

കരഘോഷം. അടുത്ത ചുരുട്ടിന്റെ ധൂമപടലങ്ങൾ. അടുത്ത വിസ്കിയുടെ ലഹരി. അടുത്ത റെക്കോർഡിൽ നിന്നു സംഗീതം. ചലനം. നൃത്തം.

മഹേന്ദ്രനു പുറത്തു്, കാറിനുപുറത്തു് വയലുകൾ. വലിയ വൃക്ഷങ്ങൾ, വീടുകൾ, പാറകൾ, നാടു്. നാടെന്നു അത്ഥ. അനേകമനേകം സന്തതികളെ മറുമുറിച്ചു പൊററുതുള്ളിയ അമ്മ, ആരുടെ അമ്മ? ചീറിപ്പാഞ്ഞെത്തുന്ന കാററു്. മുൻപിൽ നിരത്തു്.

നിരത്തിൽ നിന്നാരോ കാറിനു കൈ കാട്ടി.

"നിറുത്തു." മഹേന്ദ്രൻ ഡ്രൈവർക്കു നിർദ്ദേശം നല്കി. ആരാണാവോ?

കറുത്ത, സാധാരണമുഖമുള്ള. എന്തു വച്ചാൽ മുഖമില്ലാത്ത ആയിത്തിലൊരുവൻ കാറിന്നുള്ളിലേക്കുവന്നു. തൊഴുതു. മഹേന്ദ്രനും തൊഴുതു.

"ആരിനാണു കുഞ്ഞല്ലേ?" ആഗതന്റെ ചോദ്യശബ്ദം.

"മനസ്സിലായില്ല."

മുഖമില്ലാ മുഖംവാടി. "എന്നെ മറന്നുകാണില്ലേ? ഞാൻ കുട്ടനാ. നാണുവുള്ളേടെ മകൻ. നമ്മളൊന്നിച്ചു കളിച്ചുവളർന്ന തലേല്?"

ചികയലിന്നതിനുമായി കട്ടിപിടിച്ചിരിക്കയാണോർത്ത. ഏതു നാണുപിള്ള? ഏതു കുട്ടൻ?

"എന്നും വരട്ടെ. ഇത്തിരി ബോഹ്യം പറഞ്ഞുകളയാം. സ്കൂ്ളിപ്പെടാനെന്തിരിക്കുന്നു?

"ങ്ഹാ, ക്ഷമിക്കണം കുട്ടാ. ഞാനാററനോടുത്തിലറിഞ്ഞില്ല."

അപരന്റെ മുഖം മങ്ങിത്തുടങ്ങി.

മഹേന്ദ്രൻ ഉടൻ! "പിന്നെന്തൊക്കെയുണ്ടു വിശേഷം?"

"നല്ല വിശേഷം. കഞ്ഞാകെ അടുത്തു മാറിയല്ലോ. മുടിയൊന്നും വെളുത്തിട്ടില്ലേ? ഞാൻ അപ്പുന്നെ അന്നേടു പറഞ്ഞതുകാണം. അന്നു വിശേഷമൊന്നും നമുക്കു പററിയ ക്ഷയമൊന്നുമില്ലാതിരിക്കും. അല്ലെ

കിച്ചും അവനും ഇവനും ഒന്നും വെളിയിൽ നമുക്കിഷ്ടപ്പെത്തില്ല. നമ്മളിവിടെലോ വളർന്നു, ചെറുപ്പത്തി ശീലിച്ചതു മറ്റൊന്നൊക്കോ? എനിക്കമങ്ങനാ. ഏതെന്തെസാക്കോണ്ടുപോയാലും എനിക്കൊന്നു വയറുനിറച്ചുണ്ണണകിലിവിടെ ഞാണം. മരന്നാറങ്ങണകിലോ? ഒന്നും വേണ്ട നേരൊചൊവ്വേ ഒന്നു ഞുറണെങ്കിപ്പോലും ഇവിടെ വന്നേക്കെ," ഒരു വട്ടിച്ച ചിരി ചിരിച്ചിട്ട് കട്ടനെന്നവൻ ഉടനന്നു "മള്ളനാ കണ്ണേ, ഞാനിന്നാളെരീസം പാലിപ്പള്ളിവരെയൊന്നു പോയി. ഒന്നു ഞുറാൻ ചെട്ടു പാടു്. മട്ടക്കം താങ്ങിപ്പിടിച്ചുണ്ടിങ്ങു പോന്നു." ഏതോ മരപരിചിത പക്ഷിയുടെ ശബ്ദത്തിൽ കട്ടൻ ചിരിച്ചു.

മഹേന്ദ്രനു വല്ലാത്ത ബോറു തോന്നി. ആകെ അബദ്ധമായിപ്പോയി. കാറു നിർത്തേണ്ടതില്ലായിരുന്നു. കൈയുള്ള ബനിയനും മുഷിഞ്ഞ കാറമുണ്ടും ധരിച്ച, മുഖത്ത് കുറ്റിരോമങ്ങളും വളിച്ച ചിരിയുമുള്ള കണ്ണകട്ടൻ മര്യാദയല്ലാതെ മരറാന്നു മിണ്ടാത്ത ഇവൻ, കട്ടനെന്ന ഈ മുഖക്കാരൻ ഇത്ര അപകടകാരിയാണെന്നറിഞ്ഞിരുന്നില്ല. ഇനി ഇവിടെ നില്ക്കുന്നതു കൂടുതൽ അപകടകരമാണ്. ഇവനെ വിശ്വസിച്ചുകൂടാ. ഇവൻ ഏതു നിമിഷത്തിൽ ഏതു വിഷയത്തിലേക്കു കടക്കുമെന്നും എന്തെല്ലാം പറയുമെന്നും പ്രവചിക്കാനാവില്ല. പക്ഷേ, കട്ടൻ സംസാരം തുടരുകയായിരുന്നു.

"നാടെന്തു പറഞ്ഞാ നാടാ കണ്ണേ, അതു വേറൊരും കിട്ടത്തില്ല. അങ്ങനെ വേറെ കിട്ടോ? നമ്മളൊക്കെ എവിടെച്ചെന്നാലും ഈ നാടിന്റെ ഗുണം കാണിക്കും. വെറുതെയല്ല പണ്ടാളോരു പറയുന്നതു് പഠിച്ചതേ പാടൂന്ന്." അതുകൂടി പറഞ്ഞുനിർത്തിയിട്ട്, ഒരു പൂണ്ണവിരാമംപോലുമിടാതെ, വെറുമൊരു ദീർഘവിരാമത്തിനു ശേഷം, നേരൊചൊവ്വേ ഒന്നു ശ്വാസം വിടുകൂടി ചെയ്യാതെ, കട്ടൻ പൊടുന്നനെ വിഷയം മാററി, സംസാരം തുടർന്നു:

"അവിടെന്തൊക്കെയുണ്ട് കണ്ണേ വിശേഷം? ശാപ്പാടൊക്കെ സുഖമാണോ?

അലതല്ലുന്ന
ആനന്ദനിർവൃതിയിലേക്ക്
അല്ലലും അലട്ടും മറന്ന മുന്നേറ്റവിൽ!

കേരള ദിനേശ്ബീഡി

അദ്ധ്വാനിക്കുന്നവന്റെ എന്നും
കരുത്തുമിത്രമാണ്,

നിർമ്മാതാക്കൾ:—

The Cannanore Beedi Workers' Central Co-op. Society Ltd.,
No. 8. (IND) C. 61.
CANNANORE
Phone: 699. Tel: DINESBEEDI

താകം

ഒ. പി. ഉഷ

നിശ്ചലമായ തടാകത്തിൽ
കളിയായി
കല്ലിട്ടു നീ...
നിൻ ചിരി-
യെന്നുടെ ഹൃദയകളിലോർക്കാ-
ത്തിരതല്ലി
വെളിച്ചപ്പോലെ;
രൌദ്രോന്മത്തമെ-
ങ്കിലിവാക്കിൻ തുളുക്കംപോലെ.
തകർന്നുപോയി ജലത്തിൻ ചില്ലിൻ
ശാന്തതയിലും-
ശിഥിലാ ഹൃദയം
ശിഥിലം ജീവിതമഖിലം.
പ്രത്യ ബിംബിയ്ക്കുന്ന ജഗത്തിൻ
ചലനങ്ങൾ.
വക്രിച്ചു വിരിയും
പൂവുകളെന്നിൽ
നൃത്തം ചെയ്യുന്നില.
എന്നിൽ ക്ഷുരപ്രഭയുന്നീലാ
ഗഗനത്തിൻ മേഘങ്ങൾ
ഗഗനത്തിൻറെ വിളക്കുകളെന്നിൽ
തെളിയുന്നില.
ഇല്ലിനി വന്നാ വരുനി-
യലകളെ വേഗമൊതുക്കു നിൻകയ്യാലെ...
നീയിട്ടോരു കല്ലെന്നുടെയാഴത്തിൽ
നഷ്ടപ്പെട്ടു കഴിഞ്ഞെങ്കിലും
തിരകളൊതുങ്ങുന്നില
തിരകളൊതുങ്ങുന്നില,
കല്ലിൻ കണ്ണുകൾക്കാരു
തകർന്നാൽ ചില്ലിൻ
കാണ്മാനതു തിരകൾ, തിരകളൊതുങ്ങുന്നില
ശിഥിലീകൃതമായ തിരകൾ മാത്രം.
അതിക്കളിതിനി...നീ ഞ്ഞ
നിന്നെത്തന്നെയറിഞ്ഞ്ഞ്ഞ
നീ യെന്നിൽ
—തപ്തിതടയുന്നു ഞാൻ
നഷ്ടപ്പെട്ട വിശുദ്ധിക്കായ്!
ശാന്തിക്കായി.

—0—

അതിരുകടന്ന്വാ വിഷ്ണ് നമ്മടിവിടെ ശാപ്പാടുതന്നാന്നാ അവിടേം? ഇന്നാളാരാണ്...ആരു... ആ ങ് നമ്മടെ ചെട്ടിയാരിലെ തൊമ്പിടെ മോൻ പാപ്പൻ—അവൻ പട്ടാളത്തിലാ—അവൻ പറേന്ന കേട്ട്, ഈ വടക്കേ ഇന്ത്യക്കാരൊക്കെ മണ്ണക്കറൊട്ടിയാ തിന്നുന്നേന്ന്. മള്ളനാണോ കണ്ണേ? നമ്മടെ..."

സഹിക്കെട്ട്, മഹേന്ദ്രൻ ഇടയ്ക്കുകയറി വിട്ടു.

"എന്നാലല, ഞാൻ വീട്ടിലൊന്നു ചെല്ലട്ടെ, കട്ടാ. ഒന്നു കുളിക്കണം. വിശ്രമിക്കണം. യാത്രാക്ഷീണമുണ്ട്."

"ശരിയാ." കട്ടൻ അപ്പോഴും ചിരിച്ചു. തന്റെ മുഖത്ത് പ്രകടമായ നിരാസവും ശബ്ദത്തിലെ അലക്ഷ്യഭാവവും കട്ടനെ ഒട്ടും അസ്വസ്ഥനാക്കാതെ മഹേന്ദ്രന് അതിശയം തോന്നി. "ഈ ത്രാക്ഷണം കാന്തം. വിശ്രമിക്കാനാ. എന്നു ഒരു ബസിൽ വണ്ടിലിരിക്കണം കണ്ണേ ഗ്രാമങ്ങൾ!"

"നാലുദിവസം." മഹേന്ദ്രൻ പെട്ടെന്ന് പറഞ്ഞു. "എന്നാൽ പോട്ടെ. പിന്നെക്കാണാം."

"കാണാം. ഞാനങ്ങുവരാം."

മഹേന്ദ്രൻ ഡ്രൈവറോട് വണ്ടി സ്റ്റാർട്ട് ചെയ്യാൻ പറഞ്ഞു. അയാൾ അനുസരിച്ചു.

വണ്ടിനീങ്ങുമ്പോഴും കട്ടന്റെ ശബ്ദം കേട്ടു: "തക്കപ്പനെ പറഞ്ഞയക്കാം."

—0—

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

എന്റെ ഒരു സ്നേഹിതന് രോഗം വന്നപ്പോൾ ഡോക്ടർ Hostacyeline എന്ന മരുന്നു കുറിച്ചുകൊടുത്തു. ആഴ്ചയ്ക്കു മൂന്നുമണിക്കൂറിലൊരിക്കൽ ഒരു കപ്സ്യൂൾ കഴിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. സ്നേഹിതനോ "എട്ടുകട്ടയ്ക്കേ ചോറും കറിയും" എന്ന മട്ടുകാരൻ. അദ്ദേഹത്തിനു രോഗം ഉടനെ ഭേദമാകാൻ ആഗ്രഹം. ആ ആഗ്രഹംകൊണ്ട് അദ്ദേഹം മൂന്നുമണിക്കൂറിലൊരിക്കൽ രണ്ടെണ്ണം കഴിക്കുകയായി. ഒടുവിൽ "വയറു കത്തുന്നു ഞാനിപ്പോൾ മരിക്കും" എന്നെല്ലാം അദ്ദേഹം "ആക്രോശിക്കാൻ" തുടങ്ങി. മറ്റു മാർഗ്ഗമൊന്നുമില്ലാതെ ഞാനും മറ്റു ചിലരും ചേർന്ന് അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോയി. അതിതീക്ഷ്ണമായ മരുന്നുപ്രയോഗം ദോഷം ചെയ്യും അതിതീക്ഷ്ണമായ വിമർശനവും അങ്ങനെതന്നെ. ഡോക്ടർ കെ. മാസ്സുനൻനായർ ധർമ്മക്ഷയത്തിൽ കോപാകുലനായി വ്യക്തികളെയും സ്ഥാപനങ്ങളെയും മർസിക്കുമ്പോൾ "ഈ ലോകം തകരട്ടെ, തകർന്നു് ഇവിടെ ഞാൻ മാത്രം യോഗ്യൻ" എന്ന രീതിയിൽ ചരിത്ര"പ്രസംഗം" നടത്തുമ്പോൾ ഹോസ്റ്റസൈക്ക്ളിൻ ഡബിൾഡോസ് കഴിച്ച എന്റെ സ്നേഹിതനെയാണ് ഞാൻ ഓർത്തുപോവുക. ഇത്രവണ അദ്ദേഹം രോഷാഗ്നി ജ്വലിപ്പിച്ചുവിടുന്നതു് അധ്യാപകരുടെ നേർക്കാണ്, അദ്ദേഹത്തിന്റെ ഉപാലംഭങ്ങളെ നമ്പരിട്ട് താഴെച്ചേർക്കുന്നു—

1) അധ്യാപകൻ "രാഷ്ട്രീയക്കാരെ"പ്പോലെ ജീവിക്കുന്നു. അതു് ആപത്താണ്.

2) വിദഗ്ദ്ധരായ അധ്യാപകർ വിദ്യാർത്ഥികൾക്കു പണ്ടു പറഞ്ഞുകൊടുത്ത "മനോട്ട"കൾ വീണ്ടും പറഞ്ഞുകൊടുക്കാനേ ഇന്നുള്ളവർക്കു കഴിയുന്നുള്ളു. അവർക്കു ഗ്രന്ഥപാഠമായണം ഒരു ശീലമല്ല അവർക്കു മൗലികപ്രതിഭയില്ല.

3) അധ്യാപകർ കാറുകൾ വാങ്ങിക്കൂട്ടി പണം സമ്പാദിക്കുന്നു; വസ്തുക്കൾ കുറഞ്ഞവിലയ്ക്കു വാങ്ങി കൂടിയവിലയ്ക്കു വില്ക്കുന്നു; ട്യൂഷൻസ്ഥാപനങ്ങൾ പരസ്യമായും രഹസ്യമായും നടത്തുന്നു.

4) ചിലർ (അധ്യാപകരെയായിരിക്കണം മാസ്സുനൻനായർ ലക്ഷ്യമാക്കുന്നതു്) വിനയം നാവിക്കൂ; മാറിനിന്നു തെറിപറയും. അവർക്കു എല്ലും തൂണുമാണ്.

അങ്ങനെ പറഞ്ഞപ്പോൾ ഉപാലംഭത്തിന്റെ ശക്തി കുറയ്ക്കുകയായി. അതുകൊണ്ട് മലയാളരാജ്യം ചിത്രവാരികയുടെ മന്ദാംഗക്കത്തിൽ അദ്ദേഹമെഴുതിയ ലേഖനംതന്നെ വായിച്ചുനോക്കാൻ ഞാൻ വായനക്കാരോടു് അപേക്ഷിക്കുന്നു. അതിനു സൗകര്യം ലഭിച്ചില്ലെങ്കിൽ താഴെച്ചേർക്കുന്ന രോഗം മാത്രം വായിച്ചാൽ മതി. ഡോക്ടർ മാസ്സുനൻനായർ അധ്യാപകരെ വിമർശിക്കുകയല്ല ശകാരിക്കുകയല്ല തെറിപറയുകയാണ് എന്ന സത്യം ബോധപ്പെടും.

"ഇങ്ങിനെയുള്ളവർക്കു മനസ്സിക്കാനുതകുന്ന ത്രിഭുവനത്തിൽ എന്തെങ്കിലുമുണ്ടോ എന്നു വിസ്മയിച്ചിട്ടുണ്ട്. സത്യധർമ്മങ്ങൾ പുല്ലാണ്. പഠിത്തം പുല്ലാണ്. മനുഷ്യത പുല്ലാണ്. പദവിയും അധികാരവും പുല്ലാണ്. സംസ്കാരം പുല്ലാണ്. സമുദായം പുല്ലാണ്. വിദ്യാലയം പുല്ലാണ്. വിദ്യാർത്ഥികൾ പുല്ലാണ്. സർവവും പുല്ല് വെറും പുല്ല്. താൻമാത്രം കേമനും. ലോകം മുഴുവൻ തന്റെ ഇച്ഛയ്ക്കൊത്തു നടക്കണം. അതാണ് സ്വരഗ്ഗം. നടന്നില്ലെങ്കിൽ—ഇല്ലെങ്കിൽ—എന്താണ് ചെയ്യുക? നാലു തെറി പറയും, നാലു കല്ലു കൂട്ടി തെറി."

സംസ്കാരലോപംകണ്ട് വിമർശനകുതുകം ഉദ്ദീപ്തമായ ഡോക്ടർ മാസ്സുനൻനായർ എത്ര പ്രാവശ്യം പുല്ലെന്നു പറയുന്നവെന്നു നോക്കുക. നമുക്കാർക്കെങ്കിലും ഈ ശബ്ദപ്രയോഗത്തിന് ധൈര്യമുണ്ടോ? പരസ്യമായി നാമൊരിക്കലും ഈ പദം പ്രയോഗിക്കുകയില്ല. സ്വകാര്യസംഭാഷണത്തിൽപ്പോലും നാം ഇതു പ്രയോഗിക്കാൻ മടിക്കും. "ബഹുമാനിയാണാനാരെ ഇർമാരെ പ്രകൃതിനിയമമാണ്. മനുഷ്യർ നല്ലവരാണ് ചിന്തകളാണ്. അധ്യാപകരുടെ ഇടയിലും ചിന്തയാളുകളുണ്ട്. അവരുടെ കൂട്ടത്തിൽ എന്നെക്കാളും ഡോക്ടർ മാസ്സുനൻനായരെക്കാളും നല്ല ആളുകളുണ്ട്. ആ പരമാർത്ഥത്തിന്റെ നേർക്കു കണ്ണടച്ചിട്ട് എല്ലാ അധ്യാപകരും ദുഷിച്ചവർ എന്ന് ഉദ്ഘോഷണം ചെയ്യുന്നതു് സ്വകീയമായ മാലിന്യത്തെ വിളംബരം ചെയ്യാൻ മാത്രമേ പ്രയോജനപ്പെട്ടു. ആരെങ്കിലും ടോക്സിക്കാർക്കൊണ്ടു പണം സമ്പാദിച്ചാൽ, ആരെങ്കിലും വസ്തു കൊടുത്തും വാങ്ങിയും ധനം ആർജ്ജിച്ചാൽ ഉടനെ എല്ലാ അധ്യാപകരും അങ്ങനെതന്നെയാണു പ്രവർത്തിക്കുന്നതെന്നു കരുതുന്നതു് ഉന്മാദമാണ്.

കാണുമ്പോൾ ബഹുമാനം മാറിയാൽ തെറി, ശരിയാണ് അങ്ങനെയുള്ളവർ ഇല്ലാതില്ല. പക്ഷേ, ഈ രഹസ്യമെടുത്തു പരസ്യം ചെയ്യുന്നതിനുമുൻപു നമ്മൾ അങ്ങനെ ചെയ്യാറുണ്ടോ എന്നുകൂടി ആലോചിക്കണം. ആ വിഷയത്തെക്കുറിച്ചു ഞാൻ കൂടുതലെഴുതുന്നതു ശരിയല്ല. ഒരു വസ്തുത കൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതു് അവസാനിപ്പിക്കാം. ഒരോ സമയത്തു് ഓരോന്നു പറയുന്നതും സംസ്കാരലോപമാണ്. കഴിഞ്ഞ വർഷത്തെ മാതൃഭൂമി വിശേഷാൽപ്രതിയിൽ ഡോക്ടർ മാസ്സുനൻനായർ മേത്ത്സെഡുങ്ങിനെ വാഴ്ത്തിയിരുന്നു; അതിനുമുമ്പ് വാഴ്ത്തിയിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ മട്ടു മാറിപ്പോയി. മോക്സെഡുങ്ങ് തെറിപറയുന്നവനാണെന്ന് അദ്ദേഹം അസന്ദിഗ്ദ്ധമായ ഭാഷയിൽ എഴുതിയ കുറിപ്പു (മലയാളരാജ്യം—ചുറ്റം 38) എന്താണു ജാലവിദ്യയാണെന്നല്ലാം!

ഡോക്ടർ മാസ്സുനൻനായർ ആധ്യാത്മികരോഗമുള്ളവരാണെന്നാണു സ്വയം നാവിക്കുന്നതു്. അങ്ങനെ നാവിക്കുന്ന ആളുകൾ ഈ കോപപ്രകടനം നല്ലതല്ല. പരുഷഭാഷണശീലം നല്ലതല്ല.

(ശേഷം 55-ൽ)

ക്രോധാദ് ഭവതി സംമോഹഃ

ക്കുകൾ തൃണവൽ" എന്നേ മഹാകവിപോലും കഥാപാത്രത്തെക്കൊണ്ടു പറയിച്ചിട്ടുള്ളു.

എല്ലാക്കാലത്തും മനുഷ്യർ "മഹാപാലയ്"യാണ്. ഇക്കാലത്തുമാത്രം മനുഷ്യർ അധഃപതിച്ചുപോവുന്ന വാദം ശരിയല്ല. 2500 കൊല്ലം മുൻപു് സോക്രട്ടീസിനെ വധിച്ചുകൊട്ടുത്തു കൊന്ന മനുഷ്യൻ ഗ്രീസിലെ കലാകാലം കഴിഞ്ഞപ്പോൾ ക്രിസ്തുവചനം കുരിശിൽ തറച്ചതു്. ഇപ്രകാരം ശക്തിയിൽ അവർ ഗാന്ധിജിയെ വെടിവച്ചുകൊന്നു. തന്നെയുടെയും നന്മയുടെയും പ്രവാഹങ്ങൾ സമാന്തരമായി കഴുകുന്നു. അലക്സാണ്ടറുടെ കാലത്തു് അരിസ്റ്റോട്ടിൽ; നെപ്പോളിയന്റെ കാലത്തു ഗോയ്ഥേ; ഹിറ്റ്ലറുടെ കാലത്തു് ഗാന്ധിജി.

ഗായത്രി മൽഹോത്രയുടെ ദിവസം

നന്ദിനി

ആഗ്രഹിച്ചതിന്റെ മടിക്കുത്ത് നിറഞ്ഞുനിൽക്കുന്ന വസന്തങ്ങളല്ലായിരുന്നു. വെളിച്ചത്തിന്റെ ശ്രദ്ധയ്ക്കുമപ്പുറം ഇരുൾ കടന്നുവന്നപ്പോഴും അവൾ തിരിഞ്ഞോടാതെ, ഉൾക്കിടിലത്തോടെ നോക്കിനിന്നതേയുള്ളൂ.

ഏതോ ഒരവ്യക്തമായ സംഭ്രമത്തിൽപ്പെട്ട്. ഇനി ഒരിക്കലും മടങ്ങിനിന്നു രക്ഷപ്പെടാനാവില്ലല്ലോ എന്നോർത്തവൾ ഭയപ്പെട്ടു.

മകന്റെ സഹപ്രവർത്തകരെല്ലാം വ്യാപകമായ തിരച്ചിൽ നടത്തി പരിഭ്രമിച്ചുകൊണ്ടുപോയി. ഇനി അവശേഷിക്കുന്നതു താൻ മാത്രം. മാപ്പുസാക്ഷിയായി മാറിയിരിക്കുന്ന തനിക്കു ഭരണാധികാരികൾ സംരക്ഷണം നൽകുമല്ലോ, പക്ഷേ നായത്തിനാണി ഏൽക്കലത്.

അവൾ നിർനിമേഷയായി നോക്കിനിന്നു. എന്തൊക്കെയോ ഭയങ്ങൾ ഈ അന്തരീക്ഷത്തിൽ കഴിച്ചുകൂട്ടിയതാണ്. അന്നത്തെ ധീരതയും സാഹസികതയും ഇന്നെവിടെ?

ഒരു കാലത്ത് ആർക്കുമടുക്കാം വഴങ്ങാത്ത ചമ്പൽക്കാടുകൾ ഇന്നി ഏതാനും മണിക്കൂറുകൾക്കുള്ളിൽ കീഴടങ്ങും...

മേജർ മഹാഫ ഗ്രസംഗ്ര് അടുത്ത വർഷത്തെ പ്രശസ്തസേവനത്തിനുള്ള ഗ്രാഡ്യ് ഇപ്പോഴേ നശ്ചയിച്ചു കഴിഞ്ഞു— മേജർക്ക് ഇന്നത്തെ ഇന്നലെയുമായ ഏതു മാർഗ്ഗം അഭിനന്ദനങ്ങൾ കിട്ടുമായിരിക്കും. അഭിനന്ദനങ്ങൾക്കു സ്വതസിദ്ധമായ പുഞ്ചിരിയോടെ മറുപടി പറയുമ്പോൾ ചിലപ്പോൾ തന്റെ പേർക്കൂടി അദ്ദേഹത്തെ സഹായിച്ചവരുടെ പട്ടികയിൽ ചേർക്കുമായിരിക്കും...

"ഗായത്രിമൽഹോത്ര എന്ന പെൺകുട്ടി ഇല്ലായിരുന്നെങ്കിൽ കൽത്തറനിന്നു നിങ്ങളോടു സംസാരിക്കേണ്ടിവരികില്ലായിരുന്നു...അവളുടെ സേവനങ്ങൾ...

മേജർ വിജയഹാരം ഉദ്ദേശത്തിൽ പ്രസംഗിക്കുമ്പോൾ ഒരു പക്ഷേ, ഇങ്ങനെ അനുസ്മരിച്ചേക്കാം...

കഴിഞ്ഞ പൗർണ്ണമിയിലെ കൃഷ്ണപക്ഷത്തിൽ എല്ലാവരേയും ഒരുമിച്ചു കണ്ടതാണ്. ഇന്ന് അവരിൽ പകുതിപ്പേർ കൊല്ലപ്പെട്ടിരിക്കുന്നു. പകുതിപ്പേർ ഉറുമ്പിടയ്ക്കപ്പെട്ടിരിക്കുന്നു.

ഗായത്രി മൽഹോത്രയുടെ പേരു് റേഡിയോവിലൂടെയും പത്രങ്ങളിലൂടെയും വാഴ്ത്തപ്പെടുമ്പോൾ, ഗായത്രിയെ ഗായത്രിയാക്കിയ ചമ്പൽ കാടുകളുകയാണെന്നവൾക്കു തോന്നി...

മഹൻസിംഗ്, ഖർഞ്ചച്ചൻ, അനിതയുടെ നേതാക്കന്മാരല്ലാം ഇപ്പോഴെവിടെയായിരിക്കും? മധ്യപ്രദേശിലെ ഏതോ ഒരജ്ഞാതകേന്ദ്രത്തിൽ നൂറുകണക്കിന് പോലീസുകാരുടെ കാവലിലുള്ളിലായിരിക്കും...ഉന്നം പോലീസുദ്യോഗസ്ഥന്മാരുടെ ചോദ്യങ്ങൾക്കു തൃപ്തികരമായ രീതിയിൽ ഉത്തരം പറയാത്തതിനു ക്രൂരമായി മർദ്ദനവിധേയമായിട്ടുണ്ടാവും...

—എങ്കിൽ...എങ്കിൽ ഈശ്വരാ തനിക്കിതു സഹിക്കാനാവില്ല—

അവൾ തേങ്ങി.

ആരെയാണിതിനു കുറ്റം പറയേണ്ടതു്?

എല്ലാത്തിനും കാരണക്കാരി താനല്ലേ?

നഗരത്തിലെ സൂപ്പർമാർക്കറ്റിലെ കിഴവൻ മാനേജരാണോ? അതോ ഇല്ലായിരുന്നെങ്കിൽ മേജർ മഹാഫ ഗ്രസംഗ്ര് പരിചയപ്പെടുമായിരുന്നില്ലല്ലോ?

അവരെ വഴിക്കാട്ടിയതു് മറ്റാരുമായിരുന്നില്ല.

ഇവൻ, ഗായത്രി മൽഹോത്ര എന്ന ചുറുചുറുക്കുള്ള ചെറുപ്പക്കാരിയെന്നോടായിരുന്നു...

ക്യാമ്പിലെ രീതിക്കനുസൃതമായ യുവാക്കൾക്ക് എപ്പോഴും നേതൃത്വം നൽകാറുള്ള തനിക്കിതെങ്ങിനെ കഴിഞ്ഞു. തന്റെ ഒരു നോട്ടത്തിനുമുമ്പിൽ തല കുനിഞ്ഞുപോകുന്ന ചെറുപ്പക്കാരെ എന്തുമാർഗ്ഗം പരിശീലനം നൽകിയാണ് സമർത്ഥന്മാർ എന്ന പേർ വരുത്തിച്ചതു്.

— ജിജി നിങ്ങളില്ലായിരുന്നുവെങ്കിൽ ഇവിടമാകെ വിജനമായ അനുഭവപ്പെട്ടേനെ...ഈ സംഘത്തിൽനിന്നു മുക്തി ലഭിക്കപ്പെടാനാവില്ലെങ്കിലും ആ കാഞ്ചന തടാകമെങ്കിലും എന്നെ രക്ഷിക്കാനുണ്ടാവും.

ദിവസങ്ങൾ മുന്നൂറുപ്രാവശ്യം മണിലാലന്ന ചെറുപ്പക്കാരൻ പറയാറുള്ളതാണ്. അവന്റെ ആത്മാർത്ഥതയുടേയും നിഷ്കളങ്കതയുടേയും മുമ്പിൽ താൻ ചെറുതായി ഒന്നുമില്ലാതായതുപോലെ അവൾക്കു തോന്നി.

ഒരിക്കൽ കൽക്കട്ടാ നാഗ്പ്പൂർ മെയിലിനെ കൊള്ളയടിച്ചിട്ടു ക്യാമ്പിൽ വന്നപ്പോഴായിരുന്നു തന്റെ കഴിവുകളെക്കുറിച്ചുള്ള മതിപ്പിനെപ്പറ്റി അറിഞ്ഞതു്.

—"ഗായത്രീ! നീ എന്തു ധീരതയാണു കാണിച്ചതു്. ഗവൺമെന്റിനുപോലും നീ ഇന്നൊരു ഭീഷണിയാണ്."

ഒരുനൂറ്റാണ്ടു ഹിഷാരവങ്ങൾക്കിടയിലൂടെ വയോവൃദ്ധനായ ബോധിനാഥ് സൂത്രവചനങ്ങൾ ഉതിർത്തപ്പോൾ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട ഒരു നിമിഷമായിരുന്നുവെന്നു തോന്നി.

നേതാവിന്റെ എണ്ണപ്പെട്ടുകഴിഞ്ഞ അന്ത്യസ്വരുപറാണി തന്റെ നെഞ്ചിൽ തിലകം ചാർത്തിയനുഗ്രഹിച്ചു.

—നീ ഞങ്ങളുടെ ലക്ഷ്യാർഗ്ഗമാണ്.

നിന്നിലെ അചഞ്ചലമായ ധൈര്യത്തിൽ ഞങ്ങൾ വിശ്വാസമർപ്പിക്കുന്നു—

ആ വാക്കുകൾ ഞങ്ങളുടെ ഞരമ്പുകൾ ചൂടുപിടിച്ചതായ തളർത്തിൽ അഭിമാനം കൊണ്ടു

—നിങ്ങളുടെ വിശ്വസത്തിനാകുമ്പോൾ ഞാൻ ജീവനുള്ള കാലം മുഴുവൻ

(ശേഷം 50-ൽ)

കാൻസറിന്റെ മുന്നോടി

"ഈ അസുഖം കാൻസറാണോ?" എന്ന ചോദ്യത്തിനു സ്വയമൊരുത്തരം കണ്ടെത്താൻ സഹായകമാകണമെന്നുള്ളതല്ല ഈ ലേഖനത്തിന്റെ ഉദ്ദേശം. ചില പ്രത്യേക രോഗലക്ഷണങ്ങളുണ്ടായാൽ അതു കാൻസറാണോ അല്ലയോ എന്ന സംശയത്തിനുമായി ഉടനേതന്നെ ഡോക്ടറിക്കപ്പെടേണ്ടതുണ്ടെന്ന് വളരെപ്പേർക്കെന്നുമറിയില്ല. അവരെയൊന്നുണർത്തുകയാണിതിന്റെ ലക്ഷ്യം. ശരിയായ ഒരു ചികിത്സാവിധി ഇന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട്, കാൻസറെ എത്രയും നേരത്തെയറിഞ്ഞ തിരിച്ചറിയപ്പെടേണ്ടതുണ്ട്. അല്ലെങ്കിൽ രോഗനിവാരണത്തിന്റെ വിജയസാദ്ധ്യത വളരെയേറെ കുറയും. കാൻസറാകാനുള്ള സാദ്ധ്യതയുള്ള ചില രോഗലക്ഷണങ്ങളെ പ്രതിപാദിക്കുകയാണിവിടെ.

സ്ത്രീകളിൽ വളരെ സാധാരണയാണ് സ്തനങ്ങളിലെ കാൻസർ. സ്തനങ്ങളിൽ കട്ടിയുള്ള ചില ഭാഗങ്ങൾ സ്പർശിച്ചറിയാൻ കഴിയുമെന്നുള്ളതാണ് ആദ്യലക്ഷണങ്ങളിലൊന്ന്. ഇതല്ലാതെ മറ്റു ലക്ഷണങ്ങളൊന്നും ചിലപ്പോഴറിയാതെയുമിരിക്കില്ല. ആർത്തവത്തിനു തൊട്ടുമുൻപുള്ള ദിവസങ്ങളിൽ സാധാരണഗതിയിൽ സ്തനങ്ങളുടെ വലുപ്പം കൂടും. അതോടൊപ്പംതന്നെ മൃദുത്വം കുറയുകയുമ്പോൾ. അതുകൊണ്ട് സ്തനങ്ങളുടെ ശരിയായ പരിശോധന നടത്തുന്നത് ആർത്തവം കഴിഞ്ഞ് രണ്ടാഴ്ചയ്ക്കുശേഷം മതി. ആരോഗ്യവതിയായ ഒരു സ്ത്രീയുടെ മുലക്കണ്ണുകൾ രണ്ടും ഒരേ നിലപ്പിലായിരിക്കും. ഇവ ചെറുതായോ വലുതായോ ഉണ്ടാകുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു ലക്ഷണമാണ്. സ്തനങ്ങൾ രണ്ടുകൾകൊണ്ടു നല്ലതുപോലെ അമർത്തി പരിശോധിക്കുന്നതുകൂടെയേ, രോഗബാധയുണ്ടെന്നു സംശയിക്കപ്പെടുന്ന ഭാഗത്തിന്റെ ഒരു ഭാഗം ശസ്ത്രക്രിയ ചെയ്തെടുത്ത് മൈക്രോസ്കോപ്പിലൂടെ പരിശോധിക്കേണ്ടതുമായ്യ്ക്കാപേക്ഷ തമാണ്, സ്തനസ്രവങ്ങളുടെ സൂക്ഷ്മപരിശോധനയും രോഗനിർണ്ണയത്തെ സഹായിക്കും.

വളരെയെളുപ്പം ശ്രദ്ധയിൽപ്പെടുന്നതെന്നുള്ളതാണ് ത്വക്കിലെ കാൻസറിന്റെ പ്രത്യേകത. സൂര്യാതപം, റേഡിയേഷൻ, കോൾടാർ വസ്തുക്കൾ മുതലായ വസ്തുക്കൾ ത്വക്കിൽ കാൻസർ വരുത്താനുള്ള മുഖ്യകാരണം. പൊള്ളലേറ്റതുമൂലമോ മുറിവുകൾ ഉണ്ടാകുന്ന പാടിൽ (Scar)നിന്നും കാൻസറുണ്ടാകാറുണ്ട്. തൊലിപ്പുറത്തുണ്ടാകുന്ന വ്രണം രണ്ടുതരം. ആഴ്ചകളോളം —ചികിത്സയ്ക്കുശേഷവും— ഭേദപ്പെടാതിരുന്നാൽ അതു കാൻസറായേക്കാനുള്ള സാദ്ധ്യതയുണ്ട്. അതുപോലെതന്നെ തൊലിപ്പുറത്തുള്ള കറുത്ത മറുക് വലുതാകാനോ മറ്റോ തുടങ്ങിയാലും പ്രത്യേകം ശ്രദ്ധിക്കണം; ചെറിയ ചെറിയ മുഴകൾ നമ്മുടെ ശ്രദ്ധയിൽ പെടാതിരുന്നേക്കാം. അവയും വളരെയെളുപ്പം കാൻസർബാധിച്ചേക്കാനിടയുള്ള ഭാഗങ്ങളാണ്.

നമ്മുടെ നാട്ടിൽ വളരെയേറെ സാധാരണയാണ് വായിലെ കാൻസർ. വായുടെ ആവരണമായ മ്യൂക്കസ് മെംബ്രയിനിലാണ് നമ്മുടെ ശ്രദ്ധപതിയേണ്ടത്. നാക്കിലോ, നാക്കിനടിയിലോ കവിളുകളിലോ അണ്ണാക്കിലോ, വെളുത്ത പാടുപോലെയുള്ള ഒരു ഭാഗം കണ്ടാൽ അതു കാൻസറിനിടയാക്കാവുന്ന രോഗലക്ഷണമാണെന്നു മനസ്സിലാക്കണം. മ്യൂക്കസ് മെംബ്രയിനിന്റെ മൃദുത്വം നഷ്ടപ്പെട്ട് കട്ടിയേറിയ അവസ്ഥയുണ്ടാകുന്നതും വ്രണങ്ങളുണ്ടായാൽ ഭേദപ്പെടാതിരിക്കുന്നതും കാൻസറിനുള്ള സാദ്ധ്യതയെ വിളിച്ചറിയിക്കുന്നു. വിദഗ്ദ്ധനായ ഒരു ഡെന്റൽസർജ്ജനു മാത്രമേ വായിലെ കാൻസർ കണ്ടുപിടിക്കാൻ എളുപ്പം സാധിക്കുകയുള്ളൂ.

ശബ്ദനിർമ്മാണനിയന്ത്രണകേന്ദ്രമാണ് ലാരിങ്സ്. ലാരിങ്സിൽ കാൻസറുണ്ടായാൽ ശബ്ദമടപ്പിക്കലോ ശബ്ദവ്യതിയാനമോ ഉണ്ടാകും. ചെറിയ പനിയോ ജലദോഷമോ ഉണ്ടായാലും ശബ്ദവ്യതിയാനമുണ്ടാകും. എന്നാൽ കാൻസർമൂലമുണ്ടാകുന്ന ശബ്ദവ്യതിയാനം സാധാരണചികിത്സകൾകൊണ്ടൊന്നും മാറുന്നില്ല. ലാരിങ്സിൽ കാൻസർ ഉണ്ടോ എന്ന് പരിശോധിക്കുന്നതോടൊപ്പം കഴുത്തിലെ ലിംഫ്ഗ്ലാൻഡുകളേയും അതു ബാധിച്ചിട്ടുണ്ടോ എന്നു നോക്കേണ്ടതുണ്ട്. വിദഗ്ദ്ധനായ ഒരു സർജ്ജന്റെ സഹായമിതിനത്യന്താപേക്ഷിതമാണ്,

ശ്വാസകോശത്തിന്റെ ക്യാൻസർബാധ സാധാരണഗതിയിൽ എക്സ്റേ എടുക്കുമ്പോഴാണ് ശ്രദ്ധയിൽപ്പെടുന്നത് ഇടർച്ചയായനുഭവപ്പെടുന്ന ശ്വാസകോശാന്തർഭാഗങ്ങൾ വിദഗ്ദ്ധപരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്, കഫം പരിശോധിക്കുന്നതിൽനിന്നും കൂടുതൽ വിവരങ്ങളറിയാൻ സാധിക്കുന്നതാണ്,

ആഹാരമിറക്കുന്നതിനുള്ള സ്ഥിരമായ പ്രയാസമാണ് ഈ സോഫാഗസ് (അന്നനാളം)ത്തിൽ കാൻസറുണ്ടായാൽ അനുഭവപ്പെടുന്ന ആദ്യലക്ഷണം. ചില പ്രത്യേക ഉപകരണങ്ങൾ ഉപയോഗിച്ചും എക്സ്റേ മൂലവും അന്നനാളം പരിശോധിക്കുന്നതു രോഗനിർണ്ണയത്തെ സഹായിക്കുന്നു.

കൂടിയും കുറഞ്ഞും കാണപ്പെടുന്ന ദഹനക്കുറവാണ് ആമാശയത്തിലെ ക്യാൻസറിന്റെ മുന്നോടി. അസുഖത്തിന്റെ വിശദമായ ചരിത്രം പറയുന്നതു ശോദനയ്ക്കു വിധേയമാക്കേണ്ടതാണ്, കഫം പരിശോധിക്കുന്നതിൽനിന്നും കൂടുതൽ വിവരങ്ങളറിയാൻ സാധിക്കുന്നതാണ്,

ആഹാരമിറക്കുന്നതിനുള്ള സ്ഥിരമായ പ്രയാസമാണ് ഈ സോഫാഗസ് (അന്നനാളം)ത്തിൽ കാൻസറുണ്ടായാൽ അനുഭവപ്പെടുന്ന ആദ്യലക്ഷണം. ചില പ്രത്യേക ഉപകരണങ്ങൾ ഉപയോഗിച്ചും എക്സ്റേ മൂലവും അന്നനാളം പരിശോധിക്കുന്നതു രോഗനിർണ്ണയത്തെ സഹായിക്കുന്നു.

കൂടിയും കുറഞ്ഞും കാണപ്പെടുന്ന ദഹനക്കുറവാണ് ആമാശയത്തിലെ ക്യാൻസറിന്റെ മുന്നോടി. അസുഖത്തിന്റെ വിശദമായ ചരിത്രം പറയുന്നതു കൊണ്ടും എക്സ്റേ പരിശോധനയ്ക്കു വിധേയനാകുന്നതുമൂലവും രോഗനിർണ്ണയം സാദ്ധ്യമാകുന്നു. വിളർച്ച, മലത്തിൽ രക്തത്തിന്റെ അംശം മുതലായവയൊക്കെ ആമാശയത്തിലെ കാൻസറിനോടൊപ്പം കാണപ്പെടുന്ന ചില ലക്ഷണങ്ങളാണ്.

അസാധാരണരീതിയിലുള്ള സ്രവങ്ങളോ രക്തസ്രാവമോ ഉണ്ടാകുകയാണ്, ഗർഭാശയം, മൂത്രാശയം, എന്നിവിടങ്ങളിൽ കാൻസറുണ്ടായേക്കാനുള്ള സാദ്ധ്യതകളെ വിളംബരം ചെയ്യുന്ന രോഗലക്ഷണങ്ങൾ.

വിസർജ്ജനേന്ദ്രിയങ്ങളിലെ വ്യതിയാനവും രക്തസ്രാവവും വൻകുടലിലേയും മലാശയത്തിലേയും കാൻസറിന്റെ ലക്ഷണങ്ങളാണ്. മറ്റു ചില രോഗങ്ങൾകൊണ്ടും ഇതേ അസുഖങ്ങൾ ഉണ്ടായേക്കാവുന്നതാണ്. അതുകൊണ്ട് വിദഗ്ദ്ധപരിശോധന അത്യന്താപേക്ഷിതമായിത്തീരുന്നു,

പ്രത്യേകശ്രദ്ധയാകർഷിക്കുന്ന രോഗലക്ഷണങ്ങളെയെല്ലാംകൂടി ഇപ്രകാരം സമാഹരിക്കാം.

1. അസാധാരണമായ സ്രവങ്ങളോ രക്തസ്രാവമോ.
2. സ്തനങ്ങളിലെ മുഴയോ കട്ടിയോ
3. ഉണങ്ങാത്ത വ്രണം
4. ശബ്ദവ്യതിയാനമോ ചുമയോ
5. അസാധാരണ വിസർജ്ജനരീതികൾ;
6. ദഹനക്കേട്
7. ആഹാരമിറക്കുന്നതിനുള്ള ദുഷ്കരത്വം
8. തൊലിപ്പുറത്തെ മറുകിനുണ്ടാകുന്ന വ്യതിയാനം.

ഇവയിലൊരു ലക്ഷണം കണ്ടാലും മടിക്കാതെയമാന്തിക്കാതെ വിദഗ്ദ്ധനായ ഒരു ഡോക്ടറെ സമീപിച്ചു സ്വയം പരിശോധനയ്ക്കു വിധേയനാകേണ്ടതാണ്.

ലോകത്തു സംഭവിക്കുന്ന മരണങ്ങളിൽ

(ശേഷം 51-ൽ)

ഡോക്ടർ കെ: ചന്ദ്രശേഖരൻനായർ B. D. S.

നീണ്ടകഥ - 3

ഭർത്താവ്

ഞാര്യ അമ്മയായപ്പോൾ, ഭർത്താവ് അച്ഛനായി.

പക്ഷേ, ആ അച്ഛന് എപ്പോഴും ഒരു വിഷാദഭാവം. ഏതു സമയത്തും എന്തിനെയോർത്തു ഖേദത്തോടെ ചിന്തിക്കുന്നതുപോലെ.

സ്വന്തം കുഞ്ഞിന്റെ അമ്മ, ഒരുകാലത്ത് ഒരു യുവാവിന്റെ കാമുകിയായ ഒന്നല്ലേ എന്ന വിചാരം ആ മനുഷ്യനെ വേദനിപ്പിക്കുന്നുണ്ടായിരുന്നു.

അതു തികച്ചും സ്വാഭാവികമാണല്ലോ എന്നു സമാധാനിച്ചു.

യുവതിയുടെ ഒരു പ്രത്യേക ഘട്ടത്തിൽ, ഇങ്ങിനെ സംഭവിച്ചുപോയി, ആത്മാർത്ഥമായിരുന്നു ആ സ്നേഹം. കാലം, അതവസാനിപ്പിച്ചല്ലോ. ഇന്ന് ഏല്ലാവികാരങ്ങളോടുകൂടിയും ഭർത്താവിനെ സ്നേഹിക്കുന്നുണ്ടല്ലോ. ഭർത്തവിനോടു യഥാർത്ഥസ്നേഹവും ആത്മാർത്ഥതയും ഉണ്ടായിരുന്നതുകൊണ്ടല്ലേ, മറന്നാലും മാറക്കാൻ കഴിയാത്ത ആ സംഭവകഥ തുറന്നു പറഞ്ഞത്. അതൊരു ഏററുപറച്ചിലല്ലേ. ആ ഏററുപറച്ചിൽ അംഗീകരിക്കേണ്ടതല്ലേ. പരസ്പരം സ്നേഹമില്ലെങ്കിൽ ആത്മാർത്ഥതയോടുകൂടിയ ഒരു മാററമില്ലെങ്കിൽ ദാമ്പത്യജീവിതത്തിന്റെ അർത്ഥമെന്താണ്.

ഈ വിഷാദഭാവത്തിന്റെ വിരസത ആവർത്തിക്കുന്നതു സഹിക്കാതെ വന്നപ്പോൾ ഒരുദിവസം അതുതുറിച്ചുതന്നെ ചോദിച്ചു.

"എന്താ എപ്പോഴും ഇങ്ങിനെയൊരു വിഷാദഭാവവും ചിന്തയും."

"ഒന്നുമില്ല." എവിടേയോ നോക്കിക്കൊണ്ട്, അതേ വിഷാദഭാവത്തോടെ ഉത്തരം പറഞ്ഞു.

"ഒന്നുമല്ലാ. എന്നോടു മറച്ചുവെക്കാൻ പറ്റത്തില്ല്, എല്ലാം തുറന്നോണ്ടു നമുക്കു കഴിയാത്തതെന്ത്"

"അതു മറക്കാനൊക്കുമോ."

"എല്ലാം തുറന്നുപറയാൻ ആത്മാർത്ഥത കാണിച്ച എന്നോടു വിരോധിച്ചുകൊണ്ട് എന്തു പ്രയോജനമാണ്."

"നിന്നോടു വിരോധമില്ല. നിന്നെ സ്നേഹിക്കണമെന്നുണ്ട്. എന്തുകൊണ്ടോ എനിക്കു കഴിയുന്നില്ല."

അരിശം അരിച്ചരിച്ചു കയറുന്നതു് അറിയാമായിരുന്നു. ആരോടാണ് അരിശപ്പെടേണ്ടതു്. ആ മാനസികാവസ്ഥ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. വിഷവകത്തെ കുടുപിടിച്ചു് അലസ്പനേരം നിശബ്ദയായി നിന്നു.

എന്നിട്ടു സ്നേഹപൂർവ്വം ചോദിച്ചു.

"എന്നെ സ്നേഹിക്കുന്നില്ലേ."

"സ്നേഹിക്കണമെന്ന വിചാരമുണ്ട്."

"എന്തുകൊണ്ടു കഴിയുന്നില്ല."

"എനിക്കറിഞ്ഞുകൂടാ."

"എനിക്കറിയാം."

ആ മുഖത്തേയ്ക്കു നോക്കി. അപ്പോൾ അവിടെ കണ്ണുകളിൽനിന്നു കണ്ണുനീർ പറിച്ചെടുത്തുകൊണ്ട് ആ മുഖം, ശ്രദ്ധിയാതെ ശ്വസിക്കാനെന്നപോലെ, പുറത്തേയ്ക്കു നീണ്ടു.

"എനിക്കറിയാം." വീണ്ടും പറഞ്ഞു.

അദ്ദേഹം ഒന്നും പറഞ്ഞില്ല.

"പിന്നെ നമുക്കെന്ത് ഇങ്ങിനെ ജീവിക്കണം" ആ മുഖത്തിന്റെ മുമ്പിൽ രചനയ്ക്കുകൊണ്ടു ചോദിച്ചു.

"ഇതൊരു ജീവിതമാണോ" ചോദ്യത്തിന് ഉത്തരം മറെറാരു ചോദ്യമായിരുന്നു.

ആയിരം മുനകളുള്ള ഒരു ചോദ്യം, ശരീരത്തിന്റെ ഓരോ രോമകൂപങ്ങളിലും ആ മുനകൾ ഇളച്ചുകയറി.

എം. ഡി. രാജൻ

"ഇതിനെന്താ പരിഹാരം" മുഖത്തുനോക്കി ചോദിച്ചു.

"മററുള്ളവരെ ബോധ്യപ്പെടുത്താൻ നാമിങ്ങനെ ജീവിച്ചു പററും."

അതു കേട്ടപ്പോൾ, സ്വയം മറന്ന ഞരിശത്തിന് അടിമയായി.

"മററുള്ളവരെ ബോധ്യപ്പെടുത്താൻവേണ്ടി ഇങ്ങിനെ ജീവിക്കണമെന്നില്ല. ഈ അഭിനയം നമുക്കു നിർത്താം. ഇതാ, ഇവിടെ, ഇപ്പോൾ നിർത്താം. അന്നു ചെയ്ത തെററിന്, അതു തെററാണെങ്കിൽ, ഇന്നുതൽ ഞാനതിന്റെ ശിക്ഷ അനുഭവിച്ചുകൊള്ളാം."

ഞാണയ്ക്കുന്നുണ്ടായിരുന്നു. പിന്നെയും പറഞ്ഞു.

"നമുക്കു പിരിയാം. ഈ കുഞ്ഞിനെ ഞാൻ വളർത്തിക്കൊള്ളാം."

വീണ്ടും പറഞ്ഞു.

"ഇതാ ഞാൻ പോകുന്നു. ജീവിതത്തിന്റെ അഭിനയമല്ല, ജീവിതത്തിന്റെ ആത്മാർത്ഥതയാണ് എനിക്കാവശ്യം. അതു കിട്ടുന്നില്ലെങ്കിൽ ഞാൻ അനുഭവിക്കേണ്ടതു് ശിക്ഷയാണ്. ആ ശിക്ഷ അനുഭവിക്കാനായി..."

മുഴുവൻ പറയാൻ സമ്മതിച്ചില്ല.

"പോകുന്നതുകൊണ്ടു്, എന്നെക്കൊണ്ടാ

യി പിരിയുന്നതുകൊണ്ട് വിരോധമില്ല. പക്ഷേ, എന്റെകുഞ്ഞിനെ എനിക്കുവേണം. ഞാനവളെ വളർത്തിക്കൊള്ളാം."

"വേണ്ട. ഇതു നിങ്ങളുടെ കുഞ്ഞല്ല. എന്റെ കുഞ്ഞാണ്. എനിക്ക് ഏന്നിലുണ്ടായ കുഞ്ഞ്. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ വേണ്ടി ജീവിച്ചവന്റെ കുഞ്ഞല്ല ഇതു്. രാജശേഖരൻനായരുടെ കുഞ്ഞാണിതു്. ഈ കുഞ്ഞിനെ ഞാൻ വർഷങ്ങളായി ഗർഭം ധരിച്ചുകൊണ്ടു നടക്കുകയായിരുന്നു. പ്രസവിച്ചതു് ഇപ്പോഴാണെന്നു മാത്രം..."

എല്ലാം അവസാനിച്ചതിന്റെ ആത്മവേദനയോടെ അങ്ങിനെ എന്തൊക്കെയോ പുലമ്പി.

എന്നിട്ട് കുഞ്ഞിനെയും എടുത്തുകൊണ്ടു ഇറങ്ങിപ്പോന്നു. അദ്ദേഹം നോക്കിനിന്നു. ജീവിതത്തിൽ നിന്നുള്ള രണ്ടാമത്തെ ഇറങ്ങിപ്പോക്കായിരുന്നു അതു്.

ആ കുഞ്ഞു വളർന്നു. കുറവാളിയെപ്പോലെ, ശിക്ഷ അനുഭവിക്കുന്നവളെപ്പോലെ, ആ വളർച്ച നോക്കിനിന്നു. ആ വളർച്ചനോക്കി, സ്വന്തം വളർച്ചയും, സ്വയം അനുഭവിക്കേണ്ട ശിക്ഷയുടെ കാലാവധിയും, അളന്നു തിട്ടപ്പെടുത്തി. ഇപ്പോൾ ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തേണ്ട സമയമായിരിക്കുന്നു. ലാഭമില്ല നഷ്ടമേയുള്ളു. നഷ്ടമോണെങ്കിലും, അതിനും ഒരു കണക്കുവേണം.

അങ്ങിനെ വളർന്ന കുഞ്ഞിന്റെ മുറിയിൽ നിന്നുള്ള വെളിച്ചം വാൾപോലെ. ഇതാ ഈ മുറിയിൽ വീണുകിടക്കുന്നു. അതിടന്റെ മൂർച്ച, ഇതളിനെ കീറിമുറിക്കുന്ന അയിന്റെ മൂർച്ച, ഹൃദയത്തെ കീറിമുറിക്കുന്നു. രണ്ടുപ്രാവശ്യം മരിച്ച ഹൃദയത്തിനുനേരെയാണ് പിന്നെയും ആ മൂർച്ച ഇട്ട് കീറിമുറിക്കുന്നതു്.

ആ മനുഷ്യനെ പിന്നീട് കണ്ടിട്ടില്ല. മറ്റാരോടും കത്തു കൊടുക്കാത്ത, കത്തുകൊടുത്തിട്ടുണ്ടെങ്കിൽ സത്യം പറയാത്ത, മറ്റൊരുവളെ അദ്ദേഹം വിവാഹം കഴിച്ചതായി അറിഞ്ഞു. വേദന തോന്നിയില്ല, തോന്നിയതു് ആശ്വാസമാണ്. സ്നേഹിച്ചു എന്ന തെറ്റിനു്, സ്നേഹിച്ചു എന്ന തെറ്റ് ഏറ്റുപറഞ്ഞതിനു്, ജീവിതം എന്ന ശിക്ഷ അനുഭവിച്ചുകൊണ്ടു്, ആ കുടുക്കി, ആ ദേഹം, ഇതാ ഇവിടെ, ജീവിക്കുന്നു. വെളിച്ചത്തിന്റെ വാൾ കണ്ടുകൊണ്ടു്, മകളെന്നവാൾ കണ്ടുകൊണ്ടു്, വെളിച്ചത്തിന്റെ വേദനയോടെ, മകളെന്ന മനോദുഃഖത്തോടെ, ജീവിക്കുന്നു, ഇങ്ങിനെ ജീവിക്കുന്നു. എന്നു പറയുന്നതു നേക്കാൾ വലിയ ശിക്ഷ എന്താണുള്ളതു്.

ലളിത എന്ന മകൾ ഒരു ഭാര്യയാകുമ്പോൾ, ആ വലിയ ശിക്ഷയുടെ ദീർഘമായ കാലാവധി അവസാനിക്കുന്നു. എങ്ങനെയാണ് അതവസാനിക്കുന്നതു്. ജയിലിന്റെ ഉറപ്പേറിയ ഇരുമ്പുകതകുകൾ തുറന്ന്, മരണത്തിന്റെ പ്രകാശത്തിലേക്ക് പ്രവേശിക്കുന്നതോടെ, ജീവിതശിക്ഷയ്ക്ക് വിരാമം വീഴുന്നു. അപ്പോൾ അതുവരെ അനുഭവിച്ച അസ്വാതന്ത്ര്യം അവസാനിക്കും.

പുതിയലോകം.

ഇന്നുവരെ കണ്ടിട്ടില്ലാത്ത ലോകം.

പുതിയ സ്വാതന്ത്ര്യം.

ഇന്നുവരെ അറിഞ്ഞിട്ടില്ലാത്ത സ്വാതന്ത്ര്യം.

അന്ന് ആ പദവാതിലിൽ നിന്നിറങ്ങിയപ്പോൾ പൊട്ടിച്ചു കയ്യിൽവച്ച താലിമാല മകളുടെ കഴുത്തിൽ അണിയിക്കണം...

ദേവകിഅമ്മ എഴുന്നേററു. വിളക്കു തെളിച്ചു. അപ്പോൾ വെളിച്ചത്തിന്റെ വാൾ അപ്രത്യക്ഷമായി.

ആ സ്ഥാനത്തു് മകളെന്നവാൾ!

"അമ്മ ഉറങ്ങിയില്ലേ."

"ഇല്ല."

കുറച്ചുനേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല.

"എനിക്കുറക്കം വരുന്നു. ഞാൻ കിടന്നോട്ടെ"

മകൾ ചോദിക്കുന്നു.

ചോദിക്കാം. ഇപ്പോൾ ചോദിച്ചുതുടങ്ങാം. നല്ല അവസരം. അവൾ ചോദിക്കുന്നതുവരെ കാത്തിരിക്കാൻ ക്ഷമയില്ല. ചോദ്യങ്ങൾക്കുത്തരം പറയുന്നതിനേക്കാൾ, ചോദ്യങ്ങൾ ചോദിക്കുന്നതാണ് എളുപ്പം, ചോദ്യങ്ങളെ നേരിടേണ്ടിവരുമ്പോൾ വിറയലും വിഭ്രാന്തിയും ഉണ്ടാകുന്നു. ചോദ്യങ്ങൾ ചോദിക്കുമ്പോൾ തോന്നുന്നതു് ധൈര്യവും ആവേശവുമാണ്.

"ഇതുവരെ എന്താ ഉറങ്ങാതിരുന്നതു്."

മകളോടു ചോദിച്ചു. ചോദിച്ചുതുടങ്ങി. അല്ലെങ്കിൽ ആ ചോദ്യം മകൾ ചോദിച്ചാൽ എന്തു സമാധാനം പറയും. ശരിയായ സമാധാനം പറയാൻ കഴിയുമോ? മകൾ അമ്മയോടു ചോദിച്ചാലും, അമ്മ മകളോടു ചോദിച്ചാലും, ഉറങ്ങാതിരുന്നതിനുള്ള കാരണം ഒന്നു തന്നെയല്ലേ പറയേണ്ടതാവുക.

അങ്ങിനെയൊരു ചോദ്യം മകളിൽനിന്നുണ്ടായാൽ...

നിന്റെ അച്ഛനെ വിവാഹം കഴിക്കുന്നതിനുമുമ്പ് മറ്റൊരു പുരുഷനെ ഞാൻ സ്നേഹിച്ചിരുന്നു. അച്ഛന്റെ കടം വീട്ടാൻ, മകന്റെ കടപ്പാടു നിർവ്വഹിക്കാൻ ആ മനുഷ്യൻ മറ്റൊരു പെണ്ണിനെ വിവാഹം കഴിച്ചു അങ്ങിനെയാണ് ആദ്യമായി ജീവിതം കൈമോശംവന്നതു്.

കൈമോശം വന്ന ജീവിതത്തെ കാർത്തു കണ്ണുനീർവാർത്തു കഴിയുന്ന കാലത്തു്, മറ്റൊരു ജീവിതത്തിലേക്കു വലിയ പ്രതീക്ഷകളോടെ കയറിച്ചെന്നു. ഭർത്താവിനെ, എല്ലാം മറന്നു ഞാൻ സ്നേഹിച്ചു. സുന്ദരമായ ഒരു ഭാവി കെട്ടിപ്പടുക്കുന്നതിനു് ഇന്നലെ ചെയ്ത തെറ്റ് ഏറ്റുപറയുന്നതു നന്നായിരിക്കുമെന്നു കരുതി. എല്ലാ തെറ്റും തിരുത്താൻ ആഗ്രഹമുണ്ടായിരുന്ന എനിക്ക് ആ തെറ്റുതിരുത്തുവാൻ കഴിഞ്ഞില്ല. തെററല്ലേ തിരുത്തുവാൻ കഴിയൂ...ശരി തിരുത്താൻ കഴിയുമോ? എങ്കിലും ഏറ്റുപറഞ്ഞു. തെററ് ഏറ്റുപറയുന്നവർക്ക് ശിക്ഷ ഇളവുചെയ്യുകിട്ടുമെന്നു വിചാരിച്ചുപോയി. പക്ഷേ, ഏറ്റുപറഞ്ഞ തെററിന്റെ പേരിൽ എനിക്കു കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വന്നു. കണ്ണുനീരിന്റെ അലകളേററു് അലിഞ്ഞുതീരുന്ന തീരങ്ങളോടുകൂടിയ ഒരു ദ്വീപിൽ വേദനയോടെ, കഴിയുക ആ ശിക്ഷയുടെ പേരു് ജീവിതം എന്നായിരുന്നു.

ഞാൻ ഏറ്റുപറഞ്ഞ തെററുകളെപ്പററി ചിന്തിച്ചു് ആ മനുഷ്യൻ എപ്പോഴും വേദനിച്ചു. ഭാര്യ എന്ന ഭാവിയെപ്പററി ഓർത്തു ഭർത്താവും കാമുകൻ എന്ന കഴിഞ്ഞകാലം ഓർത്തു ഭാര്യയും ദുഃഖിക്കുന്നതിനിടയിൽ, എങ്കിലും, നീ ജനിച്ചു. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻവേണ്ടി അഭിനയിച്ചപ്പോൾ, ഞാനൊരു അമ്മയും നിന്റെ അച്ഛൻ ഒരച്ഛനുമായി. അങ്ങിനെ അഭിനയത്തിന്റെ സന്തതിയായി നീ.

പക്ഷേ, സഹിക്കാതെവന്നപ്പോൾ, ഞാൻ പറഞ്ഞു, നമുക്ക് ഇതു് ഇവിടെ

(ശേഷം 45-ൽ)

ഇരുപത്തിനാലു്

വിദേശികസാഹിത്യത്തിന്റെ അന്യാദൃശമായ പരിമളത്താൽ ആദ്യം ആകൃഷ്ടനായ കേരളീയകവി കുമാരനാശാനാണെന്നു തോന്നുന്നു. ലേഡേൻ റിവ്യൂവിലെ ഒരു പേജിൽ "ഉഷയ്ല"യുടേയും "മജനു"വിന്റേയും ചിത്രം കണ്ടു് അതിന്റെകൂടെ ഉണ്ടായിരുന്ന കഥാസംക്ഷേപം വായിച്ചു് പുതിയൊരു സഞ്ജീവനാന്തരീക്ഷം ശ്വസിക്കുന്നതുപോലെ തോന്നി, മഹാകവിക്കു്. സർഗശക്തി ഉണർന്നു. മാരതീയമായ ഒരു പശ്ചാത്തലത്തിന്നു് അനുരൂപമായ വിധത്തിൽ പേരുമാററി് സംഭവങ്ങൾ സമുദ്ഗ്രഥിച്ചു. നമുക്കു "ലീല" എന്ന മനോഹര കാല്പനികകാവ്യം കിട്ടി.

എന്റെ ശ്രദ്ധയെ ഒമാർഖയ്യാമിന്റെ റുബായിയാത്തിലേക്കു് ആദ്യം ആകർഷിച്ചതു്. ജി, ചേശവൻപോററി എഴുതിയ വിശേഷാൽപ്പതിപ്പിൽ എഴുതിയിരുന്ന ഒരു ലേഖനമാണു്: "അങ്ങനെ വസന്തവും വന്നുചേർന്നു." "The spring has come" എന്നു തുടങ്ങുന്ന മൂലമോ "Now the new year reviving old desires" എന്നു് ആരംഭിക്കുന്ന ഫിററ്സ് ജറാൾഡിന്റെ വിവർത്തനമോ പോററിക്കു് അങ്ങനെ ഒരു മലക്കേടു തോന്നിച്ചതു് എന്നു് എനിക്കു് അറിഞ്ഞുകൂടാ. ആ ആസ്വാദനം റുബായിയാത്തു് വായിക്കാൻ കൗതുകം ഉദ്ദീപിപ്പിച്ചിരുന്ന സന്ദർഭത്തിലാണു്: പ്രൊഫസർ ശങ്കരൻനമ്പ്യാർ എനിക്കു "ഗോൾഡൻ ട്രഷേറി" എന്ന കവിതാസമാഹാരം സന്തോഷപൂർവ്വം സമ്മാനിച്ചതു്. പേജു മറിച്ചുപോയപ്പോൾ "Awake! for Morning in the Bowl of Night Has flung the stone that puts the stars to flight" എന്നുതുടങ്ങുന്ന ഖയ്യാമി എന്നെ പിടിച്ചുനിർത്തി് ഇതാ നീ നുകരാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന സുവർണ്ണചഷകം", എന്നു ഉള്ളിൽ മന്ത്രിച്ചുകൊണ്ടു്. എന്റെ ഭാവന ആ അസാധാരണകവിയുടെ ആഹ്വാനം കേട്ടുണർന്നു. അതുണ്ടോദയത്തിലേറിയും വിളറിവിളിച്ചുകൊണ്ടുള്ള നക്ഷത്രങ്ങളുടെ പലായനോദ്യമത്തിന്റെയും ആകപ്പാടെയുള്ള ഒരു അന്തർദർശനം കിട്ടി പക്ഷേ, മന്ത്രിയുടെ ഹൃദയത്തിൽ പ്രകാശം കല്ലിട്ടു" എന്ന പ്രസ്താവനയാണു്, അതിലെ ജീവൻ. അതെന്താണെന്നു മനസ്സിലായില്ല; ആശയചിത്രം വിശദവുമായ്ല്ല. പുസ്തകത്തിന്റെ ഒടുവിൽക്കൊടുത്തിട്ടുള്ള കുറിപ്പുകളിൽ നോക്കി. "Flinging a stone into a cup was the signal for "To House in the Desert." ഈ വാക്യം കണ്ടപ്പോഴാണു്. മരുഭൂമിയിലെ സാർത്ഥവാഹസംഘത്തിന്റെ ആ ആചാരം ഗ്രഹിച്ചപ്പോഴാണു്. ശൂന്യതയുടെ മദ്ധ്യത്തിലെ പ്രപഞ്ചകുടീരവും യാത്രോന്മുഖതയായ നക്ഷത്രനാർത്ഥവാഹസമൂഹവും നേതാവും ഒക്കെ മുൻപിൽ വന്നതു്. മരുഭൂമിയിലെ അന്തരീക്ഷം അങ്ങനെ തന്നെ പ്രകാശിപ്പിക്കുന്ന അല്പാക്ഷരവും

ഓമ്മയുടെ ഓളങ്ങളിൽ

അനല്പാർത്ഥവുമായ ഒരു കല്പന. ഒമാർതന്നെ ഒരു ശിഖിരനിർമ്മാതാവാണു്. ഖയ്യാം എന്ന പദം അതാണല്ലോ സൂചിപ്പിക്കുന്നതു്. ചക്കാലനായകന്റെ വംശത്തിൽ ജനിച്ച ഏഴുത്തച്ഛൻ "എന്റെ ചക്കിൽ നാലുമാറുമാട്ടും" എന്നു തന്റെ വൈദാന്തികസംസ്കാരത്തെ ഉള്ളിൽ ഊന്നിക്കൊണ്ടു്, പരിഹാസചതുരനായ കുഞ്ചനിലൂടെയുള്ള പ്രസ്താവിച്ചതായി ഐതിഹ്യമുണ്ടു്. ഒരിക്കൽ ഒമർഖയ്യാമും പറഞ്ഞിട്ടുണ്ടു്: "ശരസ്തശിഖിരം നിർമ്മിച്ചിതന്നു "ഖയ്യാം" ദൃഢത്തിന്റെ ചുളയിൽ വിണ്ടു് പൊട്ടുന്ന ദഹിച്ചു ഭസ്മമായ ജീവിതമടക്കുന്ന കൂടാരത്തിന്റെ കയറുകളെ വിധിയുടെ വലിയ കത്തി കണ്ടിച്ചിരിക്കയാണു്. ആശാമാഞ്ജകനായ വിധി അസ്ഥിയെ വെറുതെ വററിക്കുന്നു്."

ഒമാറിന്റെ ചതുഷ്പദികൾ പ്രായേണ പരസ്പരബന്ധമില്ലാതെ കിടന്നിരുന്ന മുക്തകങ്ങളാണു്. പത്തൊമ്പതാം നൂററാണ്ടിന്റെ മദ്ധ്യംവരെ അവ പ്രകാശം കണ്ടിരുന്നുമില്ല. ചില ചതുഷ്പദികൾ സന്ദർഭസാംഗത്യത്താൽ ചിലപ്പോൾ ചിലർ വൈദഗ്ദ്ധ്യംപ്രകാശിപ്പിക്കാൻ ഉദ്ധരിച്ചിരുന്നേയുള്ളു. ഫിററ്സ് ജറാൾഡ് അവയിൽ ചിലതു പരസ്പരബന്ധം തോന്നത്തക്കവണ്ണം തന്റെ മനോധർമ്മത്തിൽ കോർത്തപ്പോൾ, "കൂടാര"ത്തിന്റെ ക്ഷാമപ്രപഞ്ചത്തിനു തോന്നിക്കുന്ന ഒരു ചതുഷ്പദികൊണ്ടു തുടങ്ങിയതു്; അദ്ദേഹത്തിന്റെ കവിതയ്ക്കു മാത്രമല്ല. ഔചിത്യബോധത്തിനും മകുടോദാഹരണമായ ഒരു കുന്നു. മാത്രമോ, "The King of Day to fill his cup essays with wine" എന്നാണു പ്രചാരമുള്ള മൂലപാഠത്തിന്റെ ആശയം, അതു പരിത്യജിച്ചു് കൽക്കട്ടയിൽ നിന്നു കിട്ടിയ ഒരു മനുസ്ക്രിപ്റ്റിൽ മാത്രമുള്ള കല്പന സ്വീകരിക്കുകയാണു ചെയ്തതു്. കവിതയുടെ പശ്ചാത്തലത്തിനും കവിയുടെ പരമ്പര്യത്തിനും, പിന്നെ വരുന്നതനേകം കല്പനകൾക്കും അനുരൂപമായ ഒരു സർഗ്ഗാത്മകവിദ്യകമാണു് ഇവിടെപ്രദർശിപ്പിച്ചതു്. ത്ജ്ജപദത്തിനുപകരം പദത്തെ കണ്ടുപിടിക്കുകയല്ല; ഭാവത്തേയും പശ്ചാത്തലത്തേയും ശക്തിയും സൌന്ദര്യവും പോകാതെ, കഴിയുന്നേടത്തോളം ഏററത്തക്കവണ്ണം, പ്രത്യുല്പാദിപ്പിക്കയാണു്,

ഒരു ചേഴ്സൺ പ്രതിമയിൽ ഒട്ടിച്ചുമുപ്പിച്ചു വളർത്തിയെടുത്ത ഒരു ഇംഗ്ലീഷ് പ്രതിമയാണു്, മനോഹരവും അന്യാദൃശവുമായ റുബായിയാണു് എന്ന ആംഗലകൃതി. വിവർത്തനമല്ലാ, സ്വതന്ത്രപരാവർത്തനമാണു്, അതു്. മൂലത്തിലെ ഭാവാന്തരീക്ഷവും ജീവിതദർശനവും കുറെക്കൂടി ശക്തിയോടെ, കലാശില്പത്തോടെ ഫിററ്സ് ജറാൾഡ് ആവിഷ്കരിക്കുന്നു. രണ്ടോ മൂന്നോ ചതുഷ്പദകൾ ആവർത്തനങ്ങൾ പരിഹരിക്കുന്നതിനും ഭാവസാന്ദ്രത വർദ്ധിപ്പിച്ചു ഗഹനത തോന്നിക്കുന്നതിനും ഒററ "ചതുഷ്പദി"യായി ഉടച്ചുവാർക്കുന്നു. ലൗകികൈശ്വര്യത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള ബോധത്തിൽ നിന്നുളവാകുന്ന നെടുവീർപ്പിനു നിദാനമെന്നാൽ മൂലത്തിലില്ലാത്ത ചതുഷ്പദി അധ്യാഹരിക്കുന്നു എവിടെയോ നിന്നു്. Iram is gone with all its Rose, And Jamshids seven-ringed Cup. Where no one knows" എന്നു തുടങ്ങുന്ന പദ്യം ഖയ്യാമിന്റെയല്ല. ആ കവിയുടെ ഭാവനയ്ക്കു ചേർന്നതും സന്ദർഭത്തിന്നു് ഔജ്ജ്വല്യമുണ്ടാക്കുന്നതുമാണു്. പ്രസിദ്ധ സൂഫികവിയായ അത്താറിന്റെ "പക്ഷികളുടെ പാർലിമെന്റ്" എന്ന കൃതിയിൽനിന്നു് എടുത്തുചേർത്ത മൊണ്ടു പദ്യങ്ങൾ അജ്ഞന്മാരായ ആംഗലവിമർശകന്മാർ കണ്ടെത്തിയിട്ടുണ്ടു്. "Earth Could not answer. nor the seas that mourn – In flowing purple, of their Lord forlorn" എന്നു തുടങ്ങുന്ന Then to the rolling Heaven itself I cried എന്നു അനുഗമിക്കുന്ന, ആ രണ്ടു ചതുഷ്പദി "സൂഫിസ"ത്തിന്റെ കാതൽ തന്നെ. ഒമാറിന്റെ "റുബായിയാത്തി"നു ഉണ്ടാക്കിക്കൊടുത്തിരിക്കുന്നതു് ഇങ്ങനെയാണു്, "ആധ്യാത്മികവും നിഗൂഢവും ആയ ഒരു സത്ത എല്ലാററിലും ഉണ്ടു്. സസ്യമോ മൃഗമോ (ചരമോ അചരമോ) ആയിട്ടു പ്രത്യക്ഷമാകുന്നു. കരിക്കലും അതു നശിക്കുന്നില്ല" away with such a thought എന്നാണു ഒമാർ പ്രയോഗിക്കുന്നതു്. രണ്ടു ചതുർഷ്പദികൾ കൂടിച്ചു ഗഹനമായ മന്നാക്കി മെനഞ്ഞെടുക്കുന്ന ഫിററ്സ്ജറാൾഡ് സമുദ്രം മുതൽ ആകാശംവരെയുള്ള മണ്ഡലങ്ങളിലെ സർവചരാചരങ്ങളും നശിക്കുന്നു പക്ഷേ, അവൻ നശിക്കാതെ വർത്തിക്കുന്നു" എന്നു സംസ്കരിക്കയാണു് ആ സങ്കല്പത്തെ. ഇംഗ്ലീഷ് റുബായിയാത്താണു് പേ

ജി.

ഴ്സുൻ കവിയെ വിശ്വകവികളിൽ ഒരാളാക്കിയതു്. പേഴ്സുൻ കൃതിയുടെ സ്വതന്ത്രപരാവർത്തനത്തിൽ പ്രകടമായ പ്രതിഭാവിലാസമാണു്, സർഗശക്തിയാണു്, ഫിറ്റ്സ് ജറാൾഡിനു് ആംഗലസാഹിത്യത്തിൽ അസൂയാവഹമായ പദമുണ്ടാക്കിക്കൊടുത്തതും. കലാരംഗി കലർന്ന കണ്ണുകളും സ്പാനിഷ്നാടകവിവർത്തനങ്ങളും മാത്രമായിരുന്നു, സ്വസംഭാവനയെങ്കിൽ, ഫിറ്റ്സ്ജറാൾഡ് പണ്ടേ വിസ്മൃതപ്രായനായിപ്പോയേനേ. ടി. എസ്. എലിയററിനെപ്പോലും താരുണ്യാരംഭത്തിൽ റുബായിയത്തു് വശീകരിച്ചുവന്നു പറഞ്ഞാൽ ഇപ്പോഴും അതിനുള്ള അനുദ്ദേശസൗരഭവും ആകർഷകതയും അനുമാനിക്കാമല്ലോ.

പല ചരിത്രപശ്ചാത്തലങ്ങളും ഇതിഹാസസൂചകകഥകളും പാരസികാചാരപാരമ്പര്യങ്ങളും ഏതാണ്ടൊന്നറിയാതെ "റുബായിയത്തു്" പൂർണ്ണമായി ആസ്വദിക്കാവുന്നതല്ല. പ്രൊഫസർ നമ്പ്യാർ തന്ന അനർഘഗ്രന്ഥത്തിലെ കുറിപ്പുകൾ കുറച്ചൊക്കെ സഹായമായിത്തീർന്നുവെന്നേയുള്ളു "ഈറാം" പനിനീർപ്പൂന്തോട്ടങ്ങൾ നിറഞ്ഞ ഒരു ഇതിഹാസസമ്പന്ന നഗരമാണു്. Planted by Shaddad എന്നു കണ്ടപ്പോൾ മനുഷ്യവിലെവിടെയോ മറഞ്ഞുപോയ പൂന്തോട്ടമാണെന്നാണു് ഞാൻ ധരിച്ചതു്. "വിഷയം പ്രാപിച്ചിതിറാം തമിപ്പുക്കളും" എന്നു വിവർത്തനം മനസ്സുതുകൊണ്ടു തെററു തെളിഞ്ഞില്ലെന്നേയുള്ളു. എനിക്കുപയോഗമുള്ള ഇംഗ്ലീഷ്പുസ്തകങ്ങൾ ഭാരതപ്പണ്ണിയാണു്, സെൻറ്തോമസ് കോളജ് ലൈബ്രറിയിൽനിന്നു് എടുത്തുകൊണ്ടുതരാറു്, ഫിറ്റ്സ്ജറാൾഡ് എന്റെ ഭാവനയെ സ്വാധീനമാക്കിയിരിക്കുന്നു എന്നറിഞ്ഞ ആ യുവസുഹൃത്തു് റുബായിയാത്തിന്റെ ഒരു ഒന്നാംതരം ലണ്ടൻ എഡിഷൻ തപ്പിപ്പിടിച്ചുകൊണ്ടുവന്നു. മിക്ക ചതുഷ്പദികളുടേയും ആശയം സുഗ്രഹമാക്കുന്ന ലഘുവിവരണംകൂടി ഉണ്ടായിരുന്നു, അതിൽ. മോഹിക്കുന്ന നവവധുവിനെ ലഭിച്ച കാമുകന്റെ ഹർഷോന്മാദമാണു് എനിക്കു തോന്നിയതു്. ഒതുക്കപ്പെട്ടതെങ്കിലും, ഏകാന്തനായിരിക്കുന്നു് ആ കവിതയുടെ ഹൃദയം ഗ്രഹിക്കാൻ ഏതു തരത്തിലുള്ള സാഹചര്യമായിരുന്നെന്നോ? ഒന്നുകൂടി തവണ ഞാൻ ആ പാരസികചഷകം വററിച്ചു്. പിന്നെയും അതു നിറയുന്നതായി തോന്നി.

അദ്വൈതവാദത്തോടു സാധർമ്മ്യം തോന്നുന്ന "സൂഫിസ"ത്തോടുള്ള പരിഹാസവും പ്രതിഷേധവുമാണു്, ആ കൃതിയിൽ ഉടനീളം. നമ്മുടെ സന്യാസികൾ കാവിപിഴിഞ്ഞ വസ്ത്രമാണല്ലോ ധരിച്ചുപോന്നതു്. സൂഫികൾ മുഹമ്മദീയ സന്യാസികൾ, പരുക്കൻ രോമംകൊണ്ടോ പഞ്ഞികൊണ്ടോ നെയ്ത ഉടുപ്പുകളാണു്, ഇട്ടിരുന്നതു്. ദൃശ്യപ്രപഞ്ചം അദൃശ്യമായ ഒരു സത്തയുടെ ആവിഷ്കാരമാണു്; മിഥ്യയായ ഛായ. ആ സത്തയെ സാക്ഷാൽക്കരിക്കുക, അതുമായി സായുജ്യം പ്രാപിക്കുക, ജീവിതത്തിന്റെ ലക്ഷ്യം മററാന്നല്ല. പ്രവാചകൻതന്നെ പ്രഖ്യാപിച്ചിട്ടുണ്ടു് ദൈവം നമ്മുടെ കൺപീലികളേക്കാൾ നമുക്കു് അടുത്താണെന്നു്. ഹിന്ദുസങ്കല്പത്തിലെ മായപോലെ ഏതോ ഒരാവരണം ആ ആധ്യാത്മികസൗന്ദര്യത്തെ മറയ്ക്കുന്നുണ്ടു് ആ സർവ്വദർശിയും സർവ്വജ്ഞനും. ആ ദൈവചൈതന്യംതന്നെയാണു്. എല്ലാ വ്യക്തികളിലും. ഈ ജീവിതങ്ങൾ അന്ധങ്ങളാണു്. കണ്ണു കിട്ടുവാണം ഭക്തി വിശ്വസനമാലപാദികൾകൊണ്ടു്. ഐഹികജീവിതം ക്ഷണികമാണു്; സുഖദുഃഖങ്ങൾ വഞ്ചകങ്ങളാണു്;— ഇങ്ങനെ പോകുന്നു സൂഫികളുടെ ആശയഗതി. വിഞ്ഞു് നിഷിദ്ധമാണു്, അവർക്കു്. ഇസ്ലാമതം പ്രചരിക്കുന്നു് ഇസ്ലാം ആധിപത്യം സ്ഥാപിതമാകുന്നു കഴിഞ്ഞിരിക്കുന്നു, ഒമാറിനു മൃന്നാലുശതകങ്ങൾക്കു മുൻപിൽത്തന്നെ പേഴ്സ്യയിൽ. എന്നാലും പഴയ പല വിശ്വാസങ്ങളും മറഞ്ഞുവളർന്നിരുന്നു. ആററുചക്രിലെ ഒരു ഒരുക്കൊടിയിലെ മാണിക്യക്കലകൾ കാണുമ്പോൾ മിക്കവർക്കും നാവിൽ വെള്ളം ഊറിയിരുന്നു.

ഫാർഖയ്യാം നാസ്തികനാണെന്നു തോന്നുന്നില്ല; "അജ്ഞേയതാവാദി"യാണു്, തീർച്ച. ടാഗോറിനു വിശ്വാസദസ്സിലേക്കു ക്ഷണം കിട്ടി. ഗായകനായി ഒരു കൃഷ്ണൻ ഇടം ലഭിച്ചു അദ്ദേഹം ആതിഥേയന്റെ വിഭ്രമികളും ശാലയിലെ നിയമങ്ങളും മാത്രമല്ല കണ്ടതു്. ആതിഥേയന്റെ അവ്യക്തമുഖദർശനംതന്നെ ആ പ്രതിഭാശാലിക്കു സിദ്ധിച്ചു ക്ഷണികതയോ പരിണാമശീലമോ മരണംപോലുമോ ആ ഔപനിഷദസംസ്കാരസമ്പന്നനെ വ്യാകുലനാക്കിയില്ല. തനിക്കു തന്ന അവസരം മനോഹരമായ ഒരു ഗാനമാക്കി വീണ താഴെവച്ചു നന്ദിപറഞ്ഞു കൃതാർത്ഥതയോടെ ഇറങ്ങിപ്പോണമെന്നേ ആ ഭാരതീയ കവി ആശിച്ചുള്ളു. ഒമാറിനു് ആതിഥേയൻ ദൃശ്യനായില്ല; ദൃശ്യനാവുമെന്നും തോന്നിയില്ല; പക്ഷേ, ആ വിഭൂതിതന്നെ നിഷേധിച്ചുവോ, ഇല്ലെന്നാണു് എനിക്കു തോന്നുന്നതു്. "വിധി"യാണു് അദ്ദേഹത്തെ വിശ്വശാലയിലേയ്ക്കു കൊണ്ടുവന്നതു്, സമ്മതം ചോദിക്കാതെ, ഇറക്കിവിട്ടുകയും ചെയ്തു. പശുതോഹരനായ കാലത്തിന്റെ ക്രൂരസാന്നിദ്ധ്യം പാരസികകവിയെ വിഷാദിക്കുന്നു. പരിണാമസ്വഭാവം വ്യാകുലനാക്കുന്നു. ഒരു രാജാവിന്റെ മകനാകൊണ്ടു തരണിക്കു് അല്പം കാമുകിയുടെ ആലിംഗനലോലമായ കൈക്കൊണ്ടു തരണിക്കു പിടിയും ഉണ്ടാക്കുന്ന കുമ്പാരനെ ഒമാർ കാണുന്നു വിധിപരതന്ത്രനാണു്, കാലദുഷ്പ്രഭുത്വവിധേയമാണു്, ക്ഷണപരിണാമിയാണു്, ജീവിതം. അതുകൊണ്ടു് വിഞ്ഞിൽ ഭൂതഭാവിവിഷാദഭയങ്ങളെ തുടക്കുക; ആണ്ടാണ്ടു് സർവ്വവിസ്തൃതിരൂപമായ ആനന്ദം അനുഭവിക്കുക; പഞ്ചാംഗത്തിൽനിന്നു "ചത്ത ഇന്നലെ"യും പിറക്കാത്ത നാളെയും വെട്ടിക്കളയുക; ഇങ്ങനെയാണു് ആ ദർശനത്തിന്റെ പോക്കു്. "നിത്യസുഖി" എന്നുമല്ല, ഖയ്യാംകമിളകളുള്ള ജീവിതദൃഷ്ടപ്രപഞ്ചത്തിൽ പകന്നിട്ടുണ്ടു്; ഇനിയും പകർന്നുകൊണ്ടിരിക്കയും ചെയ്യും. അതുകൊണ്ടായോ. മണ്ണുകുട്ടി ആ മണ്ണുതന്നെ ഉടച്ചു് പിന്നെയും അതുകുട്ടി ഉടച്ചു് ഈ ക്രൂരവിനോദം തുടരുകയാണു്, നേരുവിൻപ്പിലാണു്, ഒമാറിന്റെ പ്രതിഭ അലിയുന്നതു്. ഭാഗോരിന്റെ ദർശനമാണു്, എന്നെ സ്വാധീനിച്ചതു്; ആ ആദർശത്തമാവനയോടാണു് എനിക്കു കൂടുതൽ. എന്നാൽ ഒമാറിനോടു് എനിക്കു സഹാനുഭൂതിയുണ്ടു്. ആ പ്രതിഭ അത്ഭുതാവഹമാണു്; ആ നിഗൂഢോപഹാസം നിശിതമാണു്, ആ സംഗീതാത്മകചിന്ത ഹർഷോന്മാദജനകമാണു്; കലാപ്രപഞ്ചം അന്യാദൃശവും.

പ്രൊഫസർ കൗവൽ ആണു്, റുബായിയാത്തു് ആംഗലഭാഷയിലേക്കു വിവർത്തനം ചെയ്തതു് ഫിറ്റ്സ് ജറാൾഡിനെപ്രേരിപ്പിച്ചതു്. ആ പാരസീകസാഹിത്യത്തിന്റെ ആമോദം നമ്മുടെ ഭാഷയിൽ പ്രസരിപ്പിക്കാൻ അങ്ങോട്ടു ഒരുദ്യോഗം മതിയായിരുന്നു, എനിക്കു പ്രേരകം സാഹസികമാണു് ആ സമ്പർക്കം എന്നു തോന്നാതിരുന്നില്ല. ഒരു കലാശാലയിലെ വിദ്യാർത്ഥികളുടെ ബഞ്ചിലിരിക്കാനോ ആംഗലഭാഷ വേണ്ട ക്രമത്തിൽ പഠിക്കാനോ എനിക്കു സന്ദർഭം ലഭിച്ചിട്ടില്ലല്ലോ. മിക്കവാറും സ്വപ്രയത്നം കൊണ്ടു സുഹൃത്തുക്കളുടേയും ശബ്ദകോശങ്ങളുടേയും സഹായത്താൽ സ്വയം നേടിയ പരിചയമേ എനിക്കുള്ളു. അതിനെത്രം ആശ്രയിച്ചു് ഇംഗ്ലീഷിൽനിന്നു വിശ്വപ്രസിദ്ധമായ ഒരു ഗഹനകാവ്യം തർജ്ജമചെയ്യാൻ പുറപ്പെടുന്നതു വിവേകമാണോ? നോക്കാം, ശ്രമിക്കാം എന്നു മന്ത്രിച്ചു ഞാൻ.

പേഴ്സ്യൻറുബായിയാത്തിന്റെ ഒരു പരാനുപാദതർജ്ജമകൂടി എനിക്കു് ആദ്യം തന്നു കിട്ടിയിരുന്നെങ്കിൽ, എന്റെ കൃത്യം കുറച്ചുകൂടി സുകരവും മാർഗ്ഗം കുറച്ചുകൂടി സുഗമവും ഫലം കുറച്ചുകൂടി സുഭഗവും ആയിരുന്നേനേ എന്നു തോന്നുകയാണു്. "വിലാസലഹരി"യുടെ മുന്നാംപതിപ്പിന്റെ (1931) ഒരു പ്രതി സ്നേഹോപഹാരമായി അയച്ചുകൊടുത്തപ്പോഴാണു്, അന്നു് ഇംഗ്ലൻഡിലായിരുന്ന ശ്രീ കെ. എ. പണിക്കർ ഫിറ്റ്സ് ജറാൾഡിന്റെ മുന്നാംപതിപ്പിലേയും നാലാംപതിപ്പിലേയും പാഠങ്ങളുടെ മൂലത്തിന്റെയാഥാർത്ഥ്യമായ ലിററററ് ട്രാൻസ്ലേഷനും പല മാനസിക്രിപ്റ്റുകളുടേയും അന്യതർജ്ജമകളേയും സംബന്ധിക്കുന്ന പഠനങ്ങളും അടങ്ങിയ ഒരുപുസ്തകം അമിനന്ദനസൂചകമായ കത്തോടെ അയച്ചുതന്നതു്. "ദിവാൻ ഒമാഫ് ഖാഫിസ്, ആന്തോളജി ഒഫ് വേൾഡ്സ് പോയട്രി, ഒമർ ഖയ്യാമിന്റെ കുറച്ചുകൂടി വിവർത്തനങ്ങൾ അടങ്ങിയ മററാരു സമാഹാരം, ഇവ മഹാർഘസംഭാവനകളുമുണ്ടായിരുന്നു, അക്കൂട്ടു

ത്തിൽ. "റുബായിയാത്തിന്റെ ഒരു മലയാള പരിഭാഷ സാധ്യമാണെന്നു വിചാരിച്ചിരുന്നില്ല. ശങ്കരക്കുറുപ്പ് അതു പ്രശംസനീയമായ വിധത്തിൽ സാധിച്ചിരിക്കുന്നു", എന്നു് അസൂയാരഹിതനും എന്റെ അഭ്യുദയകാംക്ഷിയും ആയ പണിക്കർ എഴുതിയിരുന്നു. തന്നെയുമാണു്, അടുത്ത പതിപ്പിൽ ആ സുഹൃത്തിന്റെ ഒരവതാരികകൂടി ചേർത്തതു്.

"ആന്തോളജി ഓഫ് വേൾഡ് പോയട്രി"യെപ്പററി ഒരു വാക്കു്. ഞാൻ അമൂല്യനിധിയായി കരുതിയിരുന്ന ആ ഗ്രന്ഥ ആയിരിയ്ക്കുതന്നെ ഞാൻ സ്നേഹിക്കുന്ന ഒരു സഹോദരകവിയുടെ കൈയിൽ ആയി. ഇപ്പള്ളിയിൽനിന്നു കരുണാകരമേനോന്റെ പ്രതിനിധിയായി ഒരു വാർഷികസമ്മേളനത്തിനു് പുത്തേഴനേയും എന്നേയും കൊണ്ടുപോകാൻ വന്ന ചങ്ങമ്പുഴ, ആ സമാഹാരത്തിലേയ്ക്കു് അത്യാസക്തിയോടെ നോക്കുന്നതു ഞാൻ കണ്ടു. എനിക്കു മനസ്സിലായി. അന്നു് ചങ്ങമ്പുഴ ഹൈസ്കൂൾ വിദ്യാർത്ഥിയാണെന്നു തോന്നുന്നു. ചോദിക്കാനു മടി്. പുസ്തകം വേണമെന്നുണ്ടുതാനും. ഞാൻ പറഞ്ഞു: "വേണമെങ്കിൽ, മൂന്നുണ്ടു മാസത്തേയ്ക്കു് ആന്തോളജി കൂടെ കൂടെ വെച്ചോളൂ. എനിക്കു് ഏററവും വിലപിടിച്ച ഒരു ആഹ്ലാദവും വെളിച്ചവുമാണതു്. എനിക്കു മടക്കിത്തരണം വച്ചുകൊണ്ടിരിക്കാതെ." ആ കണ്ണുകളിൽ ഒരു പുതിയ തിളക്കം വന്നതുപോലെ തോന്നി. ചങ്ങമ്പുഴ ആ സമാഹാരം കൊണ്ടുപോയി്. പലതും അതിൽനിന്നു തർജ്ജമ ചെയ്തു. "മയൂഖമാല" എന്ന പേരിൽ ഏതാനും കവിതകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കുറെ വർഷങ്ങൾക്കുശേഷം. ഞാൻ മൂന്നു്, നു സംവത്സരം കഴിഞ്ഞു് ഇപ്പള്ളിയിൽ ചെല്ലാനിടയായി, കൊച്ചി ഗവർമ്മെന്റു നിയോഗിച്ച പ്രാഥമികവിദ്യാഭ്യാസക്കമ്മിററിയിലെ അംഗമായിട്ടു്, സ്കൂൾ ററിന്റെ അതിരിലുള്ള തിരുവിതാംകൂറിലെ വിദ്യാലയങ്ങളുടെ സ്വഭാവം പഠിക്കാനും താരതമ്യപ്പെടുത്താനും സഹപ്രവർത്തകരോടുകൂടി. അപ്പോഴ ണു്. ആ ഗ്രന്ഥം ഒരു സുഹൃത്തിന്റെ കൈയിൽക്കൂടി എന്റെ അടുക്കലെത്തിച്ചതു്. "വാഗ്ദാനം അതു സരിച്ചു ബുക്കു മടക്കിത്തന്നില്ല, വേഗത്തിൽ കത്തുകൾക്കു മറുപടിയയച്ചില്ല; പ്രതീക്ഷിച്ചപോലെ; എങ്ങനെയാണു് നേരിട്ടുകാണുക" എന്നായിരുന്നിരിക്കാം വിചാരം. എനിക്കു് ഒരു പരിഭവവുമില്ലായിരുന്നു; ആ കവിത ആസ്വദിക്കേണ്ട പ്രായത്തിൽ പ്രതിരൂപം കൊള്ളുന്ന അവസരത്തിൽ ആസ്വദിക്കയായിരുന്നുവല്ലോ, ആ യുവസുഹൃത്തു്. നേരിട്ടുകാണാനും സൗഹാർദ്ദം സ്വദിക്കാനും സാധിക്കാതെ പോയതിൽ ആയിരുന്നു, ആശാഭംഗം; പരിഭവം തോന്നിയെങ്കിൽ, ആ പരിഭവവും.

ഇടക്കഥ ഇവിടെ വിടാം. ഫിററ്സ്ജറാൾഡിന്റെ മാർഗം. തർജ്ജമയിൽ എനിക്കു് ആദരിക്കാൻ കഴിഞ്ഞില്ല. ആ സാഹസികതയ്ക്കു സ്വാതന്ത്ര്യം സർഗ്ഗാത്മകമായ ഒരു പരീക്ഷണമാകിയിരുന്നു; അന്യാദൃശമായ ഒരു വിജ്ഞാനമാവുകയും ചെയ്തു. ഒമേറ്റിയുടേയും പേഴ്സിയുടേയും ചരിത്രത്തിലും സംസ്കാരത്തിലും സാഹിത്യത്തിലും പാരമ്പര്യങ്ങളിലും സ്വാതന്ത്ര്യമായിരുന്നു, അദ്ദേഹം; അകൃതിക്കു്, അതിലൊരു അജ്ഞാതനായ സഹായി ഉണ്ടായിരുന്നു, അദ്ദേഹത്തിനു്. അതിനുൾ സ്വാതന്ത്ര്യം അവലംബിക്കുമ്പോൾ ആ കാവ്യം അന്തരീക്ഷം കൂടുതൽ വ്യക്തവും ശക്തവുമായി ആവിഷ്കരിക്കാൻ കഴിഞ്ഞു ആ പ്രതിഭയ്ക്കു്. എനിക്കു നമ്പ്യാരതന്നെ ഗോൾഡസ്മിത്ഷേറിയും വി. ആർ. മേനോൻ എത്തിച്ച എഡിഷനും മാത്രമേ മുൻപിലുണ്ടായിരുന്നുള്ളു. ഫിററ്സ്ജറാൾഡിനെ പ്രതിപദം അനുഗമിക്കുക. റുബായിയത്തിന്റെ ഭാവവും ജീവിതദർശനവും അങ്ങനെതന്നെ ഭാഷയിൽ പ്രതിഫലിപ്പിക്കാനുദ്യമിക്കുക,—ഇതായിരുന്നു എന്റെ ലക്ഷ്യം. അതിൽതന്നെ പൂർണ്ണവിജയം നേടിയെന്നു ഞാൻ അല്പം മാനിക്കുന്നില്ല. വമ്പത്തനത്തിന്റെ അദ്യഭാഗം സി. കെ. രാജാ അന്നു പ്രസാധനം ചെയ്തിരുന്ന മംഗളോദയത്തിൽ പ്രത്യക്ഷമായപ്പോൾ, യുക്തിവാദിയും പണ്ഡിതനും. എനിക്കു് അപരിചിതനും ആയ രാമവർമ്മതമ്പാന്റെ ഉത്സാഹജനകമായ ഒരു അഭിനന്ദനക്കത്തു കിട്ടി. അതു് എന്റെ ധൈര്യം എത്ര വർദ്ധിപ്പിച്ചുവെന്നോ! മററാരും മഷി ചെലവാക്കിയില്ല; ഇവിടെ ചലിപ്പിച്ചില്ല. ഈ ഉദ്യമത്തിൽ ഉത്സാഹപ്പിക്കാനു.

—o—

ഒൻപതു്

ദിവസങ്ങൾ കഴിഞ്ഞിട്ടും രമേശ് സംതൃപ്തനായി വീട്ടിൽതന്നെ സമയം ചിലവഴിക്കുകയാണു്. രാവിലെ നളിനിയെ യാത്രയാക്കിയാൽ പിന്നെ അധിക സമയവും മുറിക്കകത്തുതന്നെ കഴിച്ചുകൂട്ടുകയാണെന്നു് അമ്മപറഞ്ഞു. നളിനി വൈകിട്ടു തിരിച്ചെത്തിയാൽ പിന്നെ, ആ അണ മുറിക്കകത്തു നിശ്ശബ്ദപ്രവാഹത്തിൽ മുങ്ങുകയായി. പ്രേമത്തിന്റെ മാധുര്യക്കു് ഇത്ര മാധുര്യമോ? ലാളനകൾക്കു് ഇത്ര ലഹരിയോ? എങ്കിലും ദിവസങ്ങൾ കഴിഞ്ഞപ്പോൾ രമേശിന്റെ പ്രേമത്തിൽ എന്തോ അസ്വാഭാവികതയുണ്ടെന്നു നളിനിക്കു് തോന്നിത്തുടങ്ങി. പ്രേമത്തിനു പ്രത്യേകമാനദണ്ഡങ്ങൾ പറയാനാവില്ലെന്നും മാതൃകാ വ്യക്തിയിലും അതു വ്യത്യസ്തമാണെന്നും അറിയായ്കയല്ല. മാരകസർവ്വസ്വവുമായുള്ള പ്രേമത്തെപററി കേട്ടിട്ടുണ്ടു്. പക്ഷേ, സർവ്വവും മറന്നുള്ള, സ്വന്തം അസ്തിത്വം പോലും മറന്നുള്ള ഈ പ്രേമം രമേശിനു് ജീവിതത്തിൽ താല്പര്യാതെ മററൊരു ലക്ഷ്യവുമില്ലെന്നു തോന്നിപ്പോവുകയാണു്.

പുരുഷനെ സംബന്ധിച്ചേടത്തോളം അയാളുടെ തൊഴിലാണു് സർവ്വപ്രധാനമെന്നുള്ള തന്റെ ധാരണയിൽനിന്നും എത്ര വ്യത്യസ്തമായ പെരുമാററമായിരുന്നു രമേശന്റേതു്. മദ്ധ്യാക്കന്മാർ അവരുടെ ജോലിക്കു് കൂടുതൽ പ്രാധാന്യംകൊടുത്തു് മാതൃകാരെ അവഗണിക്കുന്നു എന്നാണു് പെണ്ണുവേ സ്ത്രീകളുടെ പരാതി. ഇവിടെ രമേശിന്റെ സംഭാഷണങ്ങളിൽ പോലും ജോലിയെപ്പററി ഒരു പരാമർശവും ഇല്ല. പലപ്പോഴും അതേപററി അങ്ങോട്ടു് ചോദിക്കണമെന്നു് നളിനിയ്ക്കു് തോന്നിയതാണു്. പക്ഷേ, കഴിഞ്ഞില്ല. രമേശിനെപ്പോലെ ഉന്നതവിദ്യാഭ്യാസമുള്ള ഒരാൾക്കു് അത്തരം ഇപ്പൈലുകൾ രസിക്കുമോ? കുടുംബത്തിന്റെ നടത്തിപ്പിനു രമേശ് വേലചെയ്തു് സമ്പാദിക്കേണ്ട ആവശ്യം ഉണ്ടായിരുന്നതുമില്ല. താനിതന്നെ ആദ്യമാസശമ്പളം രമേശന്റെ കൈയിൽ കൊണ്ടേൽപ്പിച്ചപ്പോൾ അപ്പോൾതന്നെ തന്റെ കയ്യിൽ മടക്കിവെച്ചു. "എന്നു നളിനി ഇതു്! നളിനി ഇങ്ങനെ കഷ്ടപ്പെട്ടു് ജോലിചെയ്യുന്നതു് തന്നെ എനിക്കു വളരെ വിഷമമാണു്. പിന്നെ നളിനിയുടെ ആഗ്രഹത്തെ മാനിച്ചു ഞാൻ എതിർപ്പൊന്നും പറയുന്നില്ല എന്നു് മാത്രം! ഈ രൂപ നളിനിക്കു് ഇഷ്ടം പോലെ ചിലവാക്കാനുള്ളതാണു്.

ഏതായാലും കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ നളിനി ആഗ്രഹിച്ചതുപോലെ ജോലിക്കാര്യത്തെപ്പററി അങ്ങോട്ടു സംസാരിക്കാൻ ഒരവസരം ലഭിച്ചു.

ഒരുദിവസം വൈകുന്നേരം ഗാന്ധിനഗറിലെ പ്രിൻസിപ്പൾ രമേശിനെ ഫോണിൽകൂടി തരക്കിയപ്പോൾ കാൾ അററൻഡ് ചെയ്തതു് നളിനിയായിരുന്നു.

പ്രിയേ മാപ്പുതരൂ

സാറാതോമസ്

രമേശ് ജോലിയിൽ പ്രവേശിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ആ വിവരം ഉടൻ അറിയിക്കണമെന്നു്—അവർക്കു് കോളജ് തുറക്കുന്നതിനു മുൻപു് മററാരെയെങ്കിലും നിയമിക്കണമെന്നു്—?

നളിനി അന്നത്തെ പുർവ്വം രമേശിനെ പ്രേരിപ്പിച്ചുനോക്കി.

"നമുക്കു പണത്തിന്റെ ആവശ്യമില്ലെങ്കിലും ഇത്ര അന്തസ്സുള്ള ജോലി വെറുതെ കളയാൻ പററുമോ—ചകൽസമയം മുഴുവൻ ഇങ്ങനെ തനിച്ചിരുന്നാൽ കുറെ കഴിയുമ്പോൾ വല്ലാത്ത മുഷിച്ചിൽ തോന്നും—അപ്പോൾ തിരക്കിയാൽ ജോലികിട്ടിയെന്നും വരില്ല. "എനിക്കു മുഷിച്ചിലോ? എന്തിനു്"? ഞാൻ പറഞ്ഞിട്ടില്ലേ നളിനി പോയിക്കഴിഞ്ഞാൽ സല്ല

പിക്കാൻ വേറെ ദേഷ്യമൊന്നു് രമേശ് നിസ്സാരമട്ടിൽ പറഞ്ഞുകൊണ്ടു് പറഞ്ഞു.

നളിനിക്കു് ഒട്ടു പിടികിട്ടുന്നുണ്ടു് രമേശിന്റെ ഈ മനഃഭാവമാണു്. ഏതോ ഒരു സങ്കല്പലോകത്തു രമേശ് സ്വയപ്രവർത്തിയായി കഴിയുകയാണു്. സ്കൂൾ കൂടി വീട്ടിൽ കഴിയാൻ ഇഷ്ടപ്പെടാത്ത ഇക്കാലത്തു മഹാശനു് ഇത്തരം ദുർന്നാഗ്രഹം എങ്ങിനെ വന്നുകൂടി—"

"രമേശനു് ജോലി ഇത്ര നിസ്സാരമാക്കി പറയാൻ എങ്ങിനെ തോന്നുന്നു?"

അവളുടെ സ്വരത്തിലെ ഖേദം തിരിച്ചറിഞ്ഞിട്ടാവണം രമേശ് നിഗൂഢമായി പറഞ്ഞു.

"മന്ത്രിയു് ഉദ്യോഗസ്ഥനല്ലെന്നുള്ളതു് നളിനിക്കു് ഒരു കുറവായി തോന്നുന്നുണ്ടോ? എങ്കിൽ ഞാൻ ജോലി സ്വീകരിക്കാം—പക്ഷേ, ഗ്രേറ്റ്ടേബിൾ ഇംപ്രൂവ്മെന്റ് കവികളുടെ കൃതികൾ സ്ലബസ് അനുസരിച്ചു പഠിപ്പിച്ചുതുടങ്ങുന്നതു് ഓർക്കുമ്പോൾ അത്ര മനസുള്ളതായി തോന്നുന്നില്ല."

പെട്ടെന്നു രമേശ് നിശ്ശബ്ദനായി, മനസ്സ് എന്തിനോ വേണ്ടി തയ്യാറെടുക്കുന്നതുപോലെ. പിന്നെ നളിനിയുടെ മുഖം നേരിട്ടു നേരെ നോക്കിച്ചുപിടിച്ചു ആ കണ്ണുകൾ പ്രകാശിക്കുന്നുണ്ടായിരുന്നു.

"നളിനി എന്റെ മനസ്സിൽ ഒരു ഗ്രഹം രൂപംപ്രാപിച്ചുകൊണ്ടിരിക്കുകയാണു്. ഒന്നു്, നളിനി പറഞ്ഞതുപോലെ— ഞാൻ ഒരു കവി ആകണമെന്നു എന്നു്. നളിനി എന്റെ കണ്ണുകൾ ഉറപ്പിച്ചു. ഇന്നെന്റെ ഹൃദയം ഉന്മത്തമാണു്. ഒരു പ്രേമസാഗരം അതിലേതിരയ്ക്കുകയാണു് എത്രയെത്ര സങ്കല്പനങ്ങൾ, സങ്കല്പങ്ങൾ, പ്രതീക്ഷകൾ, പ്രത്യാശകൾ—അവയെ തൊട്ടിരിക്കുന്നു. അവയ്ക്കു രൂപം നൽകാൻ, ചൈതന്യം പകരാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ—മനസ്സു് അതിനുള്ള പരിശ്രമത്തിലാണു്. സ്വപ്നലോകത്തിലെ നളിനിക്കുട്ടിയുടെ ഈ സമയങ്ങളിൽ മാത്രമാണു് ഞാൻ ശരിക്കു തന്റെ സ്വരൂപം കാണുന്നതു്. ബുദ്ധിയുടെയും മനസ്സിന്റെയും ഏകാഗ്രതയായ പ്രവർത്തനം നിർത്തിവെയ്ക്കുന്നു—"

പിന്നെ വിരിച്ചുകൊണ്ടു ചോദിച്ചു.

"ആട്ടെ, നളിനിയുടെ ഭർത്താവു് ഒരു കവിയാകുന്നതു് ഇഷ്ടപ്പെടുമോ?"

കവി! രമേശ് ഒരു കവിയാകുക? കോളേജ് പ്രൊഫസറോ; വക്കീലോ ആയി ശോഭിക്കേണ്ട ആൾ കവിയാകുക?

"എന്താ നളിനി ഒരമ്പരപ്പു്? നളിനിക്കു് ഒരഭിപ്രായവുമില്ലേ. അതോ ഞാൻ പറഞ്ഞതു വിശ്വസിക്കാൻ കഴിയുന്നില്ലേ."

"എന്തോ. എനിക്കു കവിതയെപ്പററി ഒരറിവും ഇല്ല."

"എന്നാൽ നിന്റെ ഭർത്താവിനു കവിതയെപ്പററി വ്യക്തമായ ധാരണകൾ ഉണ്ടു്. പതിനാലാം നൂററാണ്ടിലെ ഇംഗ്ലീഷ് കവികളും റോമാൻറിസിസവും എന്ന വിഷയത്തിലുള്ള തീസിസിനാണു് ഞാൻ പി. എച്ച്. ഡി നേടിയതു്. കീററ്സും ബൈറണും ഷെല്ലിയും പ്രേമത്തേയും സൌന്ദര്യത്തേയും അവർ കവിതയിലൂടെ അനശ്വരമാക്കി. അവരുടെ അനുഭൂതികളേക്കാൾ വിശിഷ്ടമോണിനു് എനിക്കുള്ളവ എന്നു് ഉറപ്പിച്ചു പറയാനുള്ള ഹൃദയത്തിനുള്ളിൽ അവ ജീർണ്ണിച്ചു നശിക്കാനുള്ളതല്ല. കവിതയിലൂടെ അവയ്ക്കു രൂപവും ഭാവവും ജീവനും നൽകാൻ എനിക്കു കഴിയുകയില്ലേ..."

നേർത്തുചലിഞ്ഞ ആ ശരീരവികാരം കൊണ്ടു ത്രസിക്കയായിരുന്നു മുഖാകൃതി. ചുമന്നുതുടുത്തിരുന്ന കണ്ണുകൾ തീക്ഷ്ണതുണ്ടുകൾപോലെ ജ്വലിച്ചു മുഖത്തേയ്ക്കു വീണുകിടന്ന മുടിച്ചുരുളുകളെ പുറകോട്ടു മാടിയൊതുക്കിയ നേർത്ത വിരലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. രമേശ് പറഞ്ഞതിലേറെ ആ ആകാരത്തിലടയിരുന്ന നളിനിയുടെ ശ്രദ്ധ. ആ സ്വപ്നംകാണുന്ന മുഖഭാവവും തുളുമ്പുന്ന കണ്ണുകളും സൌഹൃദംതുളുമ്പുന്ന പുഞ്ചിരിയും നേർത്തു നീളുള്ള വിരലുകളും! അവളുടെ സങ്കൽപ്പത്തിലുള്ള കവി രൂപത്തോടു് വളരെ സാദൃശ്യം തന്നെ! ഒരുപക്ഷേ, അത്ഗ്രഹിതനായ ഒരു കവിയായ രമേശിനു് നല്ല ഒരു വിജയങ്ങൾ ചിലക്കും—അസൂയാർഹമായ ഒരു പദവിതന്നെയല്ലേ അതു്. ആ അപൂർവ്വസിദ്ധിയുടെ വരംലഭിച്ചവർ എത്ര ചുരുക്കം! വിധിയുടെ കളിയെ പ്രവചിക്കാൻ ആർക്കു കഴിയും. തങ്ങളുടെ

വിവാഹത്തിനു വിധിയുടെ വിളയാട്ടം അല്ലെങ്കിൽ പിന്നെയെന്താണു്!

രമേശിന്റെ കഴിവുകളിൽ സംശയമുണ്ടായിരുന്നില്ല. ചെറുപ്പമുതൽക്കു വികാരജീവിയായിരുന്ന വർണ്ണാഭമായ സങ്കൽപ്പങ്ങൾ തൊടിക്കുള്ളിലാണു് ആ മനസ്സിൽ രൂപംകൊള്ളുക. ആ വിചിത്രമായ ചിന്താഗതികൾ ഒരു വണ്ടിയെപ്പോലെ ഒന്നും മനസ്സിലാകാതെ കേട്ടിരിക്കാനേ കഴിഞ്ഞിട്ടുള്ളു. ഇന്നാനാളയ്ക്കു് സാരമായ വ്യത്യാസം വന്നിട്ടില്ല.

"രമേശിനു് അതാണു് തൃപ്തിയെങ്കിൽ! ജോലിക്കാര്യത്തെപ്പററി ഞാൻ പറഞ്ഞതൊന്നും കണക്കാക്കണ്ട—ഒരു കവിയായി രമേശ് ശോഭിക്കട്ടെന്നു് എനിക്കുറപ്പുണ്ടു്."

നളിനിക്കു് അത്രയുമേ അഭിപ്രായപ്പെടാനുണ്ടായിരുന്നുള്ളു

എന്റെ ആദ്യത്തെ കഥ

വൈരൂപ്യം

കിഴിഞ്ഞ പ്രാവശ്യം അച്ഛന്റെ ഉറച്ച ശബ്ദം തന്റെ മുന്നിൽ ഒരു ഒയാസിസ്പോലെ

ഇന്നാശബ്ദം മാത്രിയിൽ തനിക്കുണ്ടാകാവുള്ള ഗദ്ഗദംപോലെ തറവാട്ടിലെരു കിളുക്കുടുപോലെ ഇട്ടിയ മുറിയിൽ തിങ്ങിനിറഞ്ഞു നിൽപ്പുണ്ടാവും.

അവൾക്ക തരാശ തോന്നി.

ചെറിയൊരു ചൂൽപ്പോലും ഉരുകാവുന്ന ഒരു മഞ്ഞുതുള്ളിപോലെ മുത്തശ്ശി. ആ മുറിപ്പെട്ട ദ്വീപിലേക്കമറ്റൊരു അസ്വാസ്ഥ്യംപോലെ കയറിചെല്ലുന്നതാൾ.

പന്ത്രണ്ടിക്കുന്ന വയസ്സ് ഒരു മരുഭൂമിയാണെന്നും, അതിലെ പൃഥിമണലിൽ താൻ താണുപോകുന്നെന്നുമവൾ വെറുതെ സങ്കല്പിച്ചു.

"ചപ്പിട്ടി കേശവൻ പിരിച്ചോളാം."

മുഖത്തു ഗാംഭീര്യം വരുത്തുന്നതിനിടയിൽ അവൾ ചോദിച്ചു.

പാർവ്വതി പഠിക്കുന്നുണ്ടാവും. ഇല്ലേ?

കേശവൻ തലചൊറിഞ്ഞു.

അവളുടെ സംബന്ധം കഴിഞ്ഞു.

ഉം. അവൾ മൂളി.

പാർവ്വതിയുടെ അച്ഛൻ, കേശവന്റെ കറുത്ത തിളങ്ങുന്ന ശരീരത്തെ ഓർത്തവൾ നടന്നു. ഒരു വൈകുന്നേരം അയാൾ മര്യാദയോടെ പറഞ്ഞു.

പാർവ്വതി ക്ളാസിൽ ഒന്നാമതാ.

അവളെ വീട്ടിലേക്ക പറഞ്ഞയയ്ക്കൂ.

അവൾ പറഞ്ഞു.

അവളുടെ അഴുക്കുറഞ്ഞ കാലിൽ തന്റെ വെള്ളിയിൽ കൊത്തിയെടുത്ത പാദസരം ഇട്ടുകൊടുത്തപ്പോൾ മനസിൽ ബാലിശമായ ആഹ്ലാദം.

ഇന്നും ഈ നാട്ടിൻപുറത്തെത്തുമ്പോൾ കാലിൽ, ഇല്ലാത്ത പാദസരത്തിന്റെ സ്പർശസുഖം.

കഞ്ഞിന്റെ പരീക്ഷ കഴിഞ്ഞോ?

ഉം...അവൾ മൂളി.

എന്റെ പരീക്ഷകൾ തുടങ്ങാൻ പോകുന്നയുള്ളു. അവളതു കേശവനോടു പറഞ്ഞില്ല.

അടുക്കളത്തിയപ്പോൾ മുത്തശ്ശി കെട്ടിപ്പിടിച്ചു മോളെ ശ്രീദേവി, നീ വന്നല്ലോ.

മുത്തശ്ശിക്ക വേണ്ടതു് ഇതിനകത്തുണ്ടു്.

"സ്യൂട്ട്കേസ്..!" താഴെയിട്ടവശ അകത്തേക്ക കടന്നു. പഴക്കത്തിന്റെ ദുർഗന്ധമുള്ള മുറിയിൽ കണ്ണുകൾ കുളിയടച്ചവൾ

തിരുവനന്തപുരത്തു് ഉള്ളൂരിൽ താമസിക്കുന്ന ശ്രീ പി. സുകുമാരന്റെ പുത്രിയാണ് റസീന. കേന്ദ്രീയവിദ്യാലയത്തിലെ പത്താംക്ലാസ്സിൽ ഫസ്റ്റ് ഡിവിഷൻ പാസ്സായ റസീനയ്ക്ക് പതിനേഴുവയസ്സുണ്ടു്.

കിടന്നു, പുറത്തു മുത്തശ്ശിയുടെ തേങ്ങലുകൾ അവൾ ശ്രദ്ധിച്ചില്ല. കണ്ണുകൾ വലിച്ചുമുറുന്നപ്പോൾ മുന്നിൽ മുത്തശ്ശി.

കുട്ടീ അച്ഛനെ കാണണ്ടെ?

അവൾ മരണത്തെക്കുറിച്ചോർത്തു. ജനിച്ചതു് മരിക്കാനല്ല ജീവിക്കാനാണെന്നു പറഞ്ഞ ഫാദികമാർ എന്ന കോളജിലെ സുഹൃത്തിനെക്കുറിച്ചോർത്തു.

കുട്ടീ, എണീക്കൂ...അച്ഛനെ നോക്കിയോ.

മുത്തശ്ശി ആവർത്തിച്ചപ്പോൾ അവൾ ശബ്ദമുയർത്തി.

"എന്ത പ്പോ കുഴപ്പം. എല്ലാം ഇപ്പ തന്നെ ആവണം...ന്നേ? സമയം അധികമില്ലെങ്കിലും തീരെ ഇല്ലാതില്ല."

റസീന

ശ്രീദേവി വന്നു, ഇല്ലേ?

അവശ അച്ഛന്റെ മുറിയിലയ്ക്ക നടന്നു.

പരീക്ഷ കഴിഞ്ഞു. ഇല്ലേ?

റിസൾട്ടറിഞ്ഞോ. ക്ളാസ്സുണ്ടു്.

റിസൾട്ടറിയുന്നവരെ?

ആ മുറിയിലെ ഇരുട്ടിൽ മരണത്തിന്റെ ഗന്ധം ശ്വസിച്ചവൾ നിന്നു.

നിനക്ക ജോലി കിട്ടണമെന്നുണ്ടു്?

ഉണ്ടു്...

അടുത്ത അഴ്ചതന്നെ തിരുവനന്തപുര

ത്തേയ്ക്ക് ഓടുന്നായ്ക്കൊള്ളു. അവ്ടെ സെക്രട്ടറിയേറ്റ്ലെ ഡയറക്ടർ മാസ്റ്റരെ വർമ്മയെ കാണണം. ഞങ്ങൾ സംഘടിച്ചു കളയിതന്നു.

അവളോന്നു ഞെട്ടി. കുറച്ചു കുറുക്കിയ മീ: വർമ്മ.

എന്താ അങ്ങനെയായ്ക്കൂടെ?

ആവാം. അവൾ പറഞ്ഞു.

പുറത്തു കടന്നവൾ തേങ്ങി.

അച്ഛനുമേട്ടനുവും. മുത്തശ്ശി സ്വാന്തനപ്പെടുത്തി.

മുത്തശ്ശി, നല്ലതാമ എന്തിനാ ഇങ്ങനെ ചത്തതു?

മുത്തശ്ശിയുടെ മുഖത്തെ വിളർച്ച മനസ്സിലാക്കി അവൾ ശബ്ദത്തിൽ ഗൗരവം കൂട്ടി. അവരുടെ തോളിൽ കൈയമർത്തി അവൾ ചോദിച്ചു.

നമ്മുടെ തെക്കേടത്തെ വലിയ കുളം നികത്തിയതെന്നാ?

നിയെന്തിനാ അതൊക്കെ അറിയിണ്ട്?

ഇനി ആ അതൊക്കെ ചോദിയ്ക്കാൻ ആര്?

അവൾ പുറത്തേയ്ക്കു നടന്നു. ഇളസിതറയിൽ തിരിഞ്ഞിട്ടു അവൾ അതിലെ മഞ്ഞളിച്ച പ്രകാശത്തെ നോക്കിനിന്നു.

തിരി പടർന്നകത്തി പ്പോൾ അവളോർത്തു

കരിവിളക്കുകൾ എണ്ണ കഴിഞ്ഞിരിക്കുന്നു.

എണ്ണ കഴിഞ്ഞ കരിവിളക്കു ഈ പ്രകാശത്തെ എത്രനേരം പിടിച്ചുനിർത്തുമെന്നു നോക്കട്ടെ.

ഇല്ലെങ്കിൽ വേണ്ട. അവൾ പെട്ടെന്നുണ്ടായ ആവേശത്തിൽ വലിയ ഒരു കരിങ്കല്ലു കുനിഞ്ഞെടുത്തു കരിവിളക്കിനെ ലക്ഷ്യമാക്കി എറിഞ്ഞു. അപ്പോൾ പടന്ന ഇരുട്ടിൽ വേഗം പോയ അവളുടെ ശരീരത്തെ ഇളസിതറ തടുത്തു.

—||—

കൊച്ചുതേവിക്കു കൊച്ചുരാമനെ വെറുപ്പാണ്; കേശവനെ ഇഷ്ടവുമാണ്.

അതും കേശവൻ അമ്മയോടു പറഞ്ഞു.

"കൊച്ചു തേവി ഏതാ ചോദിച്ചേ?"

"ആ."

"അവൾ നല്ല പെണ്ണാണോ?"

മനസ്സറിയാതെ വായിൽനിന്നും പുറത്തു ചാടിയ ചോദ്യമാണതു്.

കേശവന്റെ മുഖം കൂടുതൽ പ്രകാശിച്ചു. കല്യാണിഅമ്മ അത്ഭുതപ്പെട്ടുപോയി. അവന്റെ മുഖം ഒന്നിനെന്നു തെളിയുന്നു

"നല്ല പെണ്ണാ അമ്മച്ചി അവൾ. എന്റെ കൂട്ടുവച്ചു. കൊച്ചുരാമൻ ചീത്തയാ. താളുവിനെട്ടു ഞാൻ മിണ്ടത്തേയില്ല. വെളിക്കു വട്ടമ്പം ഞങ്ങൾ തോളിൽ കൈയിട്ടു പെട്ടാൻ പോകും. ഞാൻ അവളെ ഇവിടെ കൊണ്ടുവരാം."

കൊച്ചുപിള്ളേരും പരസ്പരം സ്നേഹക്കമായിരിക്കും. മകനു് ഇഷ്ടമുള്ള പെണ്ണിനെ കാണാൻ കല്യാണിഅമ്മയ്ക്കു കൗതുകം തോന്നി. അവർ ഒരു സാധാരണസ്ത്രീയല്ല. നക്ഷത്രപ്പറ്റുള്ളവളാണു്, എപ്പോഴും പുഞ്ചിരിക്കുന്നവളാണു്. ഒരു പക്ഷേ, പലപല ചതിവുകൾ പററിയിട്ടും കനംകുറഞ്ഞ മനസ്സോടെ പറന്നുനടക്കാൻ കഴിഞ്ഞവളായിരിക്കാം. ലോകം ചതിച്ചിട്ടും, ആ ചതിവുകൾ ഏതുമറിഞ്ഞല്ലെന്നോ?

സ്നേഹമെന്നാൽ എന്തെന്നു് അറിയുകയും ചെയ്യാതിരിക്കാം.

കല്യാണിഅമ്മ ഏഴുതു പഠിച്ചുപോയി. നന്നേ ചെറുപ്പംമുതൽ പുരാണങ്ങൾ

നോവൽ: മുപ്പത്തിയഴു്.

വായിക്കാൻ തുടങ്ങി. അവർക്കു വായിക്കാനല്ല എഴുതാനുമറിയാം. അക്ഷരങ്ങൾക്കു തിരഞ്ഞ വടിവാണു് ചന്തമുള്ളതു്. രാമായണമോ ഭാഗവതമോ മററെന്തെങ്കിലുമോ വായിച്ചുപോകുമ്പോൾ കേൾക്കുന്നവർക്കു് അർത്ഥവിചാരിതി തോന്നുകയില്ല, അർത്ഥം മനസ്സിലാക്കിയാണു് അവർ വായിക്കുന്നതു്. അവരുടെ വായിൽനിന്നു വീഴുന്ന വാക്കുകൾക്കു് അക്ഷരങ്ങളുണ്ടു്. അവയ്ക്കു് അർത്ഥവുമുണ്ടു്.

ഒരു ജീവിതകാലംമുഴുവൻ പുരാണങ്ങൾ പകർത്തുകയായിരുന്നു പിന്നെ പിള്ളവാങ്ങലും.

കൊച്ചായാലും കഞ്ഞായാലും സ്നേഹിക്കുന്നതു് ഒരു അപരാധമായി അവർക്കു തോന്നിയിട്ടില്ലായിരിക്കാം. അവർ സ്നേഹത്തിനുവേണ്ടി ദാഹിച്ചു കഴിയുന്നവളായിരിക്കാം. ഏതുകാലത്തും സ്നേഹം കിട്ടിയിട്ടില്ലായിരിക്കാം പക്ഷേ ആ മനസ്സു് ഒരിക്കലും നിരാശകൊണ്ടു കലുഷമായിട്ടുമില്ലായിരിക്കാം.

എന്തോ!

താളുനമ്പൂതിരിയുടെ ഗ്രാമത്തിലെ ഇടുക്കിനടന്നിരുന്ന കിളിയായിരുന്നു അവർ.

ആർക്കൊക്കെ പിടികൊടുത്തിട്ടുണ്ടു്?

ആരുടെ കൈ കൈയിറിഞ്ഞുള്ളപിടിയിൽ ചെട്ട "കിയ്ക്കിയെ" ശബ്ദിച്ചിട്ടുണ്ടു്.

ആരുടെയൊക്കെ പിടിയിൽനിന്നും വഴുതിയിട്ടുണ്ടു്?

അറിഞ്ഞുകൂടെ.

ശിലാന്തിപ്പിള്ളിയിൽ തെക്കുമുറിയിൽ പലകകൾ അടുക്കിഅടുക്കി സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ എല്ലാ പൂജ എടുപ്പിനും അവർ പുറത്തെടുത്തു പൊടി തട്ടി ഇളുപ്പു് അടുക്കിവയ്ക്കും. ഇരട്ടവാലനും പാററയും കയറാതിരിക്കാൻ മുള്ളൻകൈതയുടെ പഴുത്ത ചക്ക അവിടെയുമിവിടെയും ഗ്രന്ഥങ്ങളുടെ ഇടയ്ക്കുവയ്ക്കും.

കുടുംബത്തിന്റെ സമ്പാദ്യമാണു് ആ ഗ്രന്ഥസഞ്ചയം.

★

തകഴി

അടുത്ത കൊല്ലം ഗോപാലപിള്ള എന്ന ഒരു നാർക്കൂടി വന്നു.

കൊച്ചുതേവിയും കേശവനും താളുവും കൊച്ചുരാമനും എല്ലാം രണ്ടാംക്ലാസ്സിലായി. ഒന്നാംക്ലാസിൽ എട്ടുപത്തു കുട്ടികൾ വന്നുചേർന്നു.

ഒരുദിവസം അതങ്ങു കണ്ണിൽപെട്ടുപോയതാണു്.

കൊച്ചുതേവിയുടെ നെഞ്ചിൽ രണ്ടു പരുക്കൾ തെറിച്ചിരിക്കുന്നു. അവൾ മുഖം മൊഴിക്കുന്നതു മററു പിള്ളമാർക്കിടയിൽനിന്നും കണ്ടുമാറി മാപററിയിരുന്നാണു്. കൊച്ചുതേവിയുടെ കവിളുകൾ തുടുത്തിരുന്നു.

അവൾ കൊച്ചു ചുട്ടിപ്പുടവ താറുടുത്തിരിക്കുന്നു.

കഴുത്തിൽ മെക്കെ ചുററി നടന്നുപോകുമ്പോൾ മനസ്സറിയാതെ കേശവന്റെ ഉള്ളംകൈ കൊച്ചുതേവിയുടെ തിണ്ണയ്ക്കു പൊന്തുന്ന മുലയെ പൊന്തിപ്പിടിച്ചു. തെല്ലൊന്നു അമങ്ങുകയും ചെയ്തു.

കൊച്ചുതേവി ചുട്ടുപ്പോയി.

നല്ല തെറി!

അവൾ കേശവനെ നോക്കി. കൊച്ചുപിള്ളകളുടെയും മിഴികളിലുമായിരിക്കും. എന്തായാലും അവൾ എതിർത്തില്ല. അതവൾക്കു് ഒരു സുഖമായ തന്നിരിക്കാം.

കൊറെ കൊല്ലങ്ങൾക്കുമുമ്പു് ശിലാന്തിപ്പിള്ളിയിലെ പുരയ്ക്കു പടിഞ്ഞാറുവശത്തുവച്ചു് ഒരു സന്ധ്യയ്ക്കത്തെന്നു് കുഞ്ഞൊരാൾ കല്യാണിഅമ്മയുടെ മുല അങ്ങിനെ മെക്കെവെള്ളത്തിൽ ഒതുക്കി അമർത്തുന്നതു കേശവൻ കണ്ടിട്ടുണ്ടായിരിക്കാം. ഒരു സ്വപ്നം കണ്ടതുപോലെ തോന്നുന്നു.

അവൻ കുടിക്കുന്ന മുലയായിരുന്നതു്. ആ മുലയിൽ പാലുമുണ്ടായിരുന്നു. മുലക്കണ്ണു കുടിച്ചുകുടി പാലു ചിററി പുറത്തു ചാടി, അപ്പോൾ കേശവനു് എന്തായിക്കാം തോന്നിയിട്ടുള്ളതു്.

കേശവന്റെ കവിൾ കൊച്ചുതേവിയു

ഒരു കവിളിനോടു ചേർന്ന ചുണ്ടുകൾക്കു ചോന്നപൊടിയുണ്ട്. ഒരുപക്ഷേ, അങ്ങിനെ ആണിന്റേയും പെണ്ണിന്റേയും കവിളുകൾ ചേരുന്നതു് അവൻ കണ്ടിരിക്കാം.

★

അന്നു കേഴത്തു ശർക്കരച്ചിയുടെ ചുവട്ടിൽവച്ചു് കേശവൻ കൊച്ചുതേവിയെ കെട്ടിപ്പിടിച്ചു അവൾ നിന്നുകൊടുത്തു.

അതൊരു നല്ലുച്ചനേരമായിരുന്നു. പള്ളിക്കൂടം ഉച്ചയ്ക്കു വിട്ടുനേരം. ഉച്ചയ്ക്കു കഞ്ഞി കഴിച്ചിട്ടു കൊച്ചുതേവി വന്നു. കേശവൻ ചോറുണ്ടു കഴിഞ്ഞു് എത്തി.

കേശവൻ അവളുടെ മുറുക്കിച്ചുവന്ന ചുണ്ടു ഉരഞ്ഞുകളഞ്ഞു. വെറുതെ. ഒരു രസത്തിനു് അല്ലുകൾ വൈരാഗ്യത്തോടെ ആൺപിള്ളേർ പെൺപിള്ളേരുടെ ഉടുതുണി ഉരിയുമോ?

★

നാലാംക്ലാസ്സിലെത്തി.

പിന്നെ ആ പള്ളിക്കൂടത്തിൽ ക്ലാസ്സില്ല.

പഠിത്തം മുഴുവനായിക്കഴിഞ്ഞു. പഠിക്കേണ്ടതിലും കൂടുതൽ കേശവൻ പഠിക്കുകയും ചെയ്തു.

കേശവൻ കൊച്ചുതേവിയോടു ചോദിച്ചു

"ഞാൻ നിന്റെ കഞ്ഞിന്റെ അച്ഛനാകട്ടെ?"

ശിലാന്തിപ്പിള്ളിയിലെ താളിയോലഗ്രന്ഥങ്ങൾ അങ്ങനെ ഒരു ചോദ്യത്തിനു രൂപം കൊടുക്കുമോ?

നാട്ടിൽ ഇന്നോളം ആരെങ്കിലും അങ്ങിനെ ഒരു ചോദ്യം ഒരു പെണ്ണിനോടു ചോദിച്ചിരിക്കുമോ?

വംശ്ലക്ഷുരുവിന്റെ മറവിലും ഗന്ധർവ്വന്റെ അമ്പലത്തിന്റെ മൂലയ്ക്കലുമൊക്കെ വമ്പുപ്രേമരംഗങ്ങൾ നടന്നിട്ടുണ്ടാവാം.

പക്ഷേ. ആരു് ഇങ്ങിനെ ഒരു പ്രേമമുർമ്മന നടത്തിയിട്ടുണ്ടു്?

ഞാൻ നിന്റെ കഞ്ഞിന്റെ അച്ഛനാകട്ടെ?"

★

കൊച്ചുതേവി മിഴിച്ചുനിന്നുപോയി.

"ഞാൻ നിന്റെ നായരാകട്ടോ" എന്നു ചോദിച്ചിരുന്നെങ്കിൽ അവൾക്കുത്തരം പറയാം. "ഞാൻ നിനക്കൊരു പൂടവ മേടിച്ചുതരട്ടെ?" എന്നു ചോദിച്ചിരുന്നെങ്കിലു ഉത്തരം പറയാം.

ആ ഉത്തരം ഇങ്ങിനെ ആയിരിക്കും.

"അയ്യോ! എന്തൊന്നാ ഈ പറയുന്നതു്? ഞാനെങ്ങിനെ പറയും? അമ്മാവനോടു ചെന്നു ചോദിക്കു്."

അതുതന്നെ മതി കൊച്ചുതേവിക്കു കേശവനോടു് ഉള്ളതുകൊണ്ടു്, അവൾക്കു് ഇത്രവരെ സമ്മതിക്കാനേ കഴിയൂ.

അടുത്തുതന്നെ കടുക്കാത്തുവീട്ടിൽ ഒരുകാര്യം നടന്നു. കൊച്ചുതേവിയുടെ ചേച്ചി കൊച്ചുട്ടിക്കു് ഇത്രവല്ലിപ്രക്കാരൻ പൂടവ കൊടുത്തു. അതിനും ഒരു കഥയുണ്ടു്. അച്ഛന്റെ അനന്തരവൻ മുറച്ചെറുക്കനാണല്ലോ. മുറച്ചെറുക്കനായിരിക്കും കൊച്ചുട്ടിക്കു പൂടവകൊടുക്കുന്നതെന്നാണു് എല്ലാവരും ധരിച്ചിരുന്നതു്. കൊച്ചുട്ടിയുടെ അച്ഛൻ ഉണ്ടാത്ത കാരണവർ കൊച്ചുണ്ണിനായരോടു് ഇങ്ങിനെ ഒന്നു പറയുകതന്നെ മതി.

"അങ്ങടെ പാച്ചുനെക്കൊണ്ടു കൊച്ചുട്ടിപ്പെണ്ണിന്നു് ഒരു തുണി കൊടുപ്പിച്ചാലെന്താ?"

അപ്പോൾ കണിശമായും കൊച്ചുണ്ണിനായർ പറയും.

"അങ്ങിനെ ആകട്ടെ."

അതുതന്നെ കാര്യമുള്ളു.

പക്ഷേ, നടന്നതു മറിച്ചാണു്. ഒരുദിവസം കൊച്ചുണ്ണിനായർ എല്ലാവരും കേൾക്കാനായി വിളംബരം ചെയ്തു.

"ഇത്രവല്ലിപ്രക്കാരൻ ആ ചോമനെക്കൊണ്ടു കൊച്ചുട്ടിപ്പെണ്ണിനു തുണി കൊടുപ്പിക്കണം."

കടുക്കാത്തുകുടുംബത്തിൽ എല്ലാവരും ഒന്നു നടുങ്ങിപ്പോയി—കൊച്ചുട്ടി തളർന്നുപോയി, ഇളംചീരപോലെ.

ആ ചോമൻ ആരാണെന്നു് ആർക്കും അറിഞ്ഞുകൂടാ. കൊച്ചുണ്ണിനായർക്കു മാത്രമറിയാം.

നേരത്തെ അച്ഛൻ കൊച്ചുണ്ണിനായരോടു പാച്ചുന്റെ കാര്യം പറഞ്ഞിരുന്നെങ്കിൽ കാര്യം നടക്കുമായിരുന്നു

അപ്പോൾ, ഒരുപക്ഷേ, കൊച്ചുണ്ണിനായർ ഇങ്ങിനെ പറഞ്ഞു എന്നു വരാം.

"എനിക്കതിനു മനസ്സില്ല"

അച്ഛൻ അങ്ങിനെ നാണംകെട്ടുമായിരുന്നു.

ഇത്രവല്ലിപ്രക്കാരന്റെ ഒരു തടിമിടുക്കനാണു്. കരിമ്പനപ്പാലെ ഒരുത്തൻ. പൂടവ മേടിക്കാൻ ഇറങ്ങിച്ചെന്നപ്പോളു ആ കൊച്ചുട്ടി അയാളെ കാണുന്നതു്. ആ ദേശം മുഴുവൻ ഒരു കറുത്ത തടിയൻ നില്ക്കുന്നു. കൊച്ചുട്ടിക്കു തല കറങ്ങിപ്പോയി,

അതൊരു സംസാരവിഷയമായിരുന്നു. നല്ലൊരു കൊച്ചു്! അതിനെ ഇങ്ങനെ ഒരു രാക്ഷസനു കൊടുത്തല്ലോ.

അപ്പോൾ കൊച്ചുതേവിക്കുവേണ്ടി ആരെ ആയിരിക്കും കൊച്ചുണ്ണിനായർ കണ്ടുവച്ചിരിക്കുന്നതു്? അവശ്യം കേശവനെ ഇഷ്ടമാണു്. പക്ഷേ, അവൾക്കു പറയാനൊക്കുമോ? ആശകൊണ്ടു കൊച്ചുതേവി കേശവനോടു പറഞ്ഞുപോയതാണു്.

"അയ്യോ, ഇതെന്തോന്നാ പറയുന്നതു്? അമ്മാവനോടു ചെന്നു ചോദിക്കു്."

★

പക്ഷേ, ദോഷം പറയരുതല്ലോ. ഇത്രവല്ലിപ്രക്കാരൻ കാഴ്ചയിൽ ഒരു കാലമാടനെപോലെ ഇരിക്കുന്നെങ്കിലും പൂച്ചയെപോലെ പാവമാണു്. നല്ല മനുഷ്യൻ. ഉച്ചത്തിൽ വർത്തമാനം പറയുകപോലുമില്ല.

ഒരു ഇലാഖാസത്തിലായിരുന്നു പൂടവ കൊടുക്കൽ. ധനുമാസത്തിൽ തിരുവാതിരയ്ക്കു് കടുക്കാത്തുകടവിൽ ഒരു വള്ളം നിറയെ തിരുവാതിരക്കോപ്പുവന്നടുത്തു.

കൊച്ചുട്ടിയുടെ പുത്തൻ തിരുവാതിരയാണു്.

കടുക്കാത്തു കൊച്ചുണ്ണിനായർ ഒരു കന്നനാണു്. ഒരു പെണ്ണിനെ പള്ളിക്കൂടത്തിലയയ്ക്കാൻ നിശ്ചയിച്ചവനാണു്.

ഒരു വലിയ വള്ളം നിറയെ തിരുവാതിരക്കോപ്പു് കടുക്കാത്തു കടവിലടുത്തപ്പോൾ കൊച്ചുണ്ണിനായർ തെല്ലുനേരം മന്നാലോചിച്ചു.

കൊച്ചുണ്ണിനായരുടെ കണ്ണുകൾ ഉത്തേജിച്ചു പ്രകാശിച്ചു

തിരുവാതിരക്കോപ്പു് അറയ്ക്കുള്ളിലാക്കി പൂട്ടാൻകൊച്ചുണ്ണിനായർ കല്പന കൊടുത്തപ്പോൾ കടുക്കാത്തു പെണ്ണുങ്ങളുടെ മുഖം ചുളിഞ്ഞു. തിരുവാതിരക്കോപ്പു കർന്നോർ അപഹരിച്ചു. കർന്നോരുടെ മാടുകൾ കൊടുക്കാനായിരിക്കാം. മരുമകളുടെ പുതിരുവാതിരക്കോപ്പു് അപഹരിക്കുന്ന കാർന്നോരുണ്ടോ?

ഒരു ഏത്തപ്പഴക്കുലയും ഒരുക്ക വെററിലയും നാലു കാലിപ്പുകയിലയുമായി കൊച്ചുണ്ണിനായർ കോന്നോത്തു വലുചക്കൻ താമസിക്കുന്ന കല്ലറയ്ക്കലത്തി

ആ നേരത്തുമ്പോളും വലുപ്പമുള്ള ഏത്തപ്പഴം!

ഇഴപോലുള്ള കാലിപ്പുകയില.

തളിരുവെററില.

മഞ്ഞളിന്റെ നിറമുള്ള പാക്കു്.

കോന്നോത്തു വലുചക്കൻ ചോദിച്ചു.

"എന്താ കൊച്ചുണ്ണിനായരേ? എന്താ വിശേഷം?"

കൊച്ചുണ്ണിനായർ വിനീതനായി പറഞ്ഞു

"മൃതി അനന്തരവൾ പെണ്ണിന്റെ പൂതിരുവാതിരയാണു്."

പൂതിരുവാതിര പറയാൻ വെററില പാക്കുവയ്ക്കുക! അങ്ങിനെ ഒരു കാര്യം ഉണ്ടായിട്ടുണ്ടോ? കെട്ടുകല്യാണത്തിനു കരയിലാശാന്മാർക്കു വെററില പുകയില വയ്ക്കും. പൂതിരുവാതിരയ്ക്കു കരമേലാശാൻ എന്നെങ്കിലും ആരെങ്കിലും വെററിലപാക്കു വച്ചിട്ടുണ്ടോ?

ഇല്ല.

പെണ്ണിന്റെ അമ്മാവൻ പുതിരവരതി മയ്ക്കു വെററിലപാക്കു വയ്ക്കുന്നു.

തമ്പുരാതിക്കു, പുത്തിരവാതിരയായാലും പെണ്ണുങ്ങളുടെ കാര്യമാണ്.

കുഞ്ഞനാട്ടു കൊച്ചുക്കിഅമ്മ ഏത്തയ്യായുടെ വലിപ്പം കണ്ടപ്പോൾ അന്ധാളിച്ചു പോയി.

അതുകണ്ടു കാഴ്ചവന്നതാണ്.

കൊച്ചുണ്ണിനായർ തെല്ലൊന്നു കാഹാനിച്ചു കൊച്ചുക്കിഅമ്മയോടു പറഞ്ഞു.

"കൊച്ചുട്ടിപ്പെണ്ണിന്റെ പുത്തിരവാതിരയാ."

കോന്നോത്തു വലുചമൻ ഭാര്യയോടു ചോദിച്ചു

"പുത്തിരവാതിരയ്ക്കു കയിലിരശനെ വെററിലപാക്കു വയ്ക്കണോ കൊച്ചുക്കി?"

അതിനുത്തരം പറഞ്ഞതു കൊച്ചുണ്ണിനായരാണ്.

"ഒരു വലിയ പുത്തിരവാതിര നടത്താൻ തക്കമുണ്ടായി. വലിയ കാര്യം നടക്കുമ്പോൾ കരയ്ക്കുമാറാതെ അറിയ്ക്കണമല്ലോ. അതിനു വന്നതാണ്."

"പുത്തിരവാതിരയ്ക്കു ആനങ്ങൾക്കെന്തു കാര്യം കൊച്ചുണ്ണിനായരേ?"

"അല്ല, പുത്തിരവാതിരയ്ക്കു വിളിക്കേണ്ടതു പെണ്ണുങ്ങളെയാണ്. അതു പെണ്ണുങ്ങളു വേണംതാനും. ആ മുറയൊന്നും അറിയാത്തവനല്ല കൊച്ചുണ്ണിനായര്. എന്നാലും പെണ്ണുങ്ങളെ പെണ്ണുങ്ങൾ വിളിക്കുമ്പോൾ പെണ്ണിന്റെ തറവാട്ടുമുപ്പൻ കരയ്ക്കുമാറാതെ വന്നുകൊണ്ടന്നെയുള്ളു."

കോന്നോത്തുപിള്ളയ്ക്കു കൊച്ചുണ്ണിനായർ പറഞ്ഞതൊന്നും മനസ്സിലായില്ല.

കൊച്ചുക്കിഅമ്മ അതു വിശദീകരിച്ചു കൊടുത്തു.

"ഒരു പുത്തിരവാതിര കളിക്കാത്ത നടക്കുന്നു. അതിനു കണ്ടു കാഴ്ചവച്ചു. അതാ കളിക്കത്തു മുപ്പിന്നു പറയുന്നതു."

വലിയ ആനക്കൊമ്പൻ ഏനക്കലെ ഇരുന്നു പുഞ്ചിരി തൂവുകയായിരുന്നു.

— 0 —

ഇരുപതു്

ലൂഡ് രാജാവിന്റെ പ്രജകളെ മൂന്നു ശല്യങ്ങൾ പീഡിപ്പിക്കുന്നു.

ഒന്നു്, കുറെ മന്ത്രവാദികളുടെ ദുർന്നടപടികൾ. ഏതോ മറുനാട്ടിൽനിന്നു വന്നവരാണു് മന്ത്രവാദികൾ. അവർ ചിലവാക്കുന്ന പണത്തിനു് ഒരു പ്രത്യേകതയുണ്ടു്. അവരുടെ പണം ഒരാൾ വാങ്ങുന്നു എന്നിരിക്കട്ടെ. ആ പണം പിന്നീടു് അപ്രത്യക്ഷമാവും. മാററാരു ദുർഘടം കൂടിയുണ്ടു്. ആരു്, എപ്പോൾ, എവിടെ, എന്തുപറഞ്ഞാലും ശരി—മന്ത്രവാദികൾക്കു് കേൾക്കാനൊക്കും. രഹസ്യം പറയാൻ ആർക്കും നിവൃത്തിയില്ലെന്നുവന്നു. മന്ത്രവാദികളെ ആർക്കും കൊല്ലാനൊക്കുകയില്ല. അവരുടെ ദേഹത്തു് യാതൊരു ആയുധവും ഏല്ക്കുകയില്ല. പോരെ?

രണ്ടു്, ഇടയ്ക്കിടയ്ക്കു് ഭയങ്കരമായ ഒരു അട്ടഹാസം കേൾക്കാറുണ്ടു്. അട്ടഹാസം എവിടുന്നു പുറപ്പെടുന്നു എന്നു് ആർക്കും അറിഞ്ഞുകൂട. അതു കേൾക്കുമ്പോൾ സകലരും ഭയന്നു വിറയ്ക്കുന്നുണ്ടായിരിക്കും. ശരീരം മരവിച്ചുപോകുന്നപോലെ!

മൂന്നു്, രാജാവിന്റെ കൊട്ടാരത്തിലെ ആഹാരം കാണാതാവുന്നു. എത്ര ആഹാരം ശേഖരിച്ചാലും, അതെത്ര സൂക്ഷിച്ചാലും. രാത്രിയിൽ മറഞ്ഞുകളയുന്നു. ഒരു തത്തർക്കും കാരണം പിടികിട്ടിയില്ല.

രാജാവും ജനങ്ങളും വളരെ വിഷമിച്ചിരിക്കയാണു്. ഇതിനൊരു അറുതി കണ്ടുപിടിച്ചല്ലേ കഴിയൂ? നാട്ടിലാർക്കും ഒന്നും ചെയ്യാൻ കഴിവില്ല. ലൂഡിന്റെ ചിന്തകൾ സഹോദരന്റെ നേരു തിരിഞ്ഞു. ലേവലിസ് എന്നാണു് ആ സഹോദരന്റെ പേരു്. കടലിനപ്പുറത്തു് ഒരു രാജ്യത്തിലെ രാജാവാണു് ലെവലിസ്. ബുദ്ധിയും വിവേകവും മററാരെക്കാളുമുണ്ടു്. അയാളുടെ സഹായം കൂടിയേതീരൂ, ലൂഡ് സഹോദരന്റെ രാജ്യത്തിലെത്തി.

രഹസ്യമായി സംസാരിച്ചാലേ ശരിയാവുകയുള്ളു. പക്ഷേ, രഹസ്യമായി സംസാരിക്കാൻ സാധ്യമല്ല. സംസാരിക്കുന്നതെല്ലാം മന്ത്രവാദികൾ കേട്ടുകളയും. അവരെ തോല്പിക്കാനാണു താനും ആലോചന. അതു് ബുദ്ധിമാനാണല്ലോ ലെവലിസ്. അദ്ദേഹം ഒരു ഉപായം പ്രയോഗിച്ചു. പിത്തളകൊണ്ടു നീണ്ട ഒരു കുഴൽ നിർമ്മിച്ചു. ആ കുഴലിലൂടെ ഇരുവരും സംസാരിക്കണം. അപ്പോൾ മന്ത്രവാദികൾക്കു് കേൾക്കാനൊക്കുകയില്ല! മന്ത്രവാദികൾക്കു് മനസ്സിലായി സഹോദരന്മാർ രഹസ്യം പറയാൻപോകുന്നു എന്നു്. അതു് മനസ്സിലാക്കാൻ അവർക്കു് അടക്കവയ്യാത്ത ആഗ്രഹമുണ്ടു്. അവരുടെ സഹായിയായി ഒരു രാക്ഷസനുണ്ടു്. രൂപംമാറാൻ കഴിവുള്ള രാക്ഷസനാണു്. അവർ ആ രാക്ഷസനു് ചില

മൈതിഹ്യ ലോകം

മാലി

നിർദ്ദേശങ്ങൾ നല്കി. രാക്ഷസൻ ദേഹം നന്നേ ചുരുക്കി. എന്നിട്ടു് തളിച്ചു് കുഴലിനകത്തു് കടന്നിരിപ്പായി. സഹോദരന്മാർ തമ്മിൽ സംസാരിക്കാൻ തുടങ്ങി. അപ്പോൾ അവർക്കു അറിവായി, രാക്ഷസൻ രൂപംമാറി കുഴലിനകത്തു് ഇരിപ്പുണ്ടെന്നു്: അവർ കുഴലിന്റെ കററത്തു കൂടി വീഞ്ഞു് കുഴിച്ചുതുടങ്ങി. രാക്ഷസനു് നിവൃത്തിയില്ലാതായി. വീഞ്ഞിൽ മുങ്ങിച്ചാവുകയില്ലേ? അവൻ പുറത്തുകടന്നു. പിന്നീടു് സഹോദരന്മാർക്കു നിർബാധമായി സംസാരിക്കാൻ കഴിഞ്ഞു.

ശല്യങ്ങൾ മൂന്നും എങ്ങനെ ഉണ്ടാവുന്നു? അവയെ എങ്ങനെ ഇല്ലാതാക്കാം? അതെല്ലാം ലെവലിസ് പറഞ്ഞുകൊടുത്തു. ലൂഡ് പ്രദേശത്തു മടങ്ങിയെത്തി. എന്നിട്ടു് ഉപായങ്ങൾ പ്രയോഗത്തിലാക്കി.

ആദ്യമായി നടപടി എടുത്തതു് മന്ത്രവാദികളോടാണു്. ലെവലിസ് ചില പ്ലാണികളെ കൊടുത്തിരുന്നു. ലൂഡ് അവയെ അരച്ചു് വെള്ളത്തിൽ ചേർത്തു. അപ്പോൾ ആ വെള്ളത്തിനു് ഒരു മാന്ത്രികശക്തി വന്നുചേർന്നു. അതു് മന്ത്രവാദികളുടെ മേൽ തളിച്ചാൽ അവർ വിഷം കയറി ചാവും. മന്ത്രവാദികളല്ലാത്തവർക്കു് വിഷം കയറുകയുമില്ല. ലൂഡ് ഒരു സന്ദേശം വിളിച്ചുകൂട്ടി. പൌരന്മാരെയും പുരോഹിതന്മാരെയും, മന്ത്രവാദികളെയും വരുത്തി. മന്ത്രവാദികൾക്കു് സൂത്രം മനസ്സിലായിരുന്നില്ല, രാജാവു് സകലരുടെയും മേൽ മാന്ത്രികജലം തളിച്ചു. പൌരന്മാരിൽ ഒരുവർക്കും ഒരു കേടും ഉണ്ടായില്ല. മാന്ത്രികന്മാർ എല്ലാവരും മരിച്ചുവീണു.

ആദ്യത്തെ ശല്യം അങ്ങനെ ഒഴിഞ്ഞു.

ഇനി രണ്ടാമത്തെ ശല്യമാണു്—അതായതു്, ഭീഷണമായ അട്ടഹാസം. ലെവലിസ് വിശദമായി പറഞ്ഞുകൊടുത്തിട്ടുണ്ടു്. രണ്ടു ഭയങ്കരന്മാരായ വ്യാളികളുണ്ടു്. ഒന്നു് ചുവന്ന വ്യാളി. മറേറതു് വെളുത്ത വ്യാളി. ചുവന്ന വ്യാളിയും വെളുത്ത വ്യാളിയുംതമ്മിൽ ഇടയ്ക്കിടയ്ക്കു ദ്വന്ദ്വയുദ്ധമുണ്ടാവും. ആ സമയത്തു് അവ പുറപ്പെടുവിക്കുന്നതാണു് അട്ടഹാസം. ലെവലിസ് പരിഹാരവും നിർദ്ദേശിച്ചിരുന്നു. ലൂഡ് ആ നിർദ്ദേശം അക്ഷരംപ്രതി അനുസരിച്ചു. രാജ്യത്തിന്റെ ഒത്ത മദ്ധ്യം എവിടെയെന്നു കണ്ടുപിടിച്ചു. അവിടെ വലിയൊരു കുഴിയുമുണ്ടാക്കി. കുഴിയിൽ വലിപ്പമുള്ള ഒരു പാത്രം വച്ചു. പാത്രത്തിൽ ലഹരിയേറിയ മദ്യം നിറച്ചു. എന്നിട്ടു് അടുത്തൊരിടത്തു മറഞ്ഞുനിന്നു. അധികനേരം കഴിഞ്ഞില്ല രണ്ടു വ്യാളികളും പറന്നെത്തി. ആകാശത്തുവച്ചു് അവർ തമ്മിൽ പോരുതുടങ്ങി. പോരു വളരെനേരം തുടർന്നുപോയി. അപ്പോഴേയ്ക്കും വ്യാളികൾ രണ്ടും ക്ഷീണിച്ചുപോയി. ഒന്നിച്ചു ഭൂമിയിലേയ്ക്കു് ഒരൊററ വീഴ്ച. വീണതു് കുഴിയിലുള്ള പാത്രത്തിലെ മദ്യത്തിലും. അവ മദ്യംകുടിച്ചു മതികെട്ടു. അനങ്ങാൻവയ്യാതെ കിടപ്പായി, താമസി

യാതെ ഉറക്കവുമായി. ആ സമയത്തിനായി കാത്തുനിൽക്കയാണു ലൂഡ്. അദ്ദേഹം മറവിൽനിന്നു പുറത്തുവന്നു. ഉറങ്ങുന്ന വ്യാളികളെ വധിച്ചുകൊണ്ടുപോയി. കല്ലുകൊണ്ടു പണിചെയ്ത ഒരു ശവകുടീരമുണ്ട്. അതിലാക്കി മണ്ണിട്ടുമൂടുകയും ചെയ്തു.

ഞ്ഞാമത്തെ ശല്യം അതോടെ തീർന്നു.

മൂന്നാമത്തെ ശല്യം ബാക്കിയുണ്ടു—അതായതു്, കൊട്ടാരത്തിൽനിന്നു ഭക്ഷണം അപ്രത്യക്ഷമാവുന്നതു്. ലൂഡ് അതിനുള്ള പരിഹാരവും ലവലിസിൽനിന്നു മനസ്സിലാക്കിയിട്ടുണ്ട്. ഒരു രാത്രിയിൽ അദ്ദേഹം പതിവിലധികം ഭക്ഷണം തയാറാക്കിവെച്ചു. എന്നിട്ട് ആയുധപാണിയായി പുറത്തു കാവൽനിന്നു. വലിയൊരു കട്ടകത്തിൽ തണുത്ത വെള്ളം നിറച്ചുവച്ചു. ഉണർന്നു തുന്നിലെങ്കിൽ കള്ളനെ പിടിക്കാനാകുകയില്ല. ഇടയ്ക്കിടയ്ക്കൊക്കെ ഉറക്കം വരാതിരുന്നില്ല. അദ്ദേഹം അപ്പോഴെക്കെ കട്ടകത്തിലെ തണുത്ത വെള്ളത്തിൽ ഇറങ്ങി മുങ്ങി. മണിക്കൂറുകൾ പലതും കഴിഞ്ഞുപോയി. അപ്പോഴതാ വാദ്യഘോഷം കേൾക്കുമാറാകുന്നു. ആരെയും ഉറക്കുകളയുന്നതാണ് ആ വാദ്യഘോഷം. ലൂഡ് വീണ്ടും തണുത്ത വെള്ളത്തിൽ മുങ്ങി. അങ്ങനെ ഒരുവിധം ഉറങ്ങാതെ കഴിച്ചു. പിന്നീട് ഒരാൾ വരുന്നതുകണ്ടു—പടച്ചട്ടയും ആയുധവും ധരിച്ച തടിയനായ ഒരു മാന്ത്രികൻ. അവൻ വലിയൊരു കട്ടയും കൈയിൽ പിടിച്ചിട്ടുണ്ട് ഒരു കല്ലും നിറയാത്ത മാന്ത്രികക്കട്ടയാണ് അതു്. അവൻ പാചകശാലയിൽ കടന്നു. ആഹാരമെല്ലാം വാരി കട്ടയിലിട്ടു. അതുമായി പുറത്തിറങ്ങി. ലൂഡ് അവൻെറമേൽ ചാടിവീണു. മാന്ത്രികൻ വീണ്ടുമൊന്നു ചാടി. എങ്കിലും അതൊന്നും വിലപ്പോയില്ല. ലൂഡ് മാന്ത്രികനെ നിരായുധനാക്കി. മാന്ത്രികൻ ജീവരക്ഷയ്ക്കായി യാചിച്ചു. ഇനിമേൽ

അടുത്തലക്കം മുതൽ ആരംഭിക്കുന്നു

കുട്ടികളേയും വലിയവരേയും രസിപ്പിക്കുന്ന നാടോടികഥാപരമ്പര.

'മറുനാടൻ മുത്തുകൾ'

ലോകത്തിലെ എല്ലാ കോണുകളിൽനിന്നും ശേഖരിച്ച ഹൃദ്യവും കൗതുകവും പകരുന്ന നാടോടിക്കഥകൾ

ആദ്യത്തേതു്
ഒരു ചൈനീസ് കഥ

മഴമാന്ത്രികൻ

എഴുതുന്നതു്
ഗംഗാനരേന്ദ്രനാഥ്

ശല്യപ്പെടുത്തുകയില്ല എന്നു് അവൻ സത്യം ചെയ്തു. ലൂഡിനെ സേവിച്ചുകൊള്ളാമെന്നും.

അങ്ങനെ മൂന്നാംശല്യവും ഒഴിഞ്ഞുപോയി.

രാജാവും പ്രജകളും സുഖമായി കഴിഞ്ഞുകൂടി.

(അവസാനിച്ചു)

അന്യർ

(27-ൽനിന്നു തുടർച്ച)

അവസാനിപ്പിക്കാമെന്നു്. അതിനയത്തിൻെറ വിസ്തരിയ്ക്കുന്ന അനുഭൂതികൾമാത്രം നിറഞ്ഞ ഈ ഏർപ്പാടു്. അദ്ദേഹത്തിൻെറ സമ്മതത്തിനുപോലും കാത്തുനില്ക്കാതെ നിന്നെയും എടുത്തുകൊണ്ടു് ഞാൻ ആ വീടു വിട്ടിറങ്ങി. കഴിയാനുള്ള വക എൻെറ അച്ഛൻ ഉണ്ടാക്കിവച്ചിരുന്നതുകൊണ്ടു്, ഞാനും നീയും പട്ടിണികിടക്കാതെ കഴിഞ്ഞു.

നിന്നെ വളർത്തി, ജീവിതം എന്ന ശിക്ഷ അനുഭവിച്ചു്, ഇത്രയുംകാലം കടന്നുപോയി. നിൻെറ വിവാഹത്തോടെ എൻെറ ശിക്ഷ അവസാനിക്കും...നിൻെറ വിവാഹത്തെപ്പറ്റി നീ എന്നോടു സംസാരിക്കുവാൻ വരുന്നു എന്നറിഞ്ഞപ്പോൾ, എൻെറ ശിക്ഷ അവസാനിക്കാറായി എന്നു ഞാൻ മനസ്സിലാക്കി.

അപ്പോൾ എല്ലാം ഓർത്തുപോയി. പുതിയ ലോകത്തിൻെറ, പുതിയ സ്വാതന്ത്ര്യത്തിൻെറ വെളിച്ചം എന്നെ ലഹരി പിടിപ്പിക്കും എന്നായപ്പോൾ ഓരോന്നും ഓർത്തുപോയി. അതുകൊണ്ടാണു് ഞാനിതുവരെ ഉറങ്ങാതിരുന്നതു്.

"ഇതുവരെ എന്താ ഉറങ്ങാതിരുന്നതു്" എന്നു മകൾ ചോദിച്ചിരുന്നെങ്കിൽ, ഇത്രയും കാര്യങ്ങളെങ്കിലും മകളോടു പറയേണ്ടിവരുമായിരുന്നു.

"ഇതുവരെ എന്താ ഉറങ്ങാതിരുന്നതു്."

മകളോടുള്ള ചോദ്യം ആവർത്തിച്ചു.

"എനിക്കു് അമ്മയോടു ചില കാര്യങ്ങൾ ചോദിക്കാനുണ്ടു്."

ദേവകിഅമ്മ അതുകേട്ടു ഞെട്ടി. മകൾ ചോദ്യങ്ങൾ ചോദിക്കാതിരിക്കാനാണു് അങ്ങോട്ടു ചോദ്യങ്ങൾ ചോദിച്ചുതുടങ്ങിയതു്. അപ്പോൾ, മകൾ പറയുന്നു, അവൾക്കു ചില കാര്യങ്ങൾ ചോദിക്കാനുണ്ടെന്നു്.

"നീ എന്നോടൊന്നും ചോദിക്കണ്ടാ. ഞാൻ ചോദിക്കാം."

എന്നിട്ടു പെട്ടെന്നു ചോദിച്ചു.

"ഒരു പ്രേമകഥ എന്ന ആ ഇംഗ്ലീഷ് പുസ്തകം മുഴുവൻ നീ വായിച്ചോ."

"വായിച്ചു."

ആ ഉത്തരം പറഞ്ഞപ്പോൾ ആ മുഖത്തു തീർച്ചയായും ഭാവഭേദങ്ങൾ ഉണ്ടായിക്കാണും. എന്നിട്ടും ആ മുഖത്തേയ്ക്കു നോക്കിയില്ല. സ്വന്തം മകളുടെ മുഖത്തേക്കു്, ഇരുപതു വർഷങ്ങൾക്കുമുമ്പുള്ള സ്വന്തം മുഖത്തേയ്ക്കു്...

ആ പുസ്തകം അമ്മ കണ്ടിരിക്കുന്നു. അതിനകത്തുണ്ടായിരുന്ന ഗോപിയുടെ കത്തും അമ്മ വായിച്ചുകാണും. എങ്കിൽ...അങ്ങിനെയുള്ള ചിന്തകൾ ആ മുഖത്തു തീർച്ചയായും ഭാവഭേദങ്ങൾ ഉണ്ടാക്കിക്കാണും.

പ്രശ്നത്തിൻെറ നടുവിൽ അവളെ എടുത്തുനിർത്തുക എന്നതായിരുന്നു ആ ചോദ്യംകൊണ്ടു് ഉദ്ദേശിച്ചതു്.

"അതൊരു ദുരന്തകഥയാണു് അല്ലേ."

"അതേ."

"ഗോപി തന്ന പുസ്തകമാണു് അതു്. അല്ലേ."

"അതെ."

"ആരാണു ഗോപി."

"അമ്മയുടെ അനുവാദമുണ്ടെങ്കിൽ ഞാൻ വിവാഹം കഴിക്കുവാൻ ചോദിക്കുന്ന ആൾ."

കൊള്ളാം. നല്ല മറുപടി. ഇങ്ങനെ വേണം പെണ്ണായാൽ മറുപടിപറയാൻ. ഇതുപോലെ അങ്ങോട്ടു ചോദ്യങ്ങളും ഇങ്ങോട്ടു് ഉത്തരങ്ങളും മതി. ഒരു ചോദ്യം പോലും മകളിൽനിന്നുണ്ടാവരുതു്. ഒരു അക്ഷരംപോലും മകളോടു പറയുവാൻ ഇടയാകരുതു്.

"ഗോപി നിന്നെ സ്നേഹിക്കുന്നുണ്ടോ."

"ഉണ്ടു്."

"നിന്നെ അയാൾ വിവാഹം കഴിക്കുമോ?"

"അമ്മയുടെ അനുവാദമുണ്ടെങ്കിൽ തീർച്ചയായും."

"ഗോപിയുടെ അച്ഛൻ ഇവിടെ വന്നു് എന്നെക്കണ്ടു സംസാരിച്ചതിനുശേഷം, അദ്ദേഹത്തിനു് ഈ വിവാഹം സമ്മതമ



ആരോഗ്യ സംരക്ഷണ ഔഷധങ്ങളിൽ
വെച്ചേററവും മികച്ചതു് പവർമാൾട്ടു്
ശരീരത്തിനു ശക്തിയും തടിയും വദ്ധിപ്പിച്ചു
ധാതുശക്തിയും യുവത്വവും നിലനിൎത്തുന്നു!
450 ഗ്രാം 40 നേരത്തിനു് 10 ക.
V. P. P ചിലവു പുറമെ.

നിങ്ങളുടെ ആവശ്യങ്ങൾക്കു്

ദി മദൻമിത്രാ ഔഷധാലയാ (Regd.)

മദൻമിത്രാ ബിൽഡിംഗ്, V. H. Road, P. B. No 44, പാലക്കാടു് (കേരളാ)

THE MADANMITHRA AUSHADHALAYA, P. B. No. 44, PALGHAT, (KERALA)

എന്ന വിലാസത്തിൽതന്നെ എഴുതണം

നേരിട്ടു വാങ്ങുവാൻ

Trivandrum	M/s. Medical Supplies, Near Statue	Ernakulam	M/s. Mambilly Dispensary Broadway
Neyyattinkara	,, Jai Hind Medical Stores	Alwaye	,, Suraj Medicals
Attingal	,, Progressive Medical Stores	Tirupunitura	,, Karappillil Pharmacy
Malayinkeel	,, Raju Medical Stores	Perumbavur	,, Parasuram & Co.
Quilon	,, Western Medical Stores	Muvattupuzha	,, Dass Brothers, Chemists
Alleppey	,, Geetha Medical Stores	Kaladi	,, Keyar Drugs
Chenganur	,, Universal Medical Stores	Koothattukulam	,, Vannilam Medical Stores
Changanassery	,, Elite Medicals, Market Road	Paravoor-N	,, Chandra Pharmacy
Sherttallay	,, Royal Medical Stores	Udyogamandal	,, Mambilly Medicals
Mavelikkara	,, Popular Medical Stores	Trichur	,, V. J. Paul & Co. Chemists
Pandalam	,, Excel Medical Stores	Chalakkudi	,, Santhi Medical Stores
Kottayam	,, K. K. Kuruvila & Sons	Irinjalakuda	,, SriNarayanaMedicalStores
Kanjirappilli	,, Varghese & Co., Chemists	Kunnamkulam	,, Panakkal Pharmacy
Vaikom	,, Perl Medical Stores	Kodungalur	,, Kalyan Drug House
Pala	,, Pala Medical Stores	Ottupara	,, Polson Medical Stores
Kattapana	,, S. H. Medical Hall	Palghat	,, K. H. Parasuram, Chemists
Cannanore	,, Sarada Pharmacy	Mannarghat	,, Mannarghat Pharmacy
Tellicherry	,, Oriental Pharmacy	Ottapalam	,, Variety Medical Stores
Madras-3 (Periamet)	,, Madanmithra Agencies Everest Hotel Road	Perinthalmanna	,, English Pharmacy
Bhilai	,, Kerala Ayurvedic Bhavan	Kozhikodu	,, Kuttan Bros., Huzur Road
Poona	,, Hakkim Dwaraka Dass V. B. Patel Road	Badagara	,, Mammikutty & Sons Court Road
Madgam-Goa	,, Exembu Esvando Dhond	Sultanbatery	,, United Medical Stores
Bombay-Dadar	,, Jayanthy General Stores Opp. Railway Station	Mysore	,, Laxminarayana Stores Dhanwandri Road
		Mangalore	,, Shah & Co., Hambankatta

Bangalore (Cant)
Madanmithra Agencies, Near Lalmasjid, Old Bamboo Bazar Behind Russel Market

ല്ലാതെ വന്നാലും ഗോപി നിന്നെ വിവാഹം കഴിക്കുമോ."

"ഗോപിയുടെ അച്ഛനു് എതിർപ്പൊന്നുമില്ലെന്നാണു് അറിയാൻ കഴിഞ്ഞതു്,"

"സ്ത്രീധനക്കാര്യമൊക്കെയുണ്ടു് ആലോചിക്കാൻ. വിവാഹം പ്രേമത്തെക്കാൾ ഗൗരവമുള്ള കാര്യമാണെന്നു് അറിയാമോ."

"അറിയാം. എന്നെ കാണാൻ മാത്രമാണു് ഗോപിയുടെ അച്ഛൻ ഇവിടെ വരുന്നതു്. പിന്നെ കൂടുതൽ കാര്യങ്ങൾ അമ്മയോടു സംസാരിക്കുന്നു."

"സംസാരിച്ചിട്ടു യോജിക്കാൻ കഴിയാതെ വന്നാലോ."

"യോജിക്കാൻ കഴിയാത്തതായി എന്തെങ്കിലും ഉണ്ടാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല."

"പ്രേമത്തിനപ്പുറം നിന്റെ കണ്ണുകൾ എത്തിയിട്ടില്ല. അതിനപ്പുറവും ലോകമുണ്ടു്. ആ ലോകത്തിലാണു ജീവിതം. ജീവിതത്തെപ്പററി ആലോചിക്കണ്ടിവരുമ്പോൾ പ്രേമം ഒരു പ്രശ്നമാകാറില്ല. പ്രേമം വികാരവും ജീവിതം വിവേകവുമാണു്."

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ, മകൾക്കു് മറുപടി പറയുവാൻ ഇതിലൊരു ചോദ്യവും ഇല്ലല്ലോ എന്ന കാര്യം ദേവകിഅമ്മ ഓർത്തു. അതിനാൽ വീണ്ടും പറഞ്ഞു.

"ഏതിനും ഗോപിയുടെ അഛൻ വരട്ടെ. ഞങ്ങൾ സംസാരിച്ചുനോക്കട്ടെ. പിന്നെ ഗോപിയെപ്പററി ഞാനും ഒന്നന്വേഷിച്ചുനോക്കട്ടെ അവനൊരു കാമുകൻ മാത്രമാണോ, അതോ ഒരു മകൻ കൂടിയാണോ എന്നു്. അങ്ങിനെയുള്ള അന്വേഷണത്തിൽ, എന്റെ മകൾക്കു യോജിച്ചവനല്ല ഗോപി എന്നു ഞാൻ മനസ്സിലാക്കിയാൽ നിന്റെ നിലപാടു് എന്തായിരിക്കും."

ചോദ്യത്തിൽതന്നെ അവസാനിച്ചു. കേൾക്കട്ടെ. മകളുടെ മറുപടി കേൾക്കട്ടെ."

ഗോപി നല്ലവനാണു്. എനിക്കറിയാം. അദ്ദേഹത്തിന്റെ അച്ഛനും നല്ലവനാണു്. അതും എനിക്കറിയാം. എന്റെ അമ്മ എന്നെ അതിയായി സ്നേഹിക്കുന്നു. മറെറന്തിനെക്കാളുമേറെ അക്കാര്യവും എനിക്കു നിശ്ചയമുണ്ടു്. അതിനാൽ ഒരുകാരണവശാലും എനിക്കു് ആശങ്കയില്ല."

"ശരി. എന്നാൽ പോയിക്കിടന്നുറങ്ങിക്കൊള്ളൂ."

മകൾ പോയി. പോയപ്പോൾ മാത്രം ആ മുഖത്തേക്കു നോക്കി. ആ മുഖത്തു നല്ല തെളിച്ചം. ശുഭപ്രതീക്ഷയുടെ ശുഭ്രപ്രകാശം.

മകളുടെ മുറിയിലെ വെളിച്ചം അണഞ്ഞു.

അമ്മയും വിളക്കു കെടുത്തി.

ഇപ്പോൾ ഇരുൾ മാത്രം.

മകളുടെ മുറിയിൽനിന്നുവീണ വെളിച്ചത്തിന്റെ വാൾ ഇരുളിൽ അലിഞ്ഞു് ഇല്ലാതായിക്കഴിഞ്ഞു. മകളെന്ന വാൾ എവിടെ. വിധി വീശിപ്പിടിച്ച വാൾ എവിടെ.

ദേവകിഅമ്മ കണ്ണുകൾ അടച്ചു. അങ്ങകലെയുള്ള ഒരു ലോകത്തിന്റെ നേക്കു് ആ ചിന്തകളും കണ്ണുകളടച്ചു.

ക്ളോക്കിൽ മൂന്നു പ്രാവശ്യം മണി മുഴങ്ങി. ഇനി രണ്ടുമണിക്കൂർകൂടി കഴിയുമ്പോൾ പ്രഭാതം കണ്ണുകൾ തുറക്കും.

പ്രഭാതത്തെയും പ്രകാശത്തെയും സ്വപ്നങ്ങളുടെകൂടെ ദേവകിഅമ്മ ഉറങ്ങി.

—0—

(തുടരും)

അടുത്ത ലക്കത്തിൽ

അച്ഛൻ

കഥാകം

സുകുമാർ

ഒരു കോട്ടക്കേരി മനയ്ക്കലെ മുന്നു കാരണവന്മാരായ ഭവത്രാനന്ദൻ ഭട്ടതിരിപ്പാട്ട് തീണ്ടും അസ്വസ്ഥനായി പുറകിൽ കൈകെട്ടിയും പിന്നെപ്പിന്നെ കെട്ടഴിച്ചും വിരലുകൾ നിവർത്തും- മടക്കിയും കോലായിൽ തെക്കുവടക്ക് അമർത്തിച്ചവുട്ടി നടന്നു. നേരം നല്ലോണം വെളിച്ചമായിരിക്കുന്നു. ഇനിയും കട്ടിരാമൻ വന്നിട്ടില്ല. മിനഞ്ഞാന്ന് പ്രത്യേകം ശട്ടം കെട്ടിയതാണ്. പുലർച്ചയ്ക്ക് ആയുധസന്നാഹങ്ങളോടെ എഴുന്നെള്ളിക്കോളു. നമുക്കന്നേക്ക് അത്യാവശ്യമായിട്ട് ഒരിടംവരെ പോകേണ്ടതുണ്ട്. മിനഞ്ഞാന്നും ഇന്നലെയും ഒരേണി കാത്തിരുന്നായി. നാലാന്നാൾ ഒരിക്കൽ. പിന്നങ്ങോട്ട് ഓരോ കന്നുമായി. ചുമക്കത്തിൽ മുഖമിപ്പോൾ കവളപ്പാറയുടെ "വെള്ളത്താടി."

"ഹെയ്! നശിച്ച വർഗ്ഗങ്ങൾ! ഗുണം പിടിക്കില്ല. ഇല്ല! ഇവനോടൊക്കെ വിശ്വസിച്ച് കാര്യോന്നങ്ങട് നിശ്ചയിച്ചാലത്തെ കഥ! ഇനിപ്പോ എപ്പളാ ആ ഏമുന്ന് വരാ? ക്ഷൗരോം കളീം തേവാരോക്കെക്കഴിഞ്ഞ് എപ്പളാണ്ടല് പുറപ്പെടാ?...നാശം! ഉണ്ണീന്റെ മാതിരി നൊമ്പരക്കം കണ്ട ക്ഷൗരപ്പുത്രം ഇനിയുണ്ടട്ട് കണ്ടതാ ഗീന്ന് തോന്നണ്ണുണ്ട്. കണ്ടതിയ ഇയ്യൊണ്ടായില്ലല്ലോ? "സ്വസ്തിക്ഷൗരം!" ഞ ഇ വാശിക്കണ്ണെല്ലോ! ഹെയ്യോ!" ക്ഷൗരത്തപ്പോൾ തിരുമേനിക്ക് വായു ക്ഷോഭമുണ്ടായി. "ഇനിപ്പോ ഓരോ കന്നങ്ങളേട്ടുത്തു ചാണ്ടി മേന്ത കത്തിപ്പെളിക്കേ? ഹേയ്! നോമില്ല...എത്രയായാലും ക്ഷുരകസ്വഭാവം! അതൊന്ന വേറെത്തന്നെയാണ്."

— സ്വഗതം ഇത്രടമായപ്പോൾ ഒരു അപരിചിതൻ വലിയ കാൽസ്രാവും കോട്ടും ടൈയ്യും തൊപ്പിയും പാപ്പാസുമൊക്കെയായി പട്ടാളച്ചിട്ടയിൽ പടിപ്പുരകടന്ന് മനസ്സാലെ മുറ്റത്തു പ്രവേശിച്ചു. ഭവത്രാനന്ദൻ ഭട്ടതിരിപ്പാട്ട് പുറത്തേക്ക് തലയിട്ട് കണ്ണുത്തു മുകളിലേയ്ക്കി കൈകൊണ്ടാങ്ങ ചാഞ്ഞിക്കൂടി മൂന്നിൽനിന്ന നാടൻ ധാരയെ ക്ഷൂസാദികൾ ഒന്നഴിഞ്ഞു. രണ്ടഴിഞ്ഞു. മൂന്നഴിഞ്ഞു.

"തിരുമേനിക്ക് എന്നെ മനസ്സിലായില്ല അല്ലേ?"

ആഗതൻ സസ്മേരം ചോദിച്ചു.

ഭട്ടതിരി കരിന്തിരി കത്തിനിന്നതെല്ലുള്ളു. ആഗതൻ എണ്ണയൊഴിച്ചു.

"ഞാൻ കട്ടിരാമൻ വൈദ്യന്റെ മകനാ?

"ഉവ്വോ? കട്ടിരാമനെവിടെ? വരില്ലേ? തന്ന പറഞ്ഞയച്ചതാവും? ആയിക്കോട്ടെ. എന്നാലിനി അമാന്തിക്കണ്ട. നേരത്തെ ആയിക്കഴിഞ്ഞു. കളപ്പുരയുടെ പിന്നിലേക്ക് നടന്നോളൂ. നോം കിണ്ടിയിൽ വെള്ളവുമെടുത്തു് ഇതാ വന്നുകഴിഞ്ഞു...വന്നവന്ന് ക്ഷുരകന്മാർക്കും പ്രത്യേകതരം കപ്പായങ്ങളോ? ഞാ! എല്ലാർക്കുമാകാമെങ്കിൽ അമ്പിട്ടനെന്തര? കയ്യിൽ കത്തിയേ?"

ആഗതൻ നിന്നു ചിരിക്കുകയായിരുന്നു.

"എന്താത്ര ചിരിക്കാൻ?"

"തിരുമേനി എന്നെ തെററിദ്ധരിച്ചതോർത്തു് ചിരിച്ചുപോയതാ. ഞാനവിടെ ക്ഷൗരത്തിനു വന്നതല്ല. എന്റെ അനാലാന്നാൾ ചാത്തം ഒരിക്കൽ. പിന്നെ ചാത്തം, അങ്ങനെ ഓരോ ശകലങ്ങളു്. താൻ നൊമ്പരക്കം ക്ഷൗരംകൂടിയങ്ങട് കഴിച്ചിട്ട് പൊയ്ക്കോളൂ. വേണച്ചാൽ പത്തോ പതിനഞ്ചോ കാണ് കൂടുതൽ തരാനും നാമൊരുക്കാ, ങ ഹാ!

ആഗതൻ ഭട്ടതിരിപ്പാടിനെ അമർത്തി ഒന്നൊന്നു നോക്കിയിട്ട് അവിടെനിന്നും എത്രയും വേഗം നിഷ്ക്രമിച്ചു. ഭട്ടിപ്പുര കടന്നപ്പോൾ പൊട്ടിച്ചിരിക്കാണിക്കാൻ എത്ര ശ്രമിച്ചിട്ടും എന്തായിക്കാ കഴിഞ്ഞില്ല.

★

മേമ്പൊടി

ബസ്സ്യാത്രയ്ക്കിടയ്ക്ക് സേകരനെന്ന തോന്നിയ ഒരു നമ്പൂതിരിയോട്, മാന്യസഹയാത്രികൻ ചെയ്യുകയാണിതെന്ന് ഒരു വിദ്യാർത്ഥി മാന്യയുടെ മുമ്പിൽ മിടുക്കനാകാനിവേണ്ടി ചോദിച്ചു.

"നമ്പൂതിരിമാർ ചെമ്പുവെ ഫലിതക്കാരാണല്ലേ?"

"ഉവ്വോ? നമ്പൂതിയാണോ?"

"ഞാനല്ല."

"പിന്നെ, ഫലിതം പറയണ്ണുണ്ടല്ലോ?"

കേട്ടവർ പൊട്ടിച്ചിരിച്ചു.

നമ്മുടെ വിദ്യാർത്ഥി വീണിടംകൊണ്ടെങ്ങനെ കളിക്കുകയാണ്.

"അല്ല! രസികനാണല്ലോ! ഒരു ഫലിതംകൂടി പറയാമോ?

മാന്യ കോപിച്ച് പല്ലു ഞെരിച്ചു.

"മാന്യയാണല്ലേ?" നമ്പൂതിരി ചോദിച്ചു.

"കണ്ടിട്ടു മനസ്സിലായില്ലേ?" വിദ്യാർത്ഥി ദേഷ്യം.

"അതിന് നൊമ്പരയല്ലല്ലോ?"

"നാശം!" മാന്യ ഉറക്കപ്പിറണ്ടു.

"അടുത്തിരിക്കുന്നു"

നമ്പൂതിരിയുടെ ഈ പ്രയോഗം യാത്രക്കാരെ ഒന്നടങ്കം കുടുകുടെ ചിരിപ്പിച്ചു.

— 0 —





ഗായത്രിമൽഹോത്ര

(21-ൻനിന്നു തുടർച്ച)

വരില്ലത്രേ! ഇവളൊരിക്കലും വർഗ്ഗവഞ്ചകിയാവില്ല സത്യം —

സ്വരപ്പാറാണി കെട്ടിപ്പിടിച്ചു തന്റെ മൂർദ്ദാവിൽ ചുംബിച്ചു:

ആ നിമിഷത്തിന്റെ തലയിലുള്ള ഉടൽ ഇതാ കഴുകൻ കൊത്തിവലിയ്ക്കുന്നു—

ഇതു വേണ്ടായിരുന്നു...

അതുപോലെ ആരെല്ലാം കൊല്ലപ്പെട്ടിരിക്കുന്നു...ഒരുമിച്ചുകളിച്ചു് വളർന്നു, ഒരേ പ്രവൃത്തിയിൽ പ്രാവീണ്യം നേടിയ തന്റെ കൂട്ടുകാരികൾ

മേദിനി, ആരതി, അപർണ്ണ, വൈശാഖി, നിദ്ര...അപർണ്ണയേയും നിദ്രയേയും തന്റെ മുമ്പിൽ വച്ചാണു് ബലാത്സംഗം ചെയ്തു കൊന്നതു്...

ഹേമയുടെ ദുർബ്ബലമായ ബ്ലൗസ്—ബ്ലൗസിന്റെ കഴുത്തിനു മുമ്പുതന്നെ സർക്കാർ പതിനായിരം രൂപ വാഗ്ദാനം ചെയ്തിരുന്നു...

ഇപ്പോളിതാ വനാന്തരങ്ങൾപോലും ഈ വനാന്തരങ്ങളിൽനിന്നു് പേടിച്ചോടിച്ചിരിക്കുന്നു...

ഒരാൾമാത്രം രക്ഷപ്പെട്ടിരിക്കുന്നു! ഒരാൾമാത്രം!

—ഗായത്രിമൽഹോത്ര! സ്വന്തമിയും വാചാലയും ധീരയുമായ ഗായത്രി—.

കഴിഞ്ഞരാത്രിവരെ അവൾ അധീരയായിരുന്നു. ഈ ഏകതാബോധം അനുഭവപ്പെട്ടതുമുതൽ അവൾ അസ്വസ്ഥയായി.

ഒരു പുനർചിന്തനത്തിന്റെ ആവശ്യമില്ലെങ്കിലും പേടിപ്പെടുത്തുന്ന ഏതോരുതരത്തിൽനിന്നു് ഒരു മുക്തിയുണ്ടെങ്കിലും ആശ്വാസം ലഭിക്കട്ടെയെന്നവളാശിച്ചു...

എന്നാണു് തനിയ്ക്കു് മാറാം വന്നതു്—

മേജർ മോഹീന്ദ്രനെ നഗരത്തിലെ വൃദ്ധനായ മാനേജർ പരിചയപ്പെടുത്തിത്തന്ന ദിവസം. ഇന്നും കാർമ്മയുണ്ടു്. നഗരത്തിലെ സ്ഥിതിഗതികളെക്കുറിച്ചന്വേഷിക്കുവാൻ പ്രത്യേകമായിതന്നെ നിയോഗിച്ചതാണു്. മേജറെ കണ്ടപ്പോൾ അയാളൊരു സ്വരൂപവനായ ചെറുപ്പക്കാരനാണെന്നും ഒരു വ്യവസായിയെന്നും മാത്രമേ കരുതിയിരുന്നുള്ളു.

അവളുടെ തുളുമ്പുന്ന കണ്ണുകളേയും നനനത്ത മീശയേയും ശ്രദ്ധിയ്ക്കുന്നതല്ലാതെ അയാളെ എങ്ങനെ സംഘത്തിനുപയോഗിക്കാമെന്നാണു് ശ്രമിച്ചതു്...

ആ ശ്രമം എത്ര പൊട്ടന്നാണു് പരാജയപ്പെട്ടതു്...

സ്നിഗ്ദ്ധമായിട്ടും ലക്ഷ്യമില്ലാതെയുള്ള സംഭാഷണങ്ങൾ അയാൾ കൊണ്ടെത്തിക്കുക, തന്നെ സ്നേഹിക്കുന്നതിനേയും ആരാധിക്കുന്നതിനേയും പററിയായിരിക്കും. മേജറുടെ ശ്രദ്ധാപൂർവ്വമുള്ള നീക്കത്തിൽ താൻതോററുപോയി...അയാളുടെ സാമീപ്യംപോലും തന്റെ ധൈര്യത്തേയും ശക്തിയേയും, ഉദ്ദേശത്തേയും കീഴ്പ്പെടുത്തിക്കളഞ്ഞു.

അസ്വസ്ഥമായ രാത്രികളിൽ, മാവിയെപ്പററിയുള്ള കണക്കുകൂട്ടലുകളിൽ തുളുമ്പുന്ന കണ്ണുകളും നനനത്ത മീശയുമുള്ള മോഹീന്ദ്രന്റെ ചൈതന്യവത്തായ മുഖമാണുണ്ടായിരുന്നു.

അയാളെ സ്വന്തമാക്കാ...അയാളെക്കൂടി താങ്ങൾപ്പെടുത്തുന്ന സംഘത്തിലാക്കാനുള്ള ശ്രമം താനയാളുടെ പോക്കററിലാണു് ചീണ്ടുന്നു്.

ഗായത്രിമൽഹോത്ര ഒരു സാധാരണ സ്ത്രീയായിപ്പോയി...ഗുരുവിചാരം മാത്രമുള്ള ഒരു സ്ത്രീ! വാഗ്ദത്തങ്ങൾ, പ്രലോഭനങ്ങൾ—

പ്രേമത്തെക്കുറിച്ചു്, അനശ്വരകാവ്യങ്ങളിലെ ഈരടികൾ തെളിഞ്ഞ രാത്രികളിൽ അയാൾ പാടിക്കേൾപ്പിച്ചു...ആ നിർവൃതിയിൽ എല്ലാം മറന്നു് സർവ്വവും തുറന്നുപറഞ്ഞു...നാട്ടിൽ സുഖമായി അയാളോടൊപ്പം ജീവിയ്ക്കണമെങ്കിൽ കൂട്ടിലുള്ളവർ ജീവിച്ചിരിയ്ക്കാൻ പാടില്ല...ഒരു സ്നേഹബന്ധത്തിനുവേണ്ടി, തികച്ചും തന്റെ സ്വാർത്ഥതയ്ക്കുവേണ്ടി അനേകായിരങ്ങളെ ഒരുകൊടുക്കുക

വിചാരിക്കാൻകൂടി സാധിക്കുന്നില്ല...ഈ അർദ്ധജനവിഷാദത്തിന്റെ പൊരുൾ മേജർ മോഹീന്ദ്രൻ ബുദ്ധിപൂർവ്വം മനസ്സിലാക്കി പ്രവർത്തിച്ചു...

അയാൾ ജയിച്ചിരിക്കുന്നു...

ദേശസ്നേഹിയായ മോഹത്തിന്റെ വലയിൽപ്പെട്ടുപോയി. ഇങ്ങനൊന്നും സംഭവിക്കരുതെന്നു് സ്വപ്നത്തിൽപ്പോലും വിചാരിച്ചതല്ല—ഒരു ദുഃസ്വപ്നംപോലെ ഇതെല്ലാം നടന്നിരിക്കുന്നു് വന്നുവാനുള്ള ശ്രമം, അവളെ കൂടുതൽ ക്ഷീണിതയാക്കി...

"മൈസ്സബ്—മേജർ സാഹിബിന്റെ വിളിയ്ക്കുന്നു..."

നീണ്ട നിശബ്ദതയെ ഡ്രൈവർ മുഞ്ഞിച്ചു.

വേണ്ട...നേരെ പോലീസ് കമ്മീഷണറുടെ അടുക്കലേയ്ക്കു് വിട്ടേയ്ക്കുക"

എന്തിനെന്നു ഡ്രൈവർ അന്വേഷിച്ചില്ല. എങ്കിലും അവൾ പറഞ്ഞു.

എന്നെ വിലങ്ങുവയ്ക്കാൻ...എന്റെ കൂടി തടങ്കലിലാക്കാനോ വേടിവച്ചു കൊല്ലാനോ പറയാൻ—"

അവളുടെ തളർന്നമുഖത്തു പകച്ചുനോക്കിയ ഡ്രൈവർക്കു് കററബോധത്തിന്റെയോ പകയുടെയോ ഭാവമല്ല കണ്ടതു്...അനവദ്യസുന്ദരമായ പ്രശാന്തഭാവം. ആ ഭാവം ഗായത്രിമൽഹോത്രയെ കൂടുതൽ തേജോമയിയാക്കിയിരിക്കുന്നുവെന്നു് അയാൾക്കുതോന്നി.

—o—

കാൻസറിന്റെ മുന്നോടി

(23-ൻനിന്നു തുടർച്ച)

16 ശതമാനത്തോളം മരണങ്ങളും കാൻസർമൂലമാണുണ്ടാകുന്നതു്. മററു രീതിയിലുള്ള മരണങ്ങളുടേയും കണക്കറിയുക സൌകര്യമാണെന്നു തോന്നുന്നില്ല. എന്നാലും അറിയുക നന്നല്ലേ?

ഹൃദ്രോഗം—	38·8%
കാൻസർ	16·2
രക്തസമ്മർദ്ദം കൂടുതൽ	11·1
അപകടങ്ങൾ —	5·9
ഇൻഫ്ലുവൻസ (ന്യൂമോണിയ)—	3·4
ശൈശവരോഗങ്ങൾ	3
ആർത്തിരിയോ:- സ്ക്ലീറോസിസ്—	2·1
ഡയബറിസ്—	1·8
സിറോസിസ് ലിവർ	1·3
ആത്മഹത്യ —	1·2

— 0 —

മലയാളം അറിയാവുന്ന ആൺകുട്ടി!!

S. S. L. C.യോ മെട്രിക്കുലേഷനോ പാസ്സാകാം.

കൂടാതെ പ്രീഡിഗ്രി, ബി. എ., എം. എ പരീക്ഷകൾക്കു സമർത്ഥമായ രീതിയിൽ അദ്ധ്യയനം നൽകുന്നു.

വിശദവിവരത്തിനു് പറിപ്പും, പ്രായവും കാണിച്ചു് അപേക്ഷിക്കുക.

P. T. College,
Manacaud, TRIVANDRUM - 9.

A success in marriage means
life long happiness
Pleasure enthusiasm-enjoyment
that last a life-time
Adventure through knowledge
We help you to select the book of
your particular need
To blossom your marriage
read C. H. Rai books.

Free details:

DIRECTOR
C. H. R. AGENCY,
Chandiroor P. O.

നോവലും നോവലല്ലായ്മകളും

അടുത്തകാലത്തായി നമ്മിൽ കുറേ ചേർക്കുകിലും കൂടുതൽക്കൂടുതൽ പ്രിയങ്കരമായി വരുന്ന "ഗദ്യാത്മകാമായണം" കിളിപ്പാട്ടിൽ, കേരളകവി ഒന്നാമൻ (ആരെങ്കിലും അങ്ങിനെ അദ്ദേഹത്തെ വിളിച്ചിരുന്നെങ്കിൽ അതൊരവമാനിക്കലായി കരുതുമായിരുന്നില്ല അദ്ദേഹം) ഇങ്ങനെ പാടിയിട്ടുള്ളതായിക്കാണുന്നു.

പാന്ഥർ പെരുവഴിയമ്പലംതന്നിടല
താന്തരായ്ചേന്ന വിയോഗം—
വരുമ്പോലെ

ഇടയ്ക്ക്, നദ്യാമൊഴുകുന്ന (അതായതു്, "നദിയിലൂടെ ഒഴുകുന്ന") കാഷ്ഠങ്ങളെപ്പററിയും മററും പരാമർശവുമുണ്ട്. ഇവിടെ "കാഷ്ഠ"ശബ്ദത്തിനു വിറകുകൊള്ളിയെന്നേ അർത്ഥമുള്ളു. അതിരിക്കട്ടെ. നമുക്ക് ഉദ്ധരിച്ച വരികളിലേക്കു തിരിച്ചു ചെല്ലാം. "ജീവിതം വഴിയമ്പലത്തിലെ തങ്ങൽപോലെ ക്ഷണികം" എന്നാണ് പദ്യഹാകവി പറഞ്ഞിരിക്കുന്നതു്.

രാമായണവും, ബൈബിളും, ദാസ്തേവ്സ്കിയുമെല്ലാം വായിച്ചുറപ്പിച്ച ഒരു സമകാലികഗദ്യമഹാകവി എമ്പത്തിയഞ്ചു പുറങ്ങളിലൊതുങ്ങുന്ന തന്റെ പുതിയ ക്ലാസ്സിക് "വഴിയമ്പലം" എന്ന പേരിട്ടിട്ടുള്ളതിൽ പ്രത്യേകിച്ചൊരൗചിത്യമുണ്ട്, "വഴിയമ്പ"ലാശയത്തെ അഴകും മിഴിവും ഉള്ള ഒരു കഥയായി മാററിയിട്ടുണ്ട് ശ്രീ പാറപ്പുറത്ത്.

ഞാൻ ഒരു പരിനേഴുകാരിസ്സുന്ദരിയായിരുന്നുവെങ്കിൽ, ഈ "നോവൽ" വായിച്ചതിനു ഉടനെ, ശ്രീ. പാറപ്പുറത്തിനെ തിരഞ്ഞു പുറപ്പെട്ടേനെ. കണ്ടുകിട്ടിയാൽ പിന്നെ രണ്ടു കാര്യങ്ങൾ—, അല്ല കരണീയങ്ങൾ: ആദ്യമൊന്നമ്പ്പ്രദിപാടി, പിന്നെ ഒടിപ്പ്രദിപാടിയും. ഉത്തമക്കാരണം ഒന്ന്. ഇടിക്കാനുള്ള കാരണം രണ്ടു മന്നതാൻ.

"അഴകുഴികനേ"ത്തിലെ വയസ്സൻനായകന്റെ അനുഭവങ്ങളിലൂടെ, മനുഷ്യപാരമ്പര്യങ്ങളിലൂടെ, ഗ്രാമജീവിതത്തിന്റെ അഗാധഗഹനതകളിലേക്ക് അകളങ്കപ്രകാശം ചൊരിഞ്ഞ ശ്രീ പാറപ്പുറത്ത്, ഇതാ മററൊരു അവിസ്മരണീയ വയസ്സനെ നമുക്കു പരിചയപ്പെടുത്തിത്തന്നിരിക്കുന്നു. മാത്തുണ്ണിമുതലാളിയെ. ചലനാത്മകമായ അദ്ധ്വാനശക്തിയിലൂടെ ധാരാളം ധാരാളം സ്വത്തുണ്ടാർജ്ജിച്ച മാത്തുണ്ണി, അതെല്ലാം പുത്രന്മാരാക്കി ഒരു നിസ്സംഗജീവിതം നയിക്കാൻ ശ്രമിക്കുന്നു. എന്നാൽ, ജീവിതമുണ്ടോ മാത്തുണ്ണിമുതലാളിയെ വെറുതെ വിടുന്നു? അറിഞ്ഞോ അറിയാതെയോ, (നല്ല കലാകാരന്റെ പല നേട്ടങ്ങളും മുഴുവനുമങ്ങറിഞ്ഞായിരിക്കയില്ല) ശ്രീ. പാറപ്പുറത്ത് മാത്തുണ്ണിയെ ഒരുജാതി "അന്യതാ"പ്രബാധക്കാരനാക്കിയിട്ടുണ്ട്. മാത്തുണ്ണിയുടെ നിസ്സംഗത—അയാളുടെ ഞാനൊന്നുമറിഞ്ഞിട്ടില്ലേ രാമനാരായണ ഭാവത്തെ "നിസ്സംഗത" എന്നു വിളിക്കാമെങ്കിൽ—യോഗിയുടേതിലും നിസ്സഹായന്റേതാണ്. അയാളുടെ മകൻ, അയാളുടെ സ്വത്തിന്റെയെല്ലാം ഇപ്പോഴത്തെ അധിപൻ, അപ്പനോടു സ്നേഹവും ആർദ്രതയും ഉള്ളവനും, മുതലാളിത്തം തൊട്ടുതീണ്ടാത്തവനുമായ അപ്പുക്കുട്ടൻ, എന്തുമാത്രം യോഗ്യനാണെങ്കിൽത്തന്നെയും, മാത്തുണ്ണിമുതലാളി ഇത്രയും ധൂർത്തിയിൽ സ്വത്തെല്ലാം അയാളെ ഏല്പിക്കേണ്ടിയിരുന്നോ എന്നു നിങ്ങൾ ചോദിക്കയാണെന്നിരിക്കട്ടെ. പ്രത്യേകിച്ചും അപ്പുക്കുട്ടന്റെ ജീവിതം ദുഃഖത്തിലവസാനിക്കുന്ന സ്ഥിതിക്ക് നിങ്ങളുടെ ചോദ്യം അസ്ഥാനത്തായേക്കാം, സാഹിത്യരചനയെക്കുറിച്ച് എന്തെങ്കിലും അറിയുമായിരുന്നെങ്കിൽ നിങ്ങൾക്കങ്ങനെയൊരു സംശയം തോന്നില്ല, അപ്പുക്കുട്ടന്റെ കണ്ണിൽ കത്തുന്ന മണവും, അപ്പുക്കുട്ടന്റെ മുഖമക്കളുടെ (തല്ലുകൊള്ളി രാഷ്ട്രീയക്കാരൻ, ഹിപ്പി, പുതുമോഡൽ ഉപദേശ) പരിഹാസ്യമായ ചോക്കം. എല്ലാം, മാത്തുണ്ണിമുതലാളിയുടെ സ്ഥാനത്യാഗത്തിന്റെ ഫലമാണ്. കഥാന്ത്യത്തിൽ മുതലാളിയുടെ സ്ഥാനത്യാഗം അനിവാര്യമാണെന്ന് ചുരുക്കം അപ്പുക്കുട്ടന്റെ അമ്മയും, മിസ്സിസ് അപ്പുക്കുട്ടനും തമ്മിലുള്ള വിരാമമില്ലാത്ത പോരു്, രാജേന്ദ്രന്റെ മാടക്കടയിൽ അവന്റെ ബിസിനസ്സിനു മന്ദത വരുത്തുന്ന രീതിയിൽ മാത്തുണ്ണിമുതലാളി ഇരിക്കുന്ന ഇരുത്തം, ചാരുവിന്റെ വിപ്ലവപ്പാർട്ടിയും പാപ്പച്ചന്റെ ചൂഷണപ്രവർത്തിയും തമ്മിലുള്ള സന്ധിയില്ലാസമരം, ജോയിക്കോനും അവന്റെ ബംഗാളിപെണ്ണും കൂടിയുള്ള കസത്തുകൾ, മാത്തുണ്ണിയും കൂട്ടാസിപ്പേരും തമ്മിലുള്ള ബുദ്ധിപ്രകടനമായ മല്പിടുത്തങ്ങൾ—എല്ലാം വളരെ ഭംഗിയായിക്കൊണ്ടുവന്നിട്ടുണ്ട് "വഴിയമ്പ"ലത്തിൽ. മാത്തുണ്ണിമുതലാളിയെ കേന്ദ്രമാക്കിക്കൊണ്ടാണ് കഥാകഥനം. അപ്പുക്കുട്ടന്റെ ഉത്തമത്തിന് ഉഗ്രമായ ഒരു ഒപ്പിട്ടിത്തെറിയുടെ ഫലമുണ്ട്. പാത്രസൃഷ്ടി വളരെ വളരെ കേമപ്പെട്ടിരിക്കുന്നു. സുഗന്ധശീതളമായ നർമ്മബോധം കഥയിലുടനീളമുണ്ട്.

ഇത്രയും ഉമ്മയുടെ കാര്യം. എന്നാൽ പാറപ്പുറത്തിനു നല്ലൊരിടിക്കുള്ള അർഹതകൂടി ഈ നോവൽ തെളിവിച്ചിട്ടുണ്ട്. മുതലാളിമാരെ "വെള്ളയടിച്ചു" കാണിക്കാൻവേണ്ടിയെഴുതിയതോ എന്നു തോന്നിക്കുന്ന ഭാഗങ്ങൾ ധാരാളം ഇതിലുണ്ട്. "കല"പ്രചാരണോപാധിയാവുന്നതിൽ എനിക്കാക്ഷേപമില്ല. പക്ഷേ, മുതലാളിയെ മനുഷ്യസ്നേഹിയാക്കി അവതരിപ്പിക്കുക! മുതലാളിക്ക് മനുഷ്യത്വം പോരും! എന്റെ മതമായിച്ചോട്ടാ, ഈ പാഴ്ശ്രമം നിർത്തൂ! മൂർച്ചയുള്ള പാമ്പിനെ മുയലിനേക്കാൾ ഭയമുണ്ടാക്കാൻ പാടുപെട്ടിട്ടെന്തുകാര്യം?

ശ്രീ. വി. പി. മുഹമ്മദ്, കൊള്ളാവുന്ന നോവലുകളെഴുതിയിട്ടുള്ള ഒരു നല്ല എഴുത്തുകാരനാണ്, "ദേൻതുള്ളി"യും മററും ഉദാഹരണങ്ങൾ. അദ്ദേഹത്തിന്റെ ഏററവും പുതിയ കൃതിയായ ഈ "വൃക്തിയിലെ വ്യക്തി" എന്നെ ദുഃഖിതനും അസ്വസ്ഥനുമാക്കുന്നു. അബ്രഹാം ലിങ്കന്റെയും മേരിലിങ്കന്റെയും ഉദാത്തമായ ദാമ്പത്യജീവിതത്തെ, ദേവനകൊണ്ടു് നിറം പിടിപ്പിച്ചു നമുക്ക് നല്കിയിരിക്കയാണ് ശ്രീ. മുഹമ്മദ് ഈ കൃതിയിൽ. മററു വാക്കുകളിൽ, ഇതൊരു ജീവചരിത്രനോവലാണ്. മേരിലിങ്കന്റെ ദുർഗ്ഗുണവും, സംസ്കാരശൂന്യതയും പ്രകടകാരണങ്ങളായ ഒരുക്കൂട്ടിച്ചേർത്ത്, മനുഷ്യത്വത്തമനായ ലിങ്കനെ എങ്ങനെ നശിപ്പിച്ചു എന്ന് വരച്ചുകാണിക്കാൻ ശ്രീ. മുഹമ്മദ് നടത്തിയ ശ്രമം അതിരാവുകതപത്തിന്റെ തള്ളിക്കയറൽ കാരണം, വേണ്ടത്ര വിജയിക്കാതെ പോയി. മേരിയുടെ മനോവ്യാപാരങ്ങളിൽ ഉറച്ചുനിന്നതാണ് തൻ ഈ നോവലെഴുതിയതെന്നു ശ്രീ. മുഹമ്മദ് അവകാശപ്പെടുന്നുണ്ട്. പുസ്തകം വായിക്കുമ്പോഴാകട്ടെ, വായിച്ചു തീരുമ്പോഴാകട്ടെ അങ്ങനെ തോന്നുന്നില്ല. സ്വതന്ത്രമായും സ്വഗതമായും വായിച്ചു പോകാവുന്ന ആഖ്യാനശൈലിപത്തിനു്, മന്നിലധികം കേന്ദ്രീകരണങ്ങൾ കൂട്ടിക്കുഴച്ചിട്ടുള്ളതുകൊണ്ട് വികാരങ്ങളുടെ ചായം വല്ലാതെ കോരിച്ചൊരിഞ്ഞിട്ടുള്ളതുകൊണ്ട്, പലേടത്തും പോരാൻ തട്ടിയിട്ടുണ്ട്. ലിങ്കന്റെ വ്യക്തിത്വത്തെപ്പററി വ്യക്തമായ ഒരു ചിത്രം കിട്ടുന്നില്ല, മേരിയുടെ വ്യക്തിത്വത്തെപ്പററി സ്പഷ്ടവും വിശ്വസനീയവുമായ ചിത്രം കിട്ടുന്നതുണ്ടുതു് നല്കുകയും തന്നെ. ലിങ്കനെ ഇത്രയും പരിഹാസ്യനാക്കേണ്ടിയിരുന്നോ എന്നും തോന്നി. മേരിലിങ്കനെ ഒരു സൽക്കഥാപാത്രമായി അവതരിപ്പിച്ചു കാണിക്കുന്നു മന്നിലധികം ഇംഗ്ലീഷ് ജീവചരിത്രങ്ങൾ അടുത്തകാലത്തു് ഉണ്ടായിട്ടുണ്ട്. ശ്രീ. മുഹമ്മദ് അതൊന്നും ശ്രദ്ധിക്കാത്തതെന്താണാവോ? ജീവചരിത്രമെന്ന നിലയ്ക്കും നോവലെന്ന നിലയ്ക്കും വിജയിക്കുന്ന ഒരു കൃതി ജനങ്ങൾക്കാണ്ടുണ്ടാകട്ടെ, ജീവചരിത്രമെന്ന നിലയ്ക്ക് അതുപ്രകടവും. നോവലെന്ന നിലയ്ക്ക് കട്ടുചായ്ക്കുയോഗാദിക്കും കാരണം അപകടത്തിൽ ചാടിയതുമായ ഒരു കൃതിയാണ് വി. പി. മുഹമ്മദ് നമുക്ക് തന്നിരിക്കുന്നതു്.

"കാപ്പി ഒരുകയിൽ കിട്ടിയപ്പോൾ സംശയം വിട്ടു."

വ്യാസ, ഷൺമുഖദാസ്

തനിക്കു കഴിക്കാൻ തന്ന കാപ്പിയിൽ വിഷം!

മേരി കാപ്പികുടിച്ചില്ല.

എല്ലാവരും തന്നെ കൊല്ലാൻ ശ്രമിക്കുന്നു എന്നു മേരിക്കറിഞ്ഞു.

ആരും തനിക്കു സഹായമില്ല.

ആരും തന്നെ സ്നേഹിക്കാനില്ല!

എന്ന് ഇങ്ങനെയൊക്കെ എഴുതിയാലോ? നോവൽരചനയുടെ മർമ്മമറിയാവുന്ന ശ്രീ. വി. പി. മുഹമ്മദ്, സാങ്കല്പിക ജീവിതചിത്രണത്തിൽ ശ്രദ്ധ തരിക്കുന്നതായിരിക്കും ഭേദം.

ശ്രീ. ടി. എസ്. തോമസ്സിന്റെ "പ്രണാമം," നമ്മുടെ ചില പ്രത്യേക വാരികകളിൽ വരാറുള്ള ഒരുതരം "വികാരക്കൊടുങ്കാറ്റ്"നോവലാണ്. പ്രതിപാദനം ശ്രദ്ധ പഴഞ്ചനായിട്ടാണ് അനുഭവപ്പെടുന്നു, ഇത്തരം കൃതികളോടു മാനസികമായും കുറവായതുകൊണ്ടാവാം ഇങ്ങനെ സംഭവിച്ചതു്. സുഖദുഃഖമിശ്രമായ ജീവിതത്തിൽ താളംവെട്ടൽ ഇതിൽ ധാരാളമായുണ്ടെന്നു സമ്മതിക്കുന്നു, വ്യക്തിത്വമുള്ള കഥാപാത്രങ്ങളും ഇതിൽ ധാരാളമുണ്ട്, ജീവിതത്തിന്റെ അപ്രതീക്ഷിതവും അഗാധവുമായ തലങ്ങളിൽ കാലഗതിയും എത്തിച്ചേരുന്ന മേരിയും, തുഗേമുത്തിയായ രാജനും, അകാലവൈധവ്യത്തിനു വിധിക്കപ്പെട്ട അമ്മുക്കുട്ടിയും, നിഷ്കളങ്കനായ കുഞ്ഞച്ചനും,—ഇങ്ങനെ പലരും. ഇരുപത്തിയഞ്ചുവർഷങ്ങൾക്കുമുമ്പാണ് ഈ നോവലിന്റെ ആവിർഭാവമെങ്കിൽ, ഒരു പരാതിയും ഉണ്ടാകുമായിരുന്നില്ല. ഇപ്പോഴും അതുവലിയ പരാതിയൊന്നുമില്ല. "ബഹുജനം പലവിധം" എന്ന ചർവ്വിതചർവണം വാക്യം നമുക്കു പ്രമാണം." "കുണ്ടനാരിന്റെ പുത്ര"നാകും പുത്രനാകും ഈ "കഥാപുസ്തക"ത്തിനു നല്ല പ്രോത്സാഹനം കൊടുക്കുമായിരിക്കാം, അല്ലാത്തവർ. മന്നാമത്തെയോ രണ്ടാമത്തെയോ ചേജിൽ നിർത്തിയേക്കാനിടയുണ്ട്. അതു കൊണ്ടെന്തു കഴപ്പ്? ഗ്രന്ഥകാരന്റെ ഉദ്ദേശ്യം നടന്നാൽ മതിയല്ലോ?

—0—

കള്ളച്ചുതു്

ആധുനികകാലത്തിന്റെ — അത്യന്താധുനികസമുദായത്തിന്റെ—സവിശേഷതകളെ അതിവിദഗ്ദ്ധമായി പ്രതിബിംബിപ്പിക്കുന്ന ഹൃദ്യമായ ഒരു നോവലാണ് ശ്രീ. നൂറനാട്ടുഹനീഫിന്റെ "കള്ളച്ചുതു്." ഇന്നത്തെ സമുദായത്തിൽ പരിഷ്കാരികളായ മാനുഷന്മാരുടെ ഇടയിൽ പ്രത്യക്ഷമായും പരോക്ഷമായും നടക്കുന്ന കള്ളച്ചുതുകളെല്ലാം ഈ നോവലിൽ കലാപരമായി അനാവരണംചെയ്യപ്പെട്ടിട്ടുണ്ട്. കണ്ണടച്ചിരുട്ടാക്കാൻ ശ്രമിക്കുന്ന ഇന്നത്തെ സമുദായത്തെയും. സമുദായത്തിലെ നിരവധി വികലതകളെയും നോവലിസ്റ്റു് നമുക്കു ചൂണ്ടിക്കാണിച്ചുതരുന്നു. സമുദായത്തിലെ താളപ്പിഴകളും, അപസ്വരങ്ങളും, ഉയർച്ചതാഴ്ചകളും, ഉതൽപൊട്ടലുകളും, അവയുടെ വിനാശഫലങ്ങളും, കൂടാതെ അടിയുറച്ച വിശ്വാസങ്ങളെ കടപുഴക്കിയെറിയുന്ന ഭൂകമ്പങ്ങളും ശ്രീ. ഹനീഫ് ഭംഗ്യന്തരേണ ഹൃദയസ്പർശിക്കായ രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നു. വ്യക്തികളുടെ സ്വാർത്ഥതാൽപ്പര്യത്തിന്റെ അഴുക്കുചാലിൽ മുങ്ങുന്ന നേതൃത്വത്തിന്റെ വകതിരിവുകേടുകൾ മുതൽ, പകൽമുഴുവൻ മേനനടിച്ചുനടക്കുന്ന "മാനു"ന്മാരായ "പകൽമാന്യന്മാ"രുടെ ദുർഗന്ധംവമിക്കുന്ന പ്രവൃത്തികൾവരെ ചിന്തോദ്ദീപകമായ രീതിയിൽ, സമുദായപരിഷ്കരണം പ്രോത്സാഹിപ്പിക്കുകയും ശക്തവുമായവിധം ആരുടെയും കരളുകുത്തിക്കീറി പാകത്തിനു "കള്ളച്ചുതു"ന്റെ ചിത്രം പ്രപഞ്ചംചെയ്തിട്ടുണ്ട്. ശ്രീ. ഹനീഫിന്റെ അനുഗൃഹീതമായ തൂലിക ഈ കാലഘട്ടത്തിന്റെ പ്രവണതകളെ പ്രതിഫലിപ്പിച്ചിരിക്കുന്നതോ—നമ്മുടെ ബോധസമുജ്ജ്വലമായ ദശാസന്ധിയിലാണെന്നതാണ്!

—തൃക്കൊടിത്താനം

1, വഴിയമ്പലം
—പാറപ്പുറത്തു് വില ക. 2-25

2. വ്യക്തിയിലെ വ്യക്തി
—വി. പി. മുഹമ്മദ് വില ക. 6-50

3. പ്രണാമം
—ടി.എസ്. തോമസ് വില ക. 4-50

(മൂന്നും സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ പ്രസിദ്ധീകരണങ്ങൾ)

സാഹിത്യവാരഫലം

(19-ൾനിന്നു തുടർച്ച)

"ക്രോധാൽഭവതി സമ്മോഹഃ
സമ്മോഹാൽ സ്മൃതിവിഭ്രമഃ
സ്മൃതിഭ്രംശാൽ ബുദ്ധിനാശോ
ബുദ്ധിനാശാൽ പ്രണശ്യതി"
(ഭഗവദ്ഗീത)

(ക്രോധത്തിൽനിന്ന് അവിവേകം; അവിവേകത്തിൽനിന്ന് ഓർമ്മയില്ലായ്മ; ഓർമ്മയില്ലായ്മയിൽനിന്നു ബുദ്ധിനാശം; ബുദ്ധിനാശത്തിന്റെ ഫലം സർവനാശം.)

ഇനി ചില തെററുകൾ. 1.) "ഖുന്റെ കഥകളൊന്നും അയാൾക്ക് അറിവുണ്ടെന്നു തോന്നിയില്ല" [കഥകളൊന്നും എന്നു തിരുത്തണം.]

2) "സ്വന്തം വാചകങ്ങളിൽ എഴുതിയെടുക്കും" [വാക്യങ്ങളിൽ എഴുതിയെടുക്കുകയെന്നു വേണം.]

3) "അപാകത തോന്നിയില്ല" [അപാകം തോന്നിയില്ല എന്നു തിരുത്തണം. പാകത ശരി പാകത തെററു്. "ഹൃത്താരിയന്ന പരിപാകമേതയേ"—എന്നു "നളിനി"യിൽ.]

■ ■ ■ ■
■ ■ ■ ■

നരകത്തെക്കുറിച്ചുള്ള പേടി, മോക്ഷത്തെക്കുറിച്ചുള്ള പ്രത്യാശ ഇവയോടുകൂടി ജീവിക്കുന്ന യഥാർത്ഥക്രിസ്ത്യാനിയെ ബ്ലൂസ്പാസ്കൽ എന്ന ഫ്രഞ്ച് തത്വജ്ഞാനി വാഴ്ത്തുന്നു. പക്ഷേ, ആ രീതിയിൽ ജീവിക്കുന്ന മനുഷ്യൻ എത്ര സഹതാപാർഹനായിരിക്കും! ശ്രീ. പുനത്തിന്റെ കുഞ്ഞബ്ദുള്ളയുടെ "ദുഃഖിതർക്കൊരു പുമരം" എന്ന നല്ല ചെറുകഥയിൽ ആ രീതിയിലുള്ള ഒരു ക്രിസ്ത്യാനിയെയല്ല നാം കാണുക. അയാൾക്കു നരകത്തെക്കുറിച്ചു പേടിയില്ല. മോക്ഷത്തെക്കുറിച്ചുള്ള പ്രത്യാശയില്ല. എങ്കിലും അയാൾ സഹതാപാർഹനായിരിക്കുന്നു. കാരണം മനുഷ്യനും ഈ പ്രപഞ്ചത്തിൽ കർത്തവ്യമുണ്ടെന്നു. കുഞ്ഞബ്ദുള്ളയുടെ കഥയിലെ പ്രധാനകഥാപാത്രം ദുഃഖിതരെയും മരിച്ചവരെയും വേർതിരിക്കാൻ നിർബ്ബന്ധനായിരിക്കുന്നു. അതാണ് അയാളുടെ കർമ്മം. അയാളുടെ കൂട്ടുകാരോ? അവരെല്ലാം നേരത്തെ ഓരോ ജോലിയിൽ ഏർപ്പെട്ടുകഴിഞ്ഞു. കൊൾ പട്ടാളക്കാരൻ, വേറൊരാൾ ഡെയ്ദുൻ, ഒരുത്തി വേശ്യ, ഒരു ഇരുകലത്തിൽ പഠിച്ചവരാണ് ഇവരെല്ലാം. വാസന അനുസരിച്ച് അവർക്കൊക്കെ ജോലികൾ കിട്ടി. അവർ സുഖമായി ജീവിക്കുന്നു. പ്രധാനകഥാപാത്രം മാത്രം മനസ്സിലും വാസനയില്ലാതെ അലഞ്ഞുതിരിയുകയായിരുന്നു. ഇങ്ങനെയിരിക്കെ അയാളും കർമ്മബദ്ധനായി; ദുഃഖിതരെയും മരിച്ചവരെയും വേർതിരിക്കുന്ന ജോലിയാണു് അയാൾക്കു കിട്ടിയതു്. പക്ഷേ, ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. പട്ടാളക്കാരന്റെയും വേശ്യയുടെയും ഡെയ്ദുന്റെയും ജീവിതങ്ങൾ യഥാർത്ഥജീവിതങ്ങളല്ലെന്നും അവ തികച്ചും അസത്യാത്മകങ്ങളാണെന്നും കഥാകാരന് അഭിപ്രായമുണ്ട്. സത്യാത്മകമായതു് മരണമുള്ളതു്, അതു് പ്രധാനകഥാപാത്രത്തിന്റെ ജീവിതം മാത്രം. കുഞ്ഞബ്ദുള്ളയുടെ വിഷാദപൂർണ്ണമായ ഈ ജീവിതദർശനം എന്നെ വിഷാദിപ്പിക്കുന്നു. എങ്കിലും കഥയെന്ന നിലയിൽ "ദുഃഖിതർക്കൊരു പുമരം" വിജയമാണ്.

ചന്ദ്രികാചർച്ചിതമായ ഒരു രാത്രിയിൽ ഉദ്യാനത്തിലിരുന്നുകൊണ്ട് ഏതു വിരസമായ കാവ്യഗ്രന്ഥവും തുറന്നുനോക്കൂ. അതിൽ കാണുന്ന ഏതു കവിതയും സുന്ദരമാണെന്നുതോന്നും. നിലാവുവീണ രാത്രിയിൽ നിങ്ങൾ കടപ്പുറത്തിരിക്കുന്നുവെന്നു സങ്കല്പിക്കൂ. തെല്ലകലെയായി നടന്നുപോകുന്ന ഏതു രമണിയും പരമസുന്ദരിയാണെന്നു നിങ്ങൾക്കു തോന്നും. വിരസവിലാസസൂന്യ ഖനിനിർപ്പുകളെക്കുറിച്ചാണ്—സുന്ദരികളായ തരുണികളെക്കുറിച്ചാണ്—ശ്രീ. പി. സുബ്രഹ്മണ്യപിള്ള എഴുതുന്നതു്. (മലയാളനാട്—ചക്ര 5 മേരി, ശാരി, രാജേശ്വരി ഇന്ന നാമധേയങ്ങൾ, പരിസരത്തിന്റെ ശക്തികൊണ്ടു് വമ്പിക്കണമായ കവിത മനോഹരമാകുന്നതു പോലെ, സൗന്ദര്യമൂല്യാനുഭവശൂന്യരായാകുന്നതുപോലെ വിഷയത്തിന്റെ അവിശേഷതകൊണ്ട് ഇക്കൂട്ടരെ കേണ്ടതാണ്. പക്ഷേ, അതു സംഭവിക്കുന്നില്ല. യൗവനത്തിന്റെ അഹങ്കാരത്താൽ ആരെയും വകവയ്ക്കാതെ നടക്കുന്ന മൃന്ദ യുവതികൾ ഉദ്യാനപാലകന്റെ ശബ്ദം കേട്ടു പേടിച്ചുപോകുന്നു,

വിവാഹിതരായ പുരുഷന്മാർക്കുമാത്രം

(A. C. Preparation)

സെക്സ്ടോൺക്രീം (Sextone Cream) പുരുഷന്മാർക്കുണ്ടാകുന്ന തളർച്ചയ്ക്കും, ബലത്തിനും പുറമെ പുരട്ടുവാൻമാത്രം. ക്രീം 2 oz Rs. 30

വാക്കംവം മാസ്സേജ് അപ്പാരററസ് സെററ് (Vacuum Massage Apparatus) ജർമ്മൻ സയൻറിസ്റ്റ് കണ്ടുപിടിച്ച ഈ ഉപകരണം കൊണ്ടു വിജയിച്ചവരാണിന്നധികവും One set Rs 50

സെക്സ്ടോൺ പിൽസ് (Sextone Pills) നിരാശകാരണം കഷ്ടപ്പെടുന്ന പുരുഷലോകത്തിന് കരുണഗ്രഹം വയസ്സ് ഒരു പ്രശ്നമേയല്ല. ഏതു പ്രായക്കാർക്കും തികഞ്ഞ ഫലം. കൂടുതൽ വിവരത്തിന് ആവശ്യമുള്ള സ്റ്റാമ്പുസഹിതം എഴുതുക. സ്റ്റാമ്പയയ്ക്കാത്ത വർക്കു മറുപടി കിട്ടുന്നതല്ല.

WEST INDIA CORPORATION

6/1, Valmigi Street, T' Nagar. Madras-17

TECHNICAL TRAINING

Radio Officers Course, Refrigeration & Air—conditioning, Radio & Television, Telecommunication, Civil, Electrical, Mechanical, Automobile തുടങ്ങിയ ONE & TWO-Year Engineering-Course കളിലേക്ക് Admission ഇപ്പോൾ S. S. L. C. (Passed or Failed) യോ ഉപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.

വിവിധ ഫീസ്സൌജന്യങ്ങൾ, സ്കോളർഷിപ്പുകൾ, സ്റ്റൈറപ്പൻഡുകൾ, ഭൂമലയവും ഹോസ്റ്റൽ സൌകര്യങ്ങളും യാത്രാസൌജന്യങ്ങളും ലഭിക്കുന്നതാണ്.

പ്രോസ്പക്റ്റസ്സിനും, അപേക്ഷാഫാറത്തിനും കൈനിക്കൽ മുഖേനിംഗ് ഫീസിനും Rs. 2-സഹിതം നേരിട്ടോ Rs. 2-75 മണിയോർഡറയച്ചു് തപാലിലോ അപേക്ഷിക്കുക.

Principal,

NINAN'S TECHNICAL COLLEGE, KOTTAYAM-1.

(Permanently Recognised by Government) Phone Nos:2373 & 4228

സ്ലീസ്ചരോവരാണ് നമ്പ്യാരുപിള്ള ചിത്രീകരിക്കുന്നത്. ആ വീക്ഷണഗതി ആദരണീയംതന്നെ. എങ്കിലും അദ്ദേഹത്തിന്റെ ആവിഷ്കരണരീതിക്ക് സ്വാഭാവികതയില്ല കൃത്രിമത്വം ഉണ്ടുതാനും.

പണ്ട്—എന്നു പറഞ്ഞാൽ ഞാനൊരു സ്കൂൾവിദ്യാർത്ഥിയായിരുന്ന കാലത്തു്—ഡിജോൺസ് കോഡ് ലിവർ ഓയിൽ കിട്ടുമായിരുന്നു. അതു് വിൻകാർണിസ് മരുന്നുമായി ചേർത്തു പതിവായി ഉപയോഗിച്ചാൽ ഏതു ദുർബ്ബലനും ശക്തനാകും. ആലപ്പുഴ ബോട്ടുജട്ടിക്കടുത്തു് ആശുപത്രി നടത്തിയിരുന്ന വിദഗ്ദ്ധനായ ഡോക്ടർ ദാമോദരൻപിള്ള നിർദ്ദേശിച്ചതനുസരിച്ചാണു ഞാൻ കോഡ്ലിവർ ഓയിലും വൈനും ചേർത്തുകഴിച്ചതു്. അങ്ങനെയാണു കൃശഗാത്രനായിരുന്ന ഞാൻ സ്ഥൂലഗാത്രനായതു്. ഇന്നു് ഡിജോൺസ് കോഡ്ലിവർ ഓയിലുമില്ല വിൻകാർണിസ് മരുന്നുമില്ല. പകരം ഓക്കാനിപ്പിക്കുന്ന ഷാർക്ക്ലിവർ ഓയിൽ ഉണ്ടു്. വിൻകാർണിസ്നു പകരം പഴച്ചാറുമായുണ്ടു്. ഔഷധങ്ങളുടെ കാര്യത്തിൽ മാത്രമല്ല ഈ പ്രയാസം. ഇപ്പോൾ പാശ്ചാത്യദേശത്തു് ആണ്ടുതോറും എഴുതുന്ന പുസ്തകങ്ങളും ഇങ്ങോട്ടു വരുന്നില്ല. എന്തോ നിയന്ത്രണം ഉണ്ടെന്നോ ഉണ്ടാകാൻ പോകുന്നെന്നോ കേൾക്കുന്നു. സത്യമറിഞ്ഞുകൂടാ. പക്ഷേ, പുസ്തകങ്ങൾ കിട്ടുന്നില്ല എന്നതു് സത്യമാണ്. ഇനി കഷ്ടവസ്ത്രസിന്ദൂരം അലങ്കാരപ്രീതിയും ശാന്തരാമായുവും ഒക്കെ എഴുതിക്കൂട്ടുന്ന "ചവറുകൾ" വായിക്കേണ്ടതായിവരും. എന്നാലതു ഗുണകരമായി. പക്ഷേ, എനിക്കതിൽ വലിയ വല്ലായ്മയ്ക്ക് അവകാശമില്ല ആഴ്ചതോറും ഞാനെന്തു "ചവറാണ്" വായിച്ചതുള്ളതു്. ഉദാഹരണത്തിന് കുങ്കുമം വാരികയിൽ ശ്രീ. എലക്കാടൻ ഗോപി എഴുതിയ "അമിക" എന്ന കഥ നോക്കുക. നീലൻ, രാമൻതമ്പ്രാനെ കൊന്നു. കാരണം രാമൻതമ്പ്രാൻ നീലന്റെ മകളെ ബലാത്കാരം ചെയ്തു എന്നതുതന്നെ. കൈയിൽ വാളുമായി നീലൻ ആ കൊലപാതകത്തിന്റെ കഥ പറയുന്നു. ഈ ആൻറി ഡിലുവൻ (ante diluvian —മഹാപ്രളയത്തിനു മുൻപുള്ളതു്) വിഷയം കഥയാക്കിക്കൂട്ടിയാതെന്ത വിചാരിച്ച കഥാകാരന്റെ ചങ്കൂററം അസാധാരണം തന്നെ. വിഷയത്തിന്റെ പ്രാചീനത പോകട്ടെ. ആവിഷ്കരണരീതിക്ക് എന്തെങ്കിലും നവീനതയുണ്ടോ? കൊലപാതകിയുടെ ഏതെങ്കിലും വികാരം സ്ഫുരിക്കുന്നുണ്ടോ? ഒന്നുമില്ല. ഡിജോൺസ് കോഡ്ലിവറോയിലിനു പകരം കിട്ടുന്ന നാറുന്ന ഷാർക്ക് ലിവറോയിലാണ് ഈ ചെറുകഥ. വിൻകാർണിസ് മരുന്നിനു പകരം കിട്ടുന്ന പഴച്ചാറുമായുമാണിതു്. നീക്കോസ് കസൻദ്സാക്കിസിന്റെ "സോർബ ദി ഗ്രീക്ക്" എന്ന കലാശില്പത്തിനു പകരം ഇന്ത്യയിൽ കിട്ടുന്ന കാളിന്ദി ചാണപ്പാണി ഗ്രാഹിയുടെയോ കഷ്ടവസ്ത്രസിന്ദൂരിന്റെയോ ഗ്രന്ഥംപോലെയാണ് ഇക്കഥ.

ചിത്രകാർത്തികയുടെ പത്രം ലക്കത്തിൽ ശ്രീ. കെ. ടി. മുഹമ്മദ് എഴുതിയിട്ടുള്ള "ചെറിയ തീവണ്ടിയാത്രയും ചെറുതല്ലാത്ത മണിയോർഡറും" എന്ന ലേഖനത്തിലെക്കു വായനക്കാരുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ശ്രദ്ധയ്ക്ക് ഇവിടെ ഉദ്ദേശിച്ചിരിക്കുന്ന അർത്ഥമില്ലെങ്കിൽ "മനഃപ്രവേശത്തെ" എന്നു തിരുത്താം. ഉത്തരേന്ത്യക്കാരനായ രാംപ്രസാദും ദക്ഷിണേന്ത്യക്കാരനായ മാണിക്യവും തീവണ്ടിയിൽവച്ചു് പരിചയപ്പെട്ടു. അവർ സ്നേഹിതരായി. രണ്ടുപേരും കുടുംബക്കാരെക്കുറിച്ചു മനസ്സിലാക്കി. പിന്നീടു് കോഴിക്കോടു വച്ചു് പിരിഞ്ഞുപോകുകയും ചെയ്തു. അന്നത്തെ രാംപ്രസാദിന്റെ അച്ഛന് മകന്റെ മുമ്പ കമ്പിക്കിട്ടി 500 രൂ മണിയോർഡറായി അയയ്ക്കാൻ. നാഗപ്പുരിലുള്ള ആ മനുഷ്യൻ കോഴിക്കോട്ടുള്ള ടെലിഗ്രാഫാസ്തിലേക്ക് 500 രൂപ ടെലിഗ്രാഫ് മണിയാർഡറായി അയച്ചുകൊടുത്തു. മകൻ രൂപ പററുകയും ചെയ്തു. പക്ഷേ, അന്നുതന്നെ ദിവസം രാംപ്രസാദ് അറസ്ററ് ചെയ്യപ്പെട്ടു. കാരണം മാണിക്യമായിരുന്നു രാംപ്രസാദായി അയാളുടെ അച്ഛന് പണത്തിനുവേണ്ടി കമ്പിസന്ദേശം അയച്ചതു്. ഇതു് യഥാർത്ഥ സംഭവമാണ്. കെ. ടി. മുഹമ്മദ് കലയുടെ ചാതുര്യം കലർത്തി ഇതു പ്രതിപാദിച്ചിരിക്കുന്നു. ഇതിനുള്ളിലുള്ള മറ്റൊരു വിധത്തിൽ ചതി പററിയിട്ടുണ്ട്. വായനക്കാരുടെ അറിവിലേക്കായി അതിവിടെ എഴുതട്ടെ.

ശ്രീകാളിചാത്തൻസേവയുടെ മഹത്തായ നേട്ടങ്ങൾ

ഓംശക്തി

അനേകം തലമുറകൾ നടത്തിയ കർമ്മസിദ്ധി ഉദ്ദിഷ്ടകാര്യസിദ്ധിയിൽ സന്തോഷകരമായഅനുഭവം! മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽ വിജയം ഇവകൾക്ക് ആരാധനയിൽ വിശ്വസിക്കുന്നവരെ സമീപിക്കാം. തൃശ്ശൂർ വന്ന് അന്തിക്കാട്ടു പോകുന്ന ബസ്സിൽ കയറി അന്തിക്കാട്ടു ഹൈസ്കൂളിനു മുൻവശം ഇറങ്ങി സ്വല്പം തെക്കോട്ടു നടന്നാൽ ബോർഡു കാണാവുന്നതും അവിടെനിന്നു പടിഞ്ഞാട്ട് 5 ഫർലോങ്ങു നടന്നാൽ മഠത്തിൽ എത്താവുന്നതുമാണ്. വരാൻ സാധിക്കാത്തവർ നിർദ്ദേശത്തിനു സ്റ്റാമ്പുസഹിതം എഴുതുക—

ററി. എസ്. വേലായുധൻ B. E. C. E. മഠം, P. O. അന്തിക്കാട്ട്, തൃശ്ശൂർ.

നിങ്ങൾ വായിച്ചിട്ടുണ്ടോ? ★ ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ!

1. മദനകലികൾ! പൂർണ്ണചിത്രഗ്രന്ഥം, ലൈംഗികാവയവങ്ങളുടെ പ്രവർത്തനം, വിവിധസംയോഗരീതികൾ മുതലായവ. വില 7 00
2. മാസരസം! മനുഷ്യരേ, ആനന്ദലഹരിയുള്ളതാക്കാൻ സഹിക്കേണ്ട സംയോഗരീതികൾ, രഹസ്യങ്ങൾ, ചിത്രങ്ങൾസഹിതം. വില 6 00
3. മദനസാമ്രാജ്യത്തിലെ മതിവികൃതികൾ! വമ്പന്മാരുടേയും, കോലംകെട്ടവരുടേയും ലൈംഗികവികൃതികളുടെ സമാഹാരം. വില 6 00
4. സെക്സ് അററ്ലസ്! സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, മൈഥുനരീതികൾ, ഫാമിലിപ്ലാനിംഗ് മുതലായ ചിത്രഗ്രന്ഥം. വില 5 00
5. സ്ത്രീപുരുഷശരീരശാസ്ത്രം! ലൈംഗികാവയവങ്ങളുടെ വളർച്ച, പ്രവർത്തനം, സംഭോഗരീതികൾ, ചിത്രഗ്രന്ഥം. വില 5 00
6. രാസക്രീഡ! രതിമാഹാത്മ്യം, ഉത്തമസംയോഗനിലകൾ, കാമലീലകൾ, എല്ലാം ചിത്രങ്ങൾ സഹിതം. വില 4 00
7. കാമശാസ്ത്രം! വാൽസ്യായനൻ മുതൽ ഹാവ്ലോക് എല്ലിസ് വരെ നിർദ്ദേശിച്ചിട്ടുള്ള കാമലീലകൾ. ചിത്രഗ്രന്ഥം. വില 4 00
8. സ്ത്രീകളും പ്രസവരഹസ്യവും! ഗർഭോല്പാദനം മുതൽ പ്രസവം വരെയുള്ള രഹസ്യങ്ങൾ—ചിത്രഗ്രന്ഥം. വില 3 00
9. ഹണിമൂൺ! (രതിലീലകൾ) വിവാഹിതരാകാൻപോകുന്നവർ അറിഞ്ഞിരിക്കേണ്ട കാമലീലാരഹസ്യങ്ങൾ, ചിത്രഗ്രന്ഥം. വില 3 00
10. വിവാഹജീവിതവും സംയോഗരീതികളും! ഒന്നുമറിയാൻപാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ മതിയാകും. വില 3 00
11. കല്യാണരാത്രിയിലെ കാമലീലകൾ! എന്നുമെന്നും ദാമ്പത്യജീവിതം പുതുമയുള്ളതാക്കാൻ ഈ ചിത്രഗ്രന്ഥം വായിക്കുക. വില 3 00
12. ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും! വില 1 00

വി. പി. ചെലവു പുറമേ, കാററ്ലോഗ് സൗജന്യം.

F. P. A. I., Thariannagar (VIA) Thiruvalla, H. M. S. Kerala

ഞാൻ തിരുവനന്തപുരം സംസ്കൃതകോളേജിലെ അധ്യാപകനായിരുന്ന കാലത്ത് ഒരു വിദ്യാർത്ഥി പതിവായി കവിത തിരുത്താൻ കൊണ്ടുവരുമായിരുന്നു. അയാളുടെ പേര് ഇവിടെ പറയുന്നില്ല. കിശോർ എന്നു നമുക്ക് അയാളെ വിളിക്കാം. കിശോർ എറണാകുളത്തുള്ള പ്രസിദ്ധമായ ഒരു ഹോട്ടലിൽച്ചെന്നു താൻ കൗമുദിപ്പത്രത്തിൽ പതിവായി എഴുതുന്ന എം. കൃഷ്ണൻനായരാണെന്നു പറഞ്ഞ് അവിടെ ഒരു മുറിയിൽ താമസമായി. ഹോട്ടൽ മാനേജർ ഞാൻ കൗമുദിയിൽ എഴുതുന്ന ലേഖനങ്ങൾ വായിച്ച് എന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ആളായിരുന്നു. കൃഷ്ണൻനായരായി അഭിനയിച്ച കിശോർ പററു ഇടങ്ങി! അഞ്ഞൂറു രൂപ, അറുന്നൂറു രൂപ എന്ന കണക്കിന് പററ് ഉയർന്നുയർന്നുപോയി. കൂടെക്കൂടെ കിശോറിന് ടാക്സി വേണം. മാനേജർ ഉടനെ കാർ വരുത്തിക്കൊടുക്കും. "പണം കൊടുത്തേക്ക, ബില്ല് പേ ചെയ്യുമ്പോൾ മതിയിച്ചു തരാം" എന്നു കിശോർ ഗൗരവത്തിൽ ആജ്ഞാപിക്കും. സാഹിത്യരസികനായ മാനേജർ പണം കൊടുക്കും. അങ്ങനെ രൂപ ആയിരമായി. മറെറാരു ദിവസം കാലത്തു മാനേജർ ഉണർന്നുനോക്കിയപ്പോൾ "എം. കൃഷ്ണൻനായരെ" കാണാനില്ല. കുറെ ദിവസം കഴിഞ്ഞു മാനേജർ തന്നെച്ചതിച്ച "കൃഷ്ണൻനായരെക്കുറിച്ചു കൂട്ടുകാരോടു പറയുകയായിരുന്നു. അപ്പോൾ ആ ഹോട്ടലിൽ കാപ്പി കുടിക്കാനെത്തിയ തൃപ്പൂണിത്തുറക്കോളേജിലെ ഒരധ്യാപകൻ—ശ്രീ. മാധവൻനായർ—(അദ്ദേഹം ഇപ്പോൾ തിരുവനന്തപുരം സംസ്കൃതകോളേജിലാണ്) അതു കേട്ടു. അദ്ദേഹം മാനേജരെ അറിയിച്ചു:—"നിങ്ങൾ പറയുന്ന എം. കൃഷ്ണൻനായർ എന്റെ ഇങ്ങനാഥനാണ്, അദ്ദേഹം ഇങ്ങനെയൊന്നും ചെയ്യുകയില്ല" ഇതേന്നു മാധവൻനായർ എന്റെ പ്രായവും ആകൃതിയും പ്രകൃതിയുമൊക്കെ വർണ്ണനക്കിക്കൊടുത്തു. ദിവസങ്ങൾ കഴിഞ്ഞു. കിശോർ തിരുമുമ്പിൽ ആ ഹോട്ടലിന്റെ മുൻപിൽ കൂടെ പോകുകയായിരുന്നു. മാനേജർ മാടിച്ചെന്നു വിളിച്ചു. "സാർ വരണം. ചായ കുടിച്ചിട്ടു പോകാം." കിശോർ ഹോട്ടലിലേക്കു പ്രവേശിച്ചു. മാനേജർ അദ്ദേഹത്തെ ഒരു മുറിയിൽ ഇരുത്തി, പിന്നീട് പോലീസിനു ഫോൺചെയ്തു. പോലീസുകാർ വന്നു കിശോറിനെ വിലങ്ങുവച്ചു കൊണ്ടുപോയി. എന്റെ ശിഷ്യനായ മാധവൻനായർ എന്നെ രക്ഷിച്ചു. ഞാൻ കവിത തിരുത്തിക്കൊടുക്കുകയും പണംകൊടുത്തു സഹായിക്കുകയും ചെയ്തു മററൊരു ശിഷ്യൻ എന്നെ ചതിച്ചു. അതുകൊണ്ടു ലോകത്താകെ മാധവൻനായരെപ്പോലുള്ളവരാണുള്ളതെന്നു ഞാൻ പറഞ്ഞാൽ, അതല്ല, കിശോർമാരെപ്പോലുള്ളവരെക്കൊണ്ടു ലോകം നിറഞ്ഞിരിക്കുന്നുവെന്നു ഞാൻ പറഞ്ഞാൽ? എനിക്കു കിറുക്കാണെന്നു ബഹുജനം അഭിപ്രായപ്പെടും.

* * *

ചെറിയ കാര്യങ്ങളിലാണു ജീവിതത്തിലെ ആഹ്ലാദമിരിക്കുന്നത്. വെളുത്ത കാൽമുട്ടുകൾ കാണിച്ചുകൊണ്ട് ഓടുന്ന അഞ്ചുവയസ്സായ ബാലനെ കണ്ടാൽ എനിക്ക് ആഹ്ലാദമാണ്. മണിക്കൂറിൽ അറുപതുനാഴിക വേഗത്തിലോടുന്ന തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ ഒഴിയിൽ സുന്ദരമായ ഒരു മുഖം ദർശിച്ചാൽ അതു വലിയ ആഹ്ലാദമാണ്. കാററടിച്ചു താളയിലകൾ മറിയുമ്പോൾ ജലത്തിൽ തൊട്ടുകിടക്കുന്ന മേഘങ്ങൾ മറെറാരു നിറമുള്ളതാണെന്നു മനസ്സിലാക്കുന്നതു് ആഹ്ലാദപ്രദമാണ്. ജീവിതത്തിലെ കൊച്ചു സംഭവങ്ങളെ ചാരുതയോടെ ആവിഷ്കരിക്കുന്ന മുൽക്ക്രാജ് ആനന്ദിന്റെ Between Tears and Laughter എന്ന കഥാഗ്രന്ഥം വായിക്കുന്നതു് ആഹ്ലാദായകമത്രേ.

—:—

മലയാളനാട്

വാർഷിക

മേയ്മാസംമുതൽ പുതുക്കിയ

വരിസംഖ്യനിരക്ക്

ഒരു വർഷത്തേക്ക്	23-00
ആറുമാസത്തേക്ക്	11-50
മാററപ്രതി	0-40

വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യനിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണ്.

മാനേജർ.

പവൻമാററു സ്വർണ്ണാഭരണങ്ങൾ, വാച്ചുകൾ, ക്ലോക്കുകൾ,
ടൈംപീസുകൾ മുതലായവ വാങ്ങുന്നതിന്
വിശ്വസ്തസ്ഥാപനം

കെ. പ്രഭാകരൻ നായർ

ജ്യുവലേഴ്സ് & വാച്ചുഡീലേഴ്സ്
മെയിൻറോഡ്, കൊല്ലം. Phone: 3095

ബ്രാഞ്ചു്: കു. എസ്. റോഡ്, പുനലൂർ.

വരൻ അപ്രത്യക്ഷനായി

കാരണം പൊന്തിയ പല്ലുകൾ;
ചൊന്തിയ പല്ലുകളെ താഴ്ത്തികൊട്ടക്കുന്നു;
സമയം — 6 മാസം; സന്ദർശനം — മാസത്തിൽ ഒരിക്കൽ;
ചാർജ്ജ്—108 രൂപ;

അന്വേഷിക്കുക—

പുള്ളോലിക്കൽ ഇലക്ട്രോ
എക്സ്റേ ഡൻറൽ ക്ളിനിക്ക്

സ്റ്റേഷൻറോഡ്, പാലക്കാട്—1.

പിറന്നാൾസമ്മാനം

നിങ്ങളുടെ കണ്ണിനൊരു പിറന്നാൾസമ്മാനം. അതു തെരഞ്ഞെടുക്കുന്നതു് വളരെബുദ്ധിപൂർവ്വമായിരിക്കണം. നിങ്ങളുടെ ആവശ്യങ്ങൾക്കനുരൂപമായ വിവിധതരങ്ങളിലുള്ള സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കുവാൻ

ഞങ്ങളുടെ സ്വർണ്ണാഭരണ വിതരണപദ്ധതിയിൽ ഉടനെ അംഗമായി ചേരുക.

ചേരുമ്പോൾതന്നെ സ്റ്റിൽഗ്രാസുകൾ സൗജന്യം

A: 10 രൂപാവീതം 25 മാസം 250 രൂപയുടെ ആഭരണങ്ങൾക്ക് 2 സ്റ്റിൽഗ്രാസുകൾ

B: 5 രൂപാവീതം 25 മാസം 125 രൂപയുടെ ആഭരണങ്ങൾക്ക് 1 സ്റ്റിൽഗ്രാസ്

A J V

വിശദവിവരങ്ങൾക്ക് മേൽവിലാസം 30 പൈസ സ്റ്റാമ്പു് സഹിതമോ എഴുതുക

ഏ.വി.ജെ.

മുല്ലക്കൽ ആലപ്പുഴ

ഭവനം. PHONE 3559, Prop: രാജപ്പൻപിള്ള

ഉള്ളി നാലുതരമുണ്ട്. ചുമന്നുള്ളി, വെളുത്തുള്ളി, കുപ്പലുള്ളി, കാട്ടുള്ളി ഇവ വിവിധ സ്ഥലങ്ങളിൽ വിവിധ പേരുകളിലാണ് അറിയപ്പെടുന്നതു്. ഉള്ളിയിൽ താഴെ പറയുന്ന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു,

Ether Extract 2.17 p. c. Albumenoids 11.62, p.c, Soluble carbohydrates 78 53 p. c. weody fibre 4.02 p. c., Ash 3.66 p. c.

ഉള്ളി ലോകത്തിൽ എല്ലാ സ്ഥലത്തും കൃഷിചെയ്യപ്പെടുന്നു. നമുക്കു സുലഭമായി കിട്ടുന്ന ഉള്ളിയിൽ എത്രമാത്രം ഔഷധഗുണം അടങ്ങിയിട്ടുണ്ടെന്നു് എല്ലാവരും അറിഞ്ഞിരിക്കാൻ ഇടയില്ല. ഇതു് ബ്ലഡ് പ്രഷറിനും, ഹൃദയസംബന്ധമായ സൂഖക്കേടുകൾക്കും കൈകണ്ട ഔഷധമാണു്. കൂടാതെ ഉള്ളി ദിവസവും ഉപയോഗിച്ചുകൊണ്ടിരുന്നാൽ മേൽപറഞ്ഞ സൂഖക്കേടുകൾ ഉണ്ടാകാതെ രക്ഷിക്കുന്നതിനും നല്ലതാണു്.

ആയുർവേദപ്രകാരം ചുവന്ന ഉള്ളി ശാകവർഗത്തിൽചേർന്ന മൂലശാകമാകുന്നു. വെള്ളുള്ളിയുടെ കുറഞ്ഞ ഗുണത്തോടുകൂടിയതാകുന്നു, വിശേഷാൽ ഗ്രഹണിയേയും അർശസ്സിനേയും ശമിപ്പിക്കും. വെള്ളുള്ളിയെപ്പോലെ പിത്തത്തെ കോപിപ്പിക്കയില്ല, മലത്തെ ചിടിപ്പിക്കും. ജ്വരപ്പിടി ഉണ്ടാക്കും.

വെള്ളുള്ളി: ഇതും ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. കഫം, വാതം, വായു, മുട്ടൽ, ചുമ, പുരാണജ്വരം, ഹൃദ്രോഗം, വയറുവേദന, പ്രമേഹം, ഇക്കിൾപിനസം, ശ്വിത്രം, ഗുല്മം, വിഷം, അർശസ്സ്, കുഷ്ഠം, ജഠരാഗ്നിമാന്ദ്യം കൃമി ഇവയെ ശമിപ്പിക്കും. പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കും, ആമത്തെ പെരുപ്പിക്കും. മലത്തിനു അയവു വരുത്തും. ശുക്രത്തെയും ബലത്തെയും വർദ്ധിപ്പിക്കും, ദേഹത്തെ തടിപ്പിക്കും. ബുദ്ധിയെ നന്നാക്കും. മുറിവിനെ കൂട്ടിപ്പിടിപ്പിക്കും. ദേഹകാന്തിയേയും കണ്ഠശുദ്ധിയേയും ചെയ്യും. കണ്ണിനു നല്ലതാകുന്നു. ഭക്ഷിച്ചാൽ ഉടനെ നന്നാക്കും. വിധിപ്രകാരം ഉപയോഗിച്ചാൽ രസായനമായിരിക്കും. ഗുല്മാദിവികാരങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. എല്ലാ ഉള്ളിയുടെയും കായുണങ്ങിയാൽ കഫവാതങ്ങളെ ശമിപ്പിക്കും.

എളുപ്പത്തിൽ ചെയ്യുവാനും ഫലപ്രദവുമായ ചില യോഗങ്ങൾ താഴെ ചേർക്കുന്നു,

തലവേദന: ഉള്ളി ഒരച്ചു കാലിന്റെ ഉപ്പൂററിയിൽ ഇട്ടാൽ എല്ലാത്തരം തലവേദനയ്ക്കും ആശ്വാസം കിട്ടും.

മൂക്കടപ്പ് സുഖത്തിനു: ഉള്ളി പിഴിഞ്ഞ നീരു മൂക്കിൽ നസ്യം ചെയ്താൽ മതിയാകും.

തലമുടികൊഴിയുന്നതിനും ചാരണത്തിനു: ചുമന്നുള്ളിയിൽ ആഴ്ചയിൽ ഒരു പ്രാവശ്യം തലയിൽ തടവിപ്പിച്ചു് ഒരു മണിക്കൂർ കഴിഞ്ഞു് ചെറുചൂടുവെള്ളത്തിൽ കഴുകുക,

വല്ലൻചുണ്ണു: വെളുത്തുള്ളിയുടെ ഒരു കഷണം (അല്ലി) കഴുത്തിൽ ധരിക്കുകയും

ഉള്ളി

—പാലയിൽ ഗോപാലപിള്ള

അതിന്റെ എണ്ണ മെനുത്തും മററും തലയിൽ തടവി ഉപ്പുഴിച്ചു് വടുത്തുകെട്ടി ചെറുചൂടോടെ പിടിക്കുക.

തിമിരത്തിനും കണ്ണുനോവിനും: പണ്ടു ഒരാൾക്കു തിമിരത്തിന്റെ സംശയമുണ്ടായി കണ്ണുകാണാതെ കഷ്ടപ്പെട്ടു പല വൈദ്യന്മാരെയും സമീപിച്ചെങ്കിലും പ്രയോജനപ്പെട്ടില്ല. എന്നാൽ അദ്ദേഹം 18 വയസ്സുമുതൽ ഉള്ളി തൊലിക്കാൻ ഏർപ്പെടുത്തി. ഉള്ളി തൊലിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽനിന്നും ധാരാളം കണ്ണുനീർ ഒഴുകിപ്പോകുകയും ഏകദേശം ഉള്ളി തൊലിച്ചു തീരാറായപ്പോൾ കണ്ണിനു കുഴപ്പം മാറിച്ചു എന്നാണു് പറയുന്നതു്. ഏതായാലും ഉള്ളിനീരും തേനുംകൂടി പലപ്രാവശ്യം കണ്ണിൽ ഒഴിച്ചാൽ തിമിരത്തിനും കണ്ണുനോവിനും ചെറിച്ചിലിനും നന്നാണു്.

കുഴിവേദനയ്ക്ക്: ഉള്ളിനീരിനോടു സമം ഉപ്പുനീരുകൂടി ചെറുചൂടോടെ കവിളിൽ കൊള്ളുക. ഉള്ളി ധാരാളമായി ഉപയോഗിച്ചാൽ ഊനിനെ ബലപ്പെടുത്തുന്നതിനും

ആരോഗ്യവും ശോഭയുള്ള വെളുത്ത പല്ലുകൾക്ക് ഫീനിക്സ് ആനമക്ക് പൽപ്പൊടി ഉപയോഗിക്കുക.



Mfd by:
PHOENIX PRODUCTS
COCHIN-26

സ്റ്റോറാക്കിസ്റ്റുമാരേയും ഏജൻറന്മാരേയും ആവശ്യമുണ്ട്.

വായിച്ചിരിക്കേണ്ട

പുസ്തകങ്ങൾ!

രഹസ്യരൈലംഗിക രോഗങ്ങളും നിവാരണമാർഗ്ഗങ്ങളും	വില 1-00
ദാമ്പത്യജീവിതശാസ്ത്രം	വില 1-50
ഫാമിലിപ്ലാനിംഗ്	വില 1-50
അപാൽചാലവ് (പുറമേ)	1-50

കാററ്ലോഗ് സൗജന്യം.

DAB Agencies
Kodimatha, Kottayam.

സാംക്രമികരോഗങ്ങളിൽനിന്നും പല്ലിനെ രക്ഷിക്കുന്നതിനും ഉത്തമം

ചെവിക്കുത്തിന്: ഉള്ളി ചതച്ചുപിഴിഞ്ഞ നീര ചൂടാക്കി കാതിൽ ഒഴിക്കുക.

തൊണ്ടനോവിന്: ഉള്ളി അരച്ചു ചൂടാക്കി തൊണ്ടയിൽ പുരട്ടുക. ചുമയ്ക്കും മേൽപറഞ്ഞവയ്ക്കും ഉത്തമം.

ആസ്മായ്ക്കു സിദ്ധയോഗം: ഒരു കിലോ ഉള്ളി തൊലി കളഞ്ഞു ചെറുതായി അരിഞ്ഞ് ഒരു മൺചാടത്തിൽ ആക്കി രണ്ടു കിലോ ശുദ്ധമായ വിനിഗർ ഒഴിച്ച് ഒരു ചെറിയ ചട്ടികൊണ്ട് അടച്ചു ശീലമൺ ചെയ്ത് 40 ദിവസം കഴിച്ചിട്ടുണ്ടതിനുശേഷം എടുത്ത് അരിച്ച് ചാറിനിട്ടു പഞ്ചസാരയും ചേർത്ത് മന്ദാഗ്നിയിൽ ചൂടാക്കി കുറുകിയ പേസ്റ്റുപോലെ ആകുമ്പോൾ വാങ്ങി കുപ്പിയിൽ സൂക്ഷിക്കുക. ഇതു ദ്രവകം 10 ഗ്രാം വീതം ദിവസവും കാലത്തു സേവിച്ചാൽ എല്ലാവിധം ആസ്മായ്ക്കും ഫലപ്രദമാണ്. ഈ മരുന്നു സേവിക്കുമ്പോൾ കോഴിക്കുഞ്ഞിന്റെ സൂപ്പ് കുടിച്ചാൽ അത്ഭുതകരമായ ഫലം സിദ്ധിക്കും. ഇതു ഇടവിട്ടായി രണ്ടുമാസം ഉപയോഗിക്കണം.

വയറുവേദനയ്ക്ക്: ചുമന്നുള്ളി നല്ലതിക്കനലിൽ ഇട്ടു വാട്ടിപിഴിഞ്ഞ നീരെടുത്തു രണ്ടു ഗ്രാം കറിയുപ്പും ചേർത്തുകൊടുത്താൽ വയറുവേദന ഉടൻ ശമിക്കും. ഛർദ്ദിക്കും നല്ലതാണ്.

വയറിളക്കത്തിനും വയറുകടിക്കും: ഒരു നെല്ലിക്കാ കറുപ്പും ആറു ഗ്രാം ചുമന്നുള്ളിയുടെ നീരും ചേർത്തു ദിവസം രണ്ടോ മൂന്നോ പ്രാവശ്യം കഴിച്ചാൽ മതിയാകും.

മൂത്രച്ചൂടിനും തൽസംബന്ധമായ സുഖക്കേടുകൾക്കും. ഒരു കരിക്ക് (Tender coconut) വെള്ളി അതിലെ പകുതി വെള്ളം കളഞ്ഞു ചുമന്നുള്ളി അരിഞ്ഞതും മുന്തിരിങ്ങായും അവശ്യംകൂടി ഇട്ടു നിറച്ച് അതിനു സൂക്ഷിച്ചുവച്ചിരുന്ന് അതിരാവിലെ പിഴിഞ്ഞരിച്ചു വെള്ളം കുടിക്കുക.

ആറു ഗ്രാം ഉള്ളി 500 ഗ്രാം വെള്ളത്തിൽ വേവിച്ച് പകുതി വെള്ളം വററുമ്പോൾ വാങ്ങി തണുക്കുമ്പോൾ സേവിക്കുക.

മൂത്രസഞ്ചിയിലുള്ള കല്ലിനും ഉള്ളിനീര് 25 ഗ്രാം വീതം കാലത്തുകാലത്തു സേവിച്ചാൽ കല്ല് അലിഞ്ഞു മൂത്രത്തിൽക്കൂടി പുറത്തുപോകും.

അർശ്ശസ്സിനും, കൈറർശ്ശസ്സിനും. 30 ഗ്രാം ചുമന്നുള്ളി 500 ഗ്രാം വെള്ളത്തിൽ പിഴിഞ്ഞ് 60 ഗ്രാം പഞ്ചസാരയും ചേർത്തു ദിവസം രണ്ടുനേരം വീതം സേവിക്കുക.

അസ്ഥിസ്രാവത്തിന്. ഉള്ളിയുടെ നീര് 30 ഗ്രാമിനു 60 ഗ്രാം നല്ല ശുദ്ധമായ തേൻ ചേർത്ത് അടുപ്പിൽവച്ചു സിറപ്പ് പാകത്തിൽ കാച്ചി രണ്ടുകരണ്ടിവീതം ഉപയോഗിക്കുക.

പാമ്പുവിഷത്തിന്. പാമ്പു കടിച്ചാലുടൻ ഉള്ളിനീര കുടിച്ചാൽ ഒരു കട്ടിയാകാതെയിരിക്കുകയും കുറച്ചുസമയത്തേക്കു വിഷം ഇറങ്ങുകയും ചെയ്യും.

വാതത്തിന്: ഉള്ളി അരിഞ്ഞ് കടുകെണ്ണയിൽ കാച്ചി പുറമേ പുരട്ടുക.

പരുക്കൾ പൊട്ടാൻ ചുമന്നുള്ളി ചുട്ട് അരച്ച് തുണിയിൽ ചാലിച്ചിടുക.

കൈസമ്മർദ്ദത്തിന്: ഉള്ളി തൊലി നീക്കി ഒരു തുണിയിലാക്കി തേനാഴിച്ച് (ഉള്ളി മുങ്ങുന്നളവോളം) ശീലമൺ ചെയ്ത 130 ദിവസം നെല്ലിലോ ഉണക്കമുന്തിരിലോ കഴിച്ചിട്ടുണ്ടതിനുശേഷം എടുത്ത് അരിച്ച് സൂക്ഷിക്കുക. ഇതു ഒരു ചെറുകാലത്തും വൈകിട്ടും സേവിക്കുക.

ദിവസവും അത്താഴത്തിനുശേഷം ഒന്നോ രണ്ടോ അല്ലി വെളുത്തുള്ളി ചതച്ചിട്ടു പാലു കാച്ചികുടിക്കുന്നതു ഹൃദയസമ്മർദ്ദമുള്ളവർക്കും വായുവിന്റെ ഉപദ്രവം ഉള്ളവർക്കും നല്ലതാണ്. മഹാത്മാഗാന്ധി ഹൈബ്ലഡ്പ്രഷറിന്റെ ഉപദ്രവത്തിനു ദിവസവും മേൽപറഞ്ഞമാതിരി പാൽ കാച്ചി ഉപയോഗിക്കുകയും ആഴ്ചയിൽ രണ്ടുദിവസം ഉപവസിക്കുകയും ചെയ്തിരുന്നു.

ദോശ ചുടുമ്പോൾ ഉള്ളി ചെറുതായി അരിഞ്ഞിട്ട് ഉപയോഗിക്കുന്നതു അരിശ്ശസ്സിനും ബ്ലഡ്പ്രഷറിനും ഉത്തമമാണ്. ഉള്ളി തൊലികളഞ്ഞു തേങ്ങാപാലിൽ വേവിച്ചു ശർക്കരയും ഗോതമ്പുമാവും ചേർത്ത് അലുവയാക്കിയു ഉപയോഗിക്കുക.

വിരേകാപത്തിന്. വെളുത്തുള്ളി ചതച്ചുപിഴിഞ്ഞു നീരും തേനും ചേർത്തു കഴിക്കുക.

രുചിതോ തലയിലോ രോമം കൊഴിഞ്ഞു വട്ടംവട്ടമായി കാണുന്നതിനു ചുമന്നുള്ളി കണ്ടിച്ചു ദിവസം രണ്ടുപ്രാവശ്യം തൈച്ചാൽ ഒരാഴ്ചകൊണ്ടു രോമം കൊഴിച്ചിൽ നിൽക്കുകയും രോമം പോയിടത്തു കിളിർക്കുകയും ചെയ്യും.

ദുഃഖമെന്നതോഴി

പൂവച്ചൽ ഖാദർ

നിതുതാരണ്യയായ്
നിൽക്കുമെൻ ദുഃഖമേ!
നീയെന്റെ തോഴിയായ് തീർന്നു.
നീമാത്രമാണെന്നെ
സ്നേഹിപ്പതെപ്പോഴും
ജീവനിൽ കൂരിരുൾ പാകി,
എന്നെ സ്നേഹിച്ചവ,–
രെന്നെ മോഹിച്ചവ–
രെല്ലാമകന്നുപോകുന്നു
എന്നെ പുണർന്നെന്നെ
വഞ്ചിച്ച സ്വപ്നവും
എന്നോടുവിടഞ്ഞന്യയായി,
നിൻ വിരൽത്തുമ്പുകൾ
ചുംബിച്ചുണർത്തുന്ന
മന്ദമോ ചില്ലകീരാഗം
എന്നെ ഞാനാക്കുന്നു,
മേൽക്കുമേൽ പൂവുകൾ
എന്നിൽ വിടർത്തുന്ന മൂകം.

സൗന്ദര്യമില്ലെന്നു
നിന്നെയകററുന്ന
മണ്ണിന്റെ നഗ്നതമാററി
നിൻസൃഷ്ടികാരനോ–
മഗ്നികണ്ഡത്തിൽ നീ
എന്നെ ദഹിപ്പിക്കുകില്ലേ?

—0—

സിനിമ

അച്ചാണി

—മംഗലശ്ശേരി

'ബോക്സ്ഓഫീസ്' ലക്ഷ്യങ്ങളൊന്നുമില്ലെങ്കിലും പ്രേക്ഷകരെ രസിപ്പിക്കുവാൻ സഹായിക്കുന്ന ചിത്രം.' ജനറൽ പിക്ചേഴ്സിന്റെ നാലാമത്തെ ചിത്രമായ അച്ചാണി കണ്ടപ്പോൾ മനസ്സിൽ തോന്നിയ അഭിപ്രായമാണ്. കഥാപാത്രങ്ങൾക്കോ കഥാഘടനയ്ക്കോ 'മലയാളത്തനിമ'യായി യാതൊരു ബന്ധവുമില്ല. തമിഴ് ചുവയുള്ള ഒരു മലയാളചിത്രം. ബലാൽസംഗവും, നഗ്നമേനി പ്രദർശനവും സ്ഥലം കള്ളസീനാക്കാനല്ലാത്തതു് അച്ചാണിയുടെ ഒരു പ്രത്യേകതയാണ്. അടുത്ത കാലത്തു പുറത്തുവന്ന തനിനിറം, ലേഡീസ്ഹോസ്റ്റൽ തുടങ്ങിയ മലയാളസിനിമയ്ക്ക് അപമാനമായിത്തീരുന്ന ചിത്രങ്ങൾ കണ്ടു തളർന്നിരിക്കുന്ന പ്രേക്ഷകർക്ക് പുതിയ അലകളെക്കുറിച്ചോ കലാമൂല്യത്തെക്കുറിച്ചോ ചിന്തിക്കാനവസരം നല്കുന്നില്ലെങ്കിലും അച്ചണി ഒരു ശ്രമമാണ് പുതിയ പ്രതീക്ഷ തേടി, പുതിയ മൂല്യങ്ങൾ തേടി മലയാളസിനിമ വളരുകയാണ് വളർന്നു വികസിക്കുകയാണ്. ആ വളർച്ചയെ വികസനത്തെ സംശയദൃഷ്ടിയോടെ നോക്കിക്കാണുന്നതാണ് ഇത്തരം അവസരങ്ങൾ നമ്മെ സഹായിക്കുക.

തയ്യൽക്കാരൻ വാസുവാണ് അച്ചാണിയിലെ അത്താണി. കള്ളംപറയാതെ, കടം വാങ്ങാതെ അഭിമാനത്തോടെ ജീവിക്കുന്ന വാസു, നാട്ടുകാർക്കൊരു മാതൃകയായ് തന്നെ. തന്റെ പൂർവ്വകാലത്തിലെ നന്മകളാണ് കള്ളംപറയില്ലെന്നും കടം വാങ്ങുകയില്ലെന്നും ഒരു തീർത്ഥമാനമെടുക്കാനായുള്ള പ്രേരിപ്പിച്ചത്. അനുജത്തി ഉമയേയും അനുജൻ ഗോപിയേയും തന്റെ കണ്ണിൻമണികൾപോലെയാണ് കാണുവന്നതു്. വാസുവിന്റെ ഭാര്യ സീതയും എല്ലാം നല്ല ഗുണങ്ങളുടേയും ഉടമയായിരുന്നു. ഉമയ്ക്കും ഗോപിക്കും അമ്മയായി സീത. യുവത്വത്തിന്റെ തിളപ്പിൽ സീത കൈയ്യേറിപ്പോയ ഒരു തെറ്റ് കുടുംബത്തിന്റെ അടിത്തറയിളക്കി ഒരു ദുർബ്ബല നിമിഷത്തിൽ ഉമ എല്ലാ ബന്ധങ്ങളും വലിച്ചെറിഞ്ഞ് സ്വന്തം കാമുകസന്നിധിയിലേയ്ക്കു പോയി. ഗോപിയുടെ ജോലി നഷ്ടപ്പെട്ടു. ഒടുവിൽ താൻ എല്ലാമായിരുന്ന തയ്യൽക്കട തീപിടിച്ചു നശിച്ചു. ആരും തളർന്നുകൊണ്ടിരുന്ന പരിതസ്ഥിതിയിൽ, വാസു ചതിക്കാൻ ശ്രമിച്ചുകൊണ്ടു കരയാൻ കഴിയാതെ വിഷമിച്ചു നിന്നു. പലരും കുപ്പാകടം നൽകാതെന്നു പറഞ്ഞു. പലരും ദാനമായി നല്കാമെന്നറിയിച്ചു. പക്ഷേ, വാസു പഴിണി കിടക്കാൻ തയ്യാറായി. ഗോപിയെ തീരാരോഗത്തിൽനിന്നും രക്ഷിക്കാൻ സ്വന്തം രക്തം വിറ്റു പണം നേടി. പക്ഷേ, ഗോപിയെ രക്ഷിക്കാൻ കഴിഞ്ഞില്ല വാസു ആകെ തകർന്നുപോയി. ഇതിനിടയിൽ സീതയുടെ ഗർഭമാസം, അവൾ അവശനിലയിൽ കിടക്കയിലായി തകർച്ചയുടെ അഗാധഗർത്തത്തിൽ നിന്നു വാഴാൻ



നന്ദിതാബോസ്, നസീർ—അച്ചാണിയിൽ

ആകെ തകർന്നതളർന്ന മട്ടിൽ ഉമയും ബാബുവും ബന്ധുക്കളും സഹായത്തിനായെത്തുന്നതു്. "അണ്ണൻ ഒന്നു ജാഗ്രതയ്ക്കു നിന്നാൽമതി ഞങ്ങൾ രക്ഷപ്പെട്ടു." ആദർശവാനായ സത്യസന്ധനായ വാസുവിന്റെ ജീവിതത്തിലെ ഏറ്റവും വലിയ പരീക്ഷണഘട്ടമാണ് ആ മുഹൂർത്തം ആ മുഹൂർത്തത്തിന്റെ ആഴവും തുടിക്കുകയുമാണ് ചിത്രം.

തമിഴിലെ പ്രസിദ്ധമായ ഒരു നാടകത്തെ ആധാരമാക്കിയാണ് ചിത്രം നിർമ്മിച്ചിരിക്കുന്നതു്. ലോകത്തിലെരിക്കലും പഴകിപ്പോയിട്ടില്ലാത്ത വികാരങ്ങളുടേയും ഭക്തബന്ധങ്ങളുടേയും സംഘട്ടനങ്ങളാണ് ചിത്രത്തിലുടനീളം. പക്ഷേ, ആ വികാരങ്ങളും ബന്ധങ്ങളും കോർത്തിണക്കിയതു് കൃത്രിമത്വത്തിന്റെ പട്ടുനൂലിലായിപ്പോയി എന്നുമാത്രം. നാലഞ്ചു മുഹൂർത്തങ്ങളിൽ പ്രേക്ഷകരെ ഒന്നു തുടിപ്പിക്കുവാനും, കണ്ണുനിറയുന്നുവോ എന്ന തോന്നലുണ്ടാക്കാനും കഴിഞ്ഞു. ഒരു ചിത്രത്തെ സംബന്ധിച്ചിടത്തോളം നിസ്സാരമായിത്തള്ളാവുന്ന കാര്യമല്ലിതു്. തമിഴ് ജനതയെ ആകർഷിക്കാൻ കഴിയുമെങ്കിലും മലയാളത്തെ സംബന്ധിച്ചിടത്തോളം അച്ചണി അറുപഴഞ്ചനായിമാണ്. തമിഴ്ചുവയും തമിഴ്നാടകമുഹൂർത്തങ്ങളും മാററിയെടുക്കാനും തിരക്കഥാകൃത്തിനു കഴിഞ്ഞിട്ടില്ല. സംഭാഷണത്തിന്റെ അതിപ്രസരം പലപ്പോഴും രംഗത്തിന്റെ മേളക്കൊഴുപ്പും നഷ്ടപ്പെടുത്തി. എന്തുതന്നെ ശക്തവും ചലനവുമാണെങ്കിലും ദീർഘസംഭാഷണം പരിധിവിട്ടു കടന്നുന്നതു് നന്ന്. അച്ചാണിയെന്ന നാടകം സിനിമയെന്ന മാദ്ധ്യമത്തിലേക്ക് മാററിയപ്പോൾ അതിലെ നാടകീയസന്ദർഭങ്ങൾ വിസ്മരിക്കാൻ പലപ്പോഴും മറന്നുപോയി.

അച്ചാണിയെന്ന ഈ കഥയിൽ അച്ചാണിയുടെ സ്ഥാനം വഹിക്കുന്ന വാസു, എന്ന കഥാപാത്രത്തെ പ്രേംനസീറാണ് അവതരിപ്പിക്കുന്നതു്. അഭിനയിച്ചു ഫലിപ്പിക്കാൻ ഏറെ പ്രയാസമുള്ള കഥാപാത്രമാണ് വാസു. പ്രേംനസീർ തന്റെ കഴിവുകൾ വിനിയോഗിച്ചു. എങ്കിൽക്കൂടി തീവ്രവികാരസംഘട്ടനങ്ങളുയർത്തുന്ന ചില രംഗങ്ങളിൽ നസീർ അഭിനയിക്കാൻ പ്രയാസപ്പെട്ടപ്പോൾ, എന്റെ ചററുമുള്ള പ്രേക്ഷകരിൽ പലരും അനശ്വരനായ സത്യനെ സ്മരിക്കുന്നതു കേട്ടു. വാസുവിന്റെ ഭാര്യയായി, ഉമയുടെയും ഗോപിയുടേയും ചേട്ടത്തിയും അമ്മയുമായ സീതയെ അവതരിപ്പിക്കുന്നതു് നന്ദിതാബോസാണ്. ശാലീനയായ ആ കുട്ടി ബിനി നന്ദിത ഒരു ഡോക്ടറിനെ പോലെ ഗവിസ്മരണീയമാക്കി, സ്വഭാവത്തിലും രൂപഭാവത്തിലുമുള്ള അടക്കവും ഒതുക്കവും തല്ലുപോലെ മനസ്സിലാക്കിയാണ് നന്ദിത സീതയെ അവതരിപ്പിച്ചതു്. വാസുവിന്റെ അനുജത്തി ഉമയായി സുജാതയാണ് വേഷമിട്ടതു്. ചേട്ടന്റെ ദു

ന്നിൽ കളിക്കുട്ടി മയക്കപ്പുകാരനക്കളുടെ ഒരു നല്ലുന്ന അനുജത്തിയായ ഉമയെ, കരുകന്റെ കരവലയത്തിൽ വാടിത്തളർന്ന വീഴുന്ന കാമുകിയായ ഉമയെ, യുവതലമുറയുടെ ചോരത്തിളപ്പിൽ, മധുരവികാരത്തിന്റെ വേലിയേറ്റത്തിൽ രതിസംഭോഗം

അടൂർഭാസി—അച്ചാണിയിൽ

മറന്ന് എല്ലാം അടുത്തുമറിച്ചിറങ്ങി കിടക്കുകസന്നിധ്യം ലേക്ക പോകുന്ന ഉമയെ സൂക്ഷ്മത മനസ്സിൽ തട്ടുംപടി സ്വാഭാവികതയോടെ അഭിനയിച്ചു. ഗോപിയുടെ റോൾ അഭിനയിക്കാൻ ശരിക്കുണ്ടായി എന്നതൊഴിച്ചാൽ വിൻസന്റു പ്രേക്ഷകരെ ആകർഷിക്കുന്നില്ല. രോഗിയായതിനുശേഷമുള്ള ഗോപിയെ കുറേയെങ്കിലും നന്നാക്കിക്കൊടുത്തുവെങ്കിൽ മലർക്കെയുള്ള ചിരിയുടെ അഭാവമാണതിനു കാരണം. ബാബുവെന്ന പണക്കാരപ്പുത്രനെ സുധീറാണ് അവതരിപ്പിച്ചതു്. ചെമ്പരത്തിക്കുശേഷം സുധീർ വീണ്ടും പ്രേക്ഷകശ്രദ്ധയാകർഷിച്ചിരിക്കുന്നു. സംഭാഷണത്തിൽ കരുക്കവും രിതത്വവും കണ്ടു. പ്രഗത്ഭനായ വിൻസന്റു് സുധീറിനെ സൂക്ഷ്മനാക്കിയിരിക്കുന്ന അടൂർഭാസി, ബഹദൂർ, ശ്രീലത, കൊട്ടാരക്കര, ശങ്കരാടി തുടങ്ങിയവരാണു മറ്റുതാരങ്ങൾ.

പി. മാന്യൻ രചിച്ച, ദേവരാജൻ സംവിധാനം ചെയ്ത അഞ്ചു ഗാനങ്ങളാണു അച്ചാണിയിലുള്ളതു്. അഞ്ചും കേൾക്കാനിമ്പമുള്ളവയാണ്. "മുഴുതിങ്കൾ മണി വിളക്കണഞ്ഞു, ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു..." എന്ന ഗാനം നിശ്ശബ്ദതയൊഴുകി നമ്മുടെ മനസ്സിൽ ചലനങ്ങളുണ്ടാക്കി യേശുദാസ് അഭിനയിച്ചുകൊണ്ടുലപിക്കുന്ന "എന്റെ സ്വപ്നത്തിൽ താമരപ്പൊയ്കയിൽ വന്നിറങ്ങിയ രൂപവതി" അതിവഹൃദ്യമായി. ബാബു, ഉമ കാമുകീകാമുകന്മാർ ആലപിക്കുന്ന "മല്ലികാബാണൻ" സാധാരണ നിലവാരമേയുള്ളുവെങ്കിലും, ആ രംഗത്തിനു ശക്തിവർദ്ധിപ്പിച്ചു.

വിൻസന്റാണ് സംവിധായകൻ. മലയാളസിനിമയ്ക്കു വിലയേറിയ സംഭാവനകൾ പലതും നൽകിയ ഈ പ്രതിഭാശാലി "സിമ്പിൾ ട്രീൻമെൻറാണ്!" അച്ചാണിയിലുപയോഗിച്ചിരിക്കുന്നതു്. ഹോട്ടലുടമ കൈമൾ, മകൻ മണ്ണൻ അപ്പു മലക്കറിക്കാരി കല്ലുണ്ണി എന്നീ കഥാപാത്രങ്ങളുടെ കുന്ന ഹാസ്യകലാപ്രകടനം പ്രേക്ഷകരെ രസിപ്പിക്കുന്നുവെങ്കിലും അരോചകത്വം കലരുംവിധം അധികമായിപ്പോയി. ഉമയും ബാബുവും തമ്മിലുള്ള പ്ര

അനശ്വരയുടെ "ശാപമോക്ഷ"ത്തിൽ ഒരോസ്പ്രകാശ്, ഷീല

ണയത്തിന്റെ ചുഴലികൾ നിവർത്തുന്ന രംഗങ്ങൾ തികഞ്ഞ സ്വാഭാവികതയോടെ വിൻസന്റു പകർത്തിയിട്ടുണ്ട്. പക്ഷേ, റോഡൽ എപ്പോഴും ഉമയും ബാബുവും മാത്രമേയുള്ളു. ഇവരുടെ രസതന്ത്രസല്ലാപത്തിനു മറ്റുള്ള യാത്രക്കാർ കഴിഞ്ഞുമാറിപ്പോയിരിക്കയാണോ? ഈ ചിത്രം ആദ്യന്തം കാണാൻ പ്രേക്ഷകരെയെത്ര സുഖമുണ്ട്. അതിന്റെ ബഹുമതി പരിചയസമ്പന്നനായ പ്രതിഭാശാലിയായ വിൻസന്റിനു മല്ലിൽ വിസമ്മതിക്കേണ്ട. വെങ്കിലും പ്രകൃതം വിൻസന്റിനു പിന്നിലുണ്ടെന്നു വിസ്മരിക്കയുമല്ല.

ഹോട്ടലുടമ കൈമൾ, രക്ഷവൻ മുതലാളി, മേനോൻ എന്നാദർ തമിഴനാടിൽ മാത്രം കാണാൻ കഴിയുന്ന കഥാപാത്രങ്ങളല്ല. കള്ളം പറയില്ല, കടം വാങ്ങുകയില്ല എന്നു ഒരുവ്രതം ചെയ്തിരിക്കുന്ന ആദർശവാനായ ദാസൻ, പറഞ്ഞാൽ ലക്ഷങ്ങൾ ഞാൻ കടംതരാം എന്നു പറയുന്ന മേനോൻ മലയാളികളെ സംബന്ധിച്ചിടത്തോളം മുന്നു കടംകഥയാവും.

കാമുകരെന്ന്, അന്വേഷിച്ചു കണ്ടെത്തിയ്ല്ല ലക്ഷമ്മ എന്നീ ചിത്രങ്ങൾ നിർമ്മിച്ച ജനറൽ പിക്ചേഴ്സ് അച്ചാണിയ്ക്കുമെയും തങ്ങളുടെ ബാനർ ഉയർത്തിപ്പിടിക്കുന്നുവോ? അച്ചാണി മലയാളസിനിമയുടെ ചക്രവാളങ്ങളെ വികസിപ്പിക്കുന്നുവെന്നോ, പുതിയ പാതകൾ തെളിയുന്നുവെന്നോ, പറയുവാൻ ആളും തയ്യാറാകുമെന്നു തോന്നുന്നില്ല. സോദ്ദേശപരമായ, എല്ലാത്തരം പ്രേക്ഷകരെയും ആകർഷിക്കുന്ന ഒരു ചിത്രം. നിർമ്മാതാവായ രവി ഒരു ലേഖനത്തിലൂടെ മുന്നറിയിക്കുന്നു: "പ്രേക്ഷ

കളുടെ അഭിരുചികളെയും വാസനകളെയും മാനിക്കുകയും അതോടൊപ്പം സംസ്കൃതത്തിന്റെ കണ്ണാടിയായിരിക്കണം സിനിമ എന്ന തത്വത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന ഞാൻ അച്ചാണിയിലൂടെയും ആ വിശ്വാസത്തിൽ മുറുകെപ്പിടിച്ചിട്ടുണ്ട് എന്ന് എന്റെ മനസ്സു മന്ത്രിക്കുന്നു." ആ വിശ്വാസം അച്ചാണിയെ രക്ഷിച്ചിട്ടുണ്ടോ? മലയാള സിനിമാവ്യവസായത്തിയേററിലേക്കു കടന്നുചെല്ലുന്ന ഏല്ലാത്തരം പ്രേക്ഷകരെയും ജനറൽ പബ്ലിക്ക്ചേഴ്സിന്റെ അച്ചാണി രസിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ സംശയമില്ല.

—0—

PASS PRIVATELY:
M. A. ENGLISH,
ECONOMICS, HISTORY,
POLITICS, SOCIOLOGY.
(Sagar / Venkateswara / Kerala,)
B. A., B. Com , P D C
Prospectus Rs 5/-
Postgraduate Study Centre,
Kottayam
Director:
T. N. P. Panikar M. A.

വിവാഹിതന്മാർക്ക്
ധാതുശക്തി നേടിത്തരുന്ന
വാജീകല്പം
ഓരോ ഡോസും ഫലപ്രദം.
ആയുർവ്വേദാചാര്യ
കെ. കുഞ്ഞുരാമൻവൈദ്യർ
(ഗോൾഡ് മെഡലിസ്റ്റ്)
പൗരസ്ത്യഫാർമസി
പെരിനാട്, കൊല്ലം.
ഫോൺ: 2295.

കിരീടമെന്ന മഹാസാഗരത്തിലെ അനവധിയനവധി തിരകളിലൊന്നായ ഈ ദിവസം, അതിലുണർന്നെഴുന്നേററമന്ദ് പിന്നെ ശിഥിലമായിപ്പോവുന്ന കുമിളകളിലൊന്നായ ഈ നിമിഷം—

തന്റെ ചുവട്ടിൽ തന്റെ ചുവടടികളെ ചുരക്കുന്ന മണ്ണ്, ഭൂമി എന്ന ഈ അത്ഭുതവിണ്ടുകീറി കുണ്ടായി പിളർന്നുപോവുന്നതായും തൻ സ്വയം പൊട്ടിത്തകർന്ന് ഒരു കുമിളമാത്രമായി തകർന്നടിയുന്നതായും അവൾക്കു തോന്നി.

രാധാകൃഷ്ണന്റെ മുഖം അവളുടെ ഭാവനയിൽ തെളിഞ്ഞു. ചുവന്ന മുടി, വിഷാദം സ്ഫുരിക്കുന്ന കണ്ണുകൾ, നീണ്ട മൂക്ക്. വരയൻമീശ, കുംഗിയുള്ള ചുണ്ടുകൾ— ഓ, മനസ്സിൽവച്ചു പൂജിക്കുന്ന ആ വിഗ്രഹത്തിന്റെ സുന്ദരശാന്തതയെ തകർത്തുകളഞ്ഞു. ഞാനെങ്ങനെ ആ മുഖത്തു നോക്കും. അതെന്തുപായം?

ഇതുവരെ കാണാത്ത
മഴക്കാറ്
ഒരു സ്വകാര്യദുരന്തം

എന്റെ മനസ്സിനു പൊട്ടുന്നതെന്തെന്ന് ഒരു നിമിഷമിളനാതിരി തട്ടിത്തകർത്ത ചോദിയുന്നു.

മുൻപിൽ നില്ക്കുന്ന ചേച്ചിയാണ്, ആണോ? ഇതെന്റെ ചേച്ചിയുടെ രൂപമാണോ? ഇതെന്റെ ചേച്ചിയുടെ ശബ്ദമാണോ?

ശാന്ത മനസ്സിലാക്കി. എനിക്ക് എന്നെത്തന്നെ വിശ്വസിക്കാൻ കഴിയുന്നില്ല.

അവൾ പെട്ടെന്നു ചേട്ടനെ ഓർത്തു. പാവാടയുടുത്ത്, പാട്ടും പാടി ഓടി നടക്കുമ്പോൾ, കിന്നരം പറയുന്ന, ചെവിക്കു പിടിക്കുന്ന ചേട്ടൻ. ചേട്ടന്റെ മടിയിലിരുന്ന്, ചേട്ടനോടു കൊഞ്ചിച്ചിരിച്ചുവളർന്ന ഞാൻ ചേട്ടന്റെ മണവാട്ടിയായി എങ്ങനെ മണവറയിൽ കയറിക്കൂടി? ശാന്തയ്ക്ക് അവളെ അന്നു മനസ്സിലാക്കാൻ കഴിയാതായി. ചേച്ചിയുടെ വാക്കുകളെ ഉൾക്കൊള്ളാൻ വയ്യാതായി.

"മഴക്കാറി"ൽ രാധാദേവി, ബേബി രജിത, മധു

എന്റെ ചേച്ചി, ചേച്ചിക്ക് എങ്ങനെ തോന്നി എന്നോടിതു പറയാൻ? ഞാൻ ചേട്ടന്റെ ഭാര്യയായിരിക്കണമെന്നു പറയാൻ ചേച്ചിയുടെ നാവിന്ന് എവിടെനിന്നു കരുത്തുകിട്ടി? ആരുതന്നു ഈ കരുത്തു?

ശാന്തയുടെ നടുക്കം, ലോകർമെന്തെന്നറിയാത്ത നിഷ്കളങ്കയായ ഒരു പെൺകുട്ടിയുടെ നടുക്കമായിരുന്നു. ആ നടുക്കത്തിന്റെ നിമിഷം അവളുടെ ഉള്ളിൽ ഒരു അണമാതിരി പൊട്ടിത്തെറിച്ചു. ആ പൊട്ടിത്തെറി അവളുടെ സ്വകാര്യമോഹങ്ങളുടെ കൊച്ചു പ്രപഞ്ചത്തെ അമ്പേ താറുമാറാക്കി കളഞ്ഞു.

ആ നിമിഷത്തിന്റെ പൊട്ടിത്തെറിയിൽനിന്നുണർന്നതു് ഒരു സ്വകാര്യദുരന്തത്തിന്റെ തുടക്കമായിരുന്നു. ശാന്തയുടെ ഉന്നം അവിടെ ആരംഭിച്ചു. അതവളെ എങ്ങോട്ടു നയിച്ചു. പതനത്തിലേക്കോ? മരണത്തിലേക്കോ? ശ്രുതിയിലേക്കോ?

മഴക്കാറ് മറുപടി പറയുന്നു. നൃ ഇൻഡ്യാഫിലിംസിന്റെ മഴക്കാറ് ത്യാഗങ്ങളുടെ കഥയാണ്. സ്വന്തം ചേച്ചിക്കുവേണ്ടി, കുടുംബത്തിനുവേണ്ടി, ത്യാഗത്തിന്റെ കുരിശു ചുമക്കേണ്ടിവന്ന ശാന്ത എന്ന പാവപ്പെട്ട പെൺകുട്ടിയുടെ താരം നിങ്ങളുടെ ശോഭന—നിങ്ങളുടെ പ്രിയപ്പെട്ട ചെമ്പരത്തി—അഭിനയിക്കുന്നു. അവളുടെ ഭാരമോ ചലനവും അഭിനയകലയുടെ ചരിത്രത്തിൽ അടിവരയിട്ട പുതിയ തരുവരികൾ എഴുതിച്ചേർക്കുന്നു. ശോഭന എന്ന അത്ഭുതത്തിന്റെ അഭിനയജീവിതത്തിലെ ഏററവും വലിയ വെല്ലുവിളിയും ഏററവും പ്രശംസനപ്പെട്ട നാഴികക്കല്ലുമാണ് മഴക്കാറ്. ചെമ്പരത്തിയെ കവച്ചുവയ്ക്കുന്ന അഭിനയപാടവത്തോടെ, നി

"ദിവ്യദർശന"ത്തിൽ ശ്രീലത

അളുടെ മനം കവരുവാൻ, നിങ്ങളെ വികാരാധീനരാക്കുവാൻ അവൾ വീണ്ടും കടന്നുവരുന്നു. നിങ്ങളുടെ ശ്രേഷ്ഠനേ. നിങ്ങളുടെ മാമനേ.

പഴകിയ തമിഴ് ഫോർമുല കൊടികത്തിവാഴുന്ന മലയാളചലച്ചിത്രവേദിയിൽ പുതുമയുടെ ശംഖനാദംമുഴക്കിയ മേനോൻ, മലയാള ചലച്ചിത്രചരിത്രത്തിലെ ഏററവും വലിയ വഴിത്തിരിവായ ചെമ്പരത്തിയുമായി ഈ രംഗത്തേക്കു പിച്ചവച്ചു കടന്നുവന്ന സ്റ്റുഡിയോ ഫ്ലോറിലിംസിനുവേണ്ടി സംവിധാനം ചെയ്യുന്ന "മഴക്കാറിലൂടെ" വികാരതീവ്രമായ ഇക്കഥയിലൂടെ, ഇൻഡ്യൻചലച്ചിത്രവേദിയിലെ ഏററവും അത്ഭുതകരമായ പ്രതിഭാസമായി മാറുകയാണ് ശോഭന എന്ന ഈ കൊച്ചു പെൺകുട്ടി.

അവളെ കാണാൻ കാത്തിരിക്കുക! അവളുടെ ദുഃഖങ്ങൾ പങ്കിടാൻ കാത്തിരിക്കുക.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ മിഴിനീർ വററാതെ സൂക്ഷിക്കുക! മഴക്കാറിന്റെ പ്രദർശനോൽഘാടനദിനം വിദൂരമല്ല.

—0—

വായനക്കാരുടെ കത്തുകൾ

(2-ൽ നിന്നു തുടർച്ച)

വരുടെ ലേഖനങ്ങളും കാർട്ടൂൺശശി മുതൽ പെരുടെ കാരിപ്പുകളും സൂക്ഷമാറിൻെറ ക്ഷയവും കണ്ടു. വെല്ലുവിളികളെ അവഗണിക്കുന്ന ഔന്നത്യം അദ്ദേഹം മറുചെകിട്ടുകാണിക്കുന്ന ശേഷിയായിരിക്കാം. കാലാകാലങ്ങളിലെ അവതാരങ്ങൾ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടിയുള്ളതാണ്. കലിയുഗത്തിൽ, വിസ്മൃതിയിലുള്ള പതിനാറാമത്തെ ഈ അവതാരത്തിലുദ്ദേശം അറിയാൻ ആരും ആഗ്രഹിച്ചുപോകും. സത്യമെന്താണ് മിഥ്യയെന്താണ്. ചർച്ചാലേഖനങ്ങൾക്കായി കാത്തിരിക്കുന്നു.

—ജി. ദേവരാജൻ,
കോളിയൂർ.

എവിടെയാണ് ശരി?

യുക്തിവാദികൾ ശാസ്ത്രം ശാസ്ത്രം ജപിക്കുകയും, തനതായ ഫലിതത്തിയിൽ "ആൻറി-ബാബ"കളാവുന്നു. "കെ. കെ. വാസുദേവൻ ഇളയതും" കൂട്ടത്തിൽ ഒരുതരം ഞണ്ടുണ്ടിയിലുണ്ട്. കോപതാപനൈരാശ്യദികൾ ദൈവത്തെ തള്ളിപ്പറയുന്ന സഹജീവികളുടെ ധർമ്മികതയ്ക്കു ചിന്തനമോർത്തവർ കണ്ടു തപ്പെടുന്നു. സന്ധ്യാനാമം ജപിക്കാത്ത കോജെജുവിദ്യാർത്ഥ (നി)യോട് അമ്മ പറയുമ്പോൾ, "നോക്ക ഞോ, ദൈവകോപം വരുത്തിവെച്ചിട്ട് പിന്നെ കരഞ്ഞിട്ട് കാര്യമില്ല."

മകൻ(ൾ) പരീക്ഷയിൽ ജയിക്കുന്നതിനേക്കാൾ പ്രധാനം, ദൈവം സൂത്രക്കാപ്പ ഉന്നതരുണ്ട്.

കെ. കെ. അപ്പുക്കുട്ടൻ,
കാർവാർ, മൈസൂർ.

നമ്മെ പുതുതായി എന്തുപഠിപ്പിച്ചു

ക്രിസ്തുവിനെയും ശ്രീബുദ്ധനെയും നാം ഭഗവാൻ എന്നു വിളിക്കുന്നു. കാരണം ലോകത്തിനു സ്നേഹത്തിൻെറയും സഹിഷ്ണുതയുടെയും പുതിയ പ്രമാണങ്ങൾ അവർ കൊണ്ടുവന്നു. ശ്രീകൃഷ്ണൻ കർമ്മയോഗത്തെപ്പററി നമ്മെ പഠിപ്പിക്കുന്നു. എന്നാൽ ശ്രീ ബാബ നമ്മേ, ഈ ലോകത്തെ പുതിയതായി എന്തുപഠിപ്പിച്ചു.

—കാ. ഡി. ജോസഫ്, നാട്ടുകൽ.

മാജിക്കല്ലെന്നു് തെളിയിക്കാമെങ്കിൽ

"ബാബ" ചെയ്തുകാണിക്കുന്ന വിദ്യകൾ നൂറിൽ നൂറും തട്ടിപ്പാണെന്ന് ഞാൻ കരുതുന്നു. ദൈവികശക്തികൊണ്ട് എന്തും കാണിക്കാമെങ്കിൽ, എന്തുകൊണ്ട് അദ്ദേഹം പരിശോധനയ്ക്ക് സമ്മതിക്കുന്നില്ല? ബാബ കാണിക്കുന്നത് മാജിക്കല്ലെന്നു തെളിയിക്കാമെങ്കിൽ ഞാനെൻെറ ഉദ്യോഗവും രാജിവച്ച് ഈശ്വരവിശ്വാസിയായി ബാബയുടെ ശിഷ്യനായിക്കൊള്ളാം.

—ആൻറണി അറക്കൽ
(മജിഷ്യൻ)

ബാബായുടെ ജീവിതദർശനം എന്താണ്?

മന്ത്രിമാർക്കും, പ്രമുഖരായ മററാരാധകർക്കും സുവർണ്ണമാലകളും, സാധാരണ ഭക്തന്മാർക്കു "ചാരവും" നൽകുന്ന ബാബയുടെ ദിവ്യത്വം എന്തെന്നു മനസ്സിലാകുന്നില്ല. ശ്രീതോഷ്ണ ക്രമീകൃതമായ പള്ളിമേടകളിൽ, പട്ടുമെത്തയിൽ ഉപവിഷ്ടനായി, ഏററവും നല്ല ആഹാരപദാർത്ഥങ്ങൾമാത്രം ഭക്ഷിച്ച് ജീവിക്കുന്ന ബാബയുടെ ജീവിതദർശനം എന്താണ്? നൃത്തഭേദത്തിലും, പട്ടിണിയിലും കഴിയുന്ന ആയിരമായിരം അശരണർക്ക് ഒരുനേരത്തെ ആഹാരം കൊടുക്കുവാൻ ശ്രീ ബാബായ്ക്ക് എന്തുകൊണ്ടു കഴിയുന്നില്ല? സ്വതന്ത്രബുദ്ധിയും ചിന്തിക്കുന്ന ഏതൊരാളവനും ഉണ്ടായേക്കാവുന്ന സംശയങ്ങളാണിവ.

—ശിവൻ, മാലക്കര.

—0—

മനുഷ്യനോ യന്ത്രമോ?

(12-ൽനിന്നും തുടർച്ച)

ടെ ഗണനീയമായ ഒരു ചവിട്ടുപടിക്കുമിനാം കയറിയിരിക്കുന്നു എന്നാണ് ഇതു കാണിക്കുന്നത്. അതുവഴി ജനലക്ഷണങ്ങൾക്ക് സർഗാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാധിച്ചു. അങ്ങിനെ സമഗ്രാത്മകപ്രവർത്തനങ്ങൾ ഒരു പിടി ആൾക്കാരുടെ കുത്തകയല്ലാതാക്കി മാററുവാനും സാധിക്കും. ഗ്രന്ഥസ്വന്തക്കൾ എഞ്ചിനീയറന്മാരും, ശാസ്ത്രജ്ഞന്മാരും ആകുവാൻ ഇതുവഴി സാധിക്കും. ശരിയായ സാമ്പത്തിക സമത്വമില്ലാത്ത മുതലാളിത്തസമ്പ്രദായങ്ങളിൽ കാട്ടുമേഷൻ ഒരു വശത്ത് അനേകം പേരെ തൊഴിൽരഹിതരാക്കുമ്പോൾ മറുവശം അനുയോജ്യമായ അപേക്ഷകരില്ലാതെ ജോലി ഒഴിവുകൾ ചെയ്തുകിടക്കുന്നു. കുടുംബകാര്യത്തിലെന്നപോലെ ആസൂത്രിതസമ്പദ്ഘടനയുടെ ജനിവാർഷികമാണ് കാട്ടുമേഷൻ എന്നു പറയുന്നതും. ഇങ്ങനെയുള്ള വ്യവസ്ഥിതിയിൽ യന്ത്രകമനുഷ്യൻ മനുഷ്യൻെറ, അന്തസമണ്ഡലാവവും മികച്ച ശേഷിയും ഉള്ള അടിമയായിരിക്കും.

—0—

അനുകരണങ്ങൾ ശ്രദ്ധിക്കുക

ആത്രേയാശ്രമം കൈതമുക്ക്, തിരുവനന്തപുരം.

കായത്തിരുമേനി എണ്ണ

തലയ്ക്കുററ ക്ഷതം, മാറാത്ത തലവേദന, തുടർച്ചയായ ജലദോഷം, തുമ്മൽ, മണ്ടയിൽനിന്നു് കഫം ഇറങ്ങിക്കൊണ്ടിരിക്കുക, പീനസം, ശ്വാസദുർഗന്ധം, ഒരെണ്ണയും പിടിക്കാത്ത, ചെവിമുഴക്കം, ചെവിയിൽനിന്നും നീരും പഴുപ്പും ഒലിക്കുക, ഊനിൽനിന്നും രക്തവും പഴുപ്പും വരിക, പല്ലുകൾക്ക് ബലക്ഷയം, ടോൺസിൽസ് തുടങ്ങിയ രോഗങ്ങൾക്ക് തലയിൽ തേച്ചു കുളിക്കുക.

300 ML. കുപ്പിക്ക് രൂപാ 15-60. 7 രൂപാ മുൻകൂർ അയയ്ക്കുക.

തലയില്ലാത്ത മനുഷ്യൻ—20 —സോമനാഥൻ